032:2M74:11
F8

74:11 F8
MBURAN.
nchakam
MUL
050767

Madras University Library.

Date Label.

Ac. No. 50767. Cl. No. ~~032~~ 032:2M74:11 F8

This book should be returned on or before the date last marked below.

F. 870—2-'27.

13 JUL 1929
15 SEP 1929
17 APR. 1930
17 AUG. 1930
20 DEC. 1930
11 MAY 1931
20 SEP. 1931
16 JAN. 1932
26 DEC. 1932
12 JULY 1936
23 JULY 1936
2 FEB 1941
22 FEB 1946
14 DEC 1946
5 MAR 1949
14 JAN 1950
3 JAN 1951
31 MAR 1951
29 SEP 1951
27 OCT 1951
18 JAN 1960
27 APR 1962

Prasthanapanchakam

# പ്രസ്ഥാനപഞ്ചകം

രാമവർമ്മ അപ്പൻതമ്പുരാൻ.

Appan Thampuran

UNIVERSITY LIBRARY
23 MAR. 19 9
MADRAS

പകൽപ്രകാശം

ഒന്നാം പതിപ്പ് പ്രതി 1000

യോഗക്ഷേമം കമ്പനി ക്ലിപ്തം

മംഗളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ.

1103

50767

032:2M74:11

F8

# വിഷയവിവരം.

---


| | | |
|---|---|---|
| I | പ്രഹസനപ്രമേയങ്ങൾ | ഭാഗം |
| | 1. കമ്മവിപാകം | 1_34 |
| | 2. വാസനാവിജയം | 35_73 |
| II | പ്രകടപ്രസംഗങ്ങൾ | |
| | 1. സഭാപ്രവേശം | 74_78 |
| | 2. വർഗ്ഗമത്സരം | 78_82 |
| | 3. ഐകമത്യം | 82_86 |
| III | ആഖ്യാനകം | |
| | 1. കാര്യം ജയിച്ചു | 87_91 |
| | 2. പിടികിട്ടി | 91_96 |
| IV | ഭക്തിഭാവനം | |
| | 1. ഒരു ഗണപതി | 97_107 |
| | 2. ഭജനത്തിൽനിന്നു കടനത്തിലേക്കു | 108_113 |
| V | കഥനാത്മകം | |
| | നാളികേരം | 114_127 |

# ശുദ്ധിപത്രം.

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 13 | 12 | കുന്തിക്കുമാരി | കുന്തികുമാരി |
| | 15 | നീളപ്പോ | നീളാപ്പോ |
| | | ബഴക്കം | ബഴസ്കം |
| 18 | 14 | കൂടാണ്ടേ | കൂടാണ്ടു |
| 19 | 3 | Lingless | Singles. |
| 23 | 12 | യെറക്കി | യിറക്കി |
| 35 | 5 | പത്തെന്താ? | പത്തെന്താം, |
| 37 | 21 | സാഗരാ | സാഗര |
| 38 | 22 | കമിത്തി | കമഠത്തി |
| | 25 | റക്കാൻ | കറക്കാൻ |
| 41 | 18 | പാക്ക | പാക്കെ |
| 42 | 7 | വകയായി | വകയുമായി |
| 45 | 1 | പശ്ശു | പശ്ശു |
| | 5 | ലെന്താണർത്ഥം | ലെന്താന്നർത്ഥം |
| | 23 | ഏറെ | ഏട്ടേ |
| 91 | 5 | നാഥനായി | നാഥരായി |
| 94 | 20 | കാമാവലബ്ധി | കാമോപലബ്ധി |
| 96 | 6 | വലഞ്ഞിടൊല്ലേ | വളഞ്ഞിടൊല്ലേ |
| 98 | 13 | രണ്ടിക്കേണ്ടു | രക്ഷിക്കേണ്ടു |
| 108 | 17 | ആകാശം | ആകേശം |
| 116 | 18 | കൈകെയ്യോട | കൈകെയോട |

UNIVERSITY LIBRA[RY]
23 MAR, 19 9
MADRAS

സമൎപ്പണം

എന്റെ അമ്മക്കു്



കൊച്ചിക്കാവമ്മ തമ്പുരാൻ

(1026_1053)



കൊച്ചിക്കാവമ്മ തമ്പുരാന്റെ കുട്ടിക്കാലം.





മക്കൾ.

കുഞ്ഞിക്കാവമ്മ തമ്പുരാൻ (1045-1085)

കൊച്ചുണ്ണി തമ്പുരാൻ

കൊച്ചുണ്ണിതമ്പുരാൻ

കുഞ്ഞിക്കിടാവുതമ്പുരാൻ

അപ്പൻ തമ്പുരാൻ

കുഞ്ഞുണ്ണി തമ്പുരാൻ

(1049-1070)

UNIVERSITY LIBRA
MAR
MADRAS

[UN]IVERSITY LIBRA[RY]
23 MAR 1949
MADRAS

# ആമുഖം

ഇംഗ്ലീഷുഭാഷയുമായി സമ്പൎക്കം തുടങ്ങിയതിന്നുശേഷം, മലയാളഭാഷയിൽ ഇംഗ്ലീഷുസാഹിത്യത്തിൽനിന്നു പല തരം പ്രസ്ഥാനവിശേഷങ്ങളും സംക്രമിച്ചിട്ടുള്ളതിനാൽ, അവയേ സൂക്ഷ്മമായി പരിശോധിച്ചു വകതിരിക്കുകയും, അവയുടെ ഗുണദോഷങ്ങളെ നിരൂപണം ചെയ്തു്, അവ എത്രത്തോളം ഭാഷാഭിവൃദ്ധിക്കുപയോഗപ്പെട്ടന്നവയാണെന്നു കാണിക്കുകയും ചെയ്യുന്നതു് അത്യാവശ്യകമായിത്തീൎന്നിട്ടുണ്ടു്. "രസികരഞ്ജിനി"യുടെ ആരംഭകാലത്തു തന്നേ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ശ്രദ്ധ ഈ വിഷയത്തിൽ ഗാഢമായി പതിഞ്ഞിട്ടുള്ളതിന്റെ ഫലമായി, അദ്ദേഹം മലയാളസാഹിത്യത്തിൽ സാമാന്യമായി വ്യാപിച്ചു കിടക്കുന്ന നാനാരൂപങ്ങളായ വ്യവഹാരങ്ങളെ സശ്രദ്ധം പരിശോധിച്ചു ഭാഷയിൽ സംക്രമിച്ചിട്ടുള്ള വിദേശീയങ്ങളായ സാഹിത്യപ്രസ്ഥാനങ്ങളെ കണ്ടുപിടിക്കുകയും അവയെ നല്ല വണ്ണം തെളിയിച്ചു കാണിക്കുന്നതിനായി അവയുടെ മാതൃകയിൽ ചില പ്രബന്ധങ്ങൾ നിൎമ്മിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. മംഗളോദയം’, നവയുഗം’ ‘ഉണ്ണിനമ്പൂതിരി’ അരുണോദയം’ ആദിയായ മാസികഗ്രന്ഥങ്ങളിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള * ആ പ്രബന്ധങ്ങളേ സമുച്ച

* പ്രകൃതപ്രസംഗങ്ങളിൽ ‘ഐകമത്യം’ മുമ്പു പ്രസിദ്ധം ചെയ്തിട്ടില്ല. ഗ്രന്ഥകാരൻ.

യിച്ച പ്രത്യേകം പ്രസിദ്ധീകരിക്കുന്ന ഒരു പുസ്തകമാണ് ഈ നിരൂപണത്തിന്നു വിഷയമായ "പ്രസ്ഥാനപഞ്ചകം."

"പ്രസ്ഥാനപഞ്ചകം" എന്ന ഗ്രന്ഥസംജ്ഞകൊണ്ടു തന്നേ ഇതിൽ അഞ്ചു തരം പ്രസ്ഥാനങ്ങളിലുള്ള കൃതികളാണ് അടങ്ങിയിട്ടുള്ളതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. (1) പ്രഹസനപ്രമേയം, (Problem play) (2) പ്രകടപ്രസംഗം, (Elocution) (3) ആധ്യാനകം, (Meditative) (4) ഭക്തിഭാവനം, (Devotional) (5) കഥനാത്മകം (Narrative) എന്നിങ്ങനെ അഞ്ചു രീതിയിലുള്ള ഗദ്യപദ്യപ്രബന്ധങ്ങൾ ഇതിലുണ്ട്. ഈ അഞ്ചു പ്രസ്ഥാനങ്ങളും നമ്മുടെ ഭാഷയിൽ രൂഢമൂലമായിക്കഴിഞ്ഞിട്ടു കുറച്ചു കാലമായി എങ്കിലും അവയുടെ സ്വരൂപസ്വഭാവാദികളെ സൂക്ഷ്മമായറിയുകയും, അവയുടെ വളൎച്ചയേ ഉററുനോക്കുകയും ചെയ്തിട്ടുള്ളവർ അധികമുണ്ടോ എന്നു സംശയമാണ്. അതിനാൽ ഈ അഞ്ചു പ്രസ്ഥാനങ്ങളേയും വെവ്വേറെ വിവരിക്കുകയും, അവയിൽ ഉൾപ്പെടുന്ന അതാതു പ്രബന്ധങ്ങളേ ചൂണ്ടിക്കാണിച്ചു നിരൂപിക്കുകയും ചെയ്യുന്നതു് അത്യാവശ്യമാണെന്നു വിചാരിക്കുന്നു.

സാഹിത്യത്തിൻെറ സാമാന്യമായ പ്രയോജനം ആനന്ദപ്രദാനപൂൎവ്വകമായ കൃത്യാകൃത്യോപദേശമാണല്ലോ. രുചിഭേദം, പാത്രഭേദം, വൈചിത്ര്യവാഞ്ഛ മുതലായ കാരണങ്ങളാൽ സാഹിത്യകാരന്മാർ ഈ പ്രയോജനത്തേ നിൎവ്വഹിക്കുന്നതിന്നു ഭിന്നഭിന്നങ്ങളായ വിചിത്രമാൎഗ്ഗങ്ങളേ സ്വീകരിക്കുവാൻ പ്രേരിതരായിത്തീരുന്നു. ഇതിൻെറ

ഫലമായിട്ടാണു സാഹിത്യത്തിൽ, ഖണ്ഡകാവ്യം, മഹാകാവ്യം, നാടകം, നോവൽ, എന്നിങ്ങനെ പലതരം പ്രസ്ഥാനവിശേഷങ്ങൾ ഉണ്ടായിട്ടുള്ളതു്. നിരൂപണവിഷയമായ "പ്രസ്ഥാനപഞ്ചക"ത്തിൽ ഉൾപ്പെട്ട വിഷയങ്ങളെല്ലാം അങ്ങനെ സാഹിത്യത്തിലുണ്ടാകുന്ന വിഭിന്നങ്ങളായ വിവിധമാൎഗ്ഗങ്ങളെ പ്രത്യക്ഷപ്പെടുത്തുന്ന ഓരോ പ്രസ്ഥാനങ്ങളാണെന്നും, സാഹിത്യത്തിന്റെ സാമാന്യപ്രയോജനത്തെസ്സംബന്ധിച്ചിടത്തോളം അവക്കെല്ലാം ഐകരൂപ്യം ഉണ്ടെങ്കിലും, ഓരോന്നിനും ഓരോ പ്രത്യേകോദ്ദേശ്യവുംകൂടിയുണ്ടെന്നും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

'പ്രസ്ഥാനപഞ്ചക'ത്തിലെ പ്രഥമവിഷയമായ "പ്രഹസനപ്രമേയം" എന്നതു രൂപകവൎഗ്ഗത്തിൽപ്പെട്ട ഒരു അവാന്തരഭേദമാകുന്നു. ഹാസ്യരസപ്രധാനങ്ങളായ നാട്യപ്രബന്ധങ്ങൾക്കാണല്ലോ പ്രഹസനം എന്നു പേർ പറയുന്നതു്. രാഷ്ട്രീയമായോ, സാമുദായികമായോ, മതസംബന്ധിയായോ ഉള്ള അതിപ്രധാനമായ ഏതെങ്കിലും ഒരു പ്രമേയം അല്ലെങ്കിൽ വിഷയം ഉള്ളിൽ വെച്ചുകൊണ്ടു് അതിന്റെ ഗുണദോഷങ്ങൾ ശരിക്കു വെളിപ്പെടത്തക്കവണ്ണം കഥാവസ്തുവിനെ വൎണ്ണിച്ചുകൊണ്ടുപോകുന്ന ഹാസ്യരസപ്രധാനമായ പ്രഹസനത്തെ പ്രഹസനപ്രമേയം എന്നു പറയുന്നു*. ഒരു പ്രഹസനപ്രമേയം വായിക്കുക

---

* കേവലവ്യാവഹാരികവിഷയങ്ങളെ ലഘൂകരിച്ചു ഹാസ്യരസപ്രധാനമായി രചിക്കുന്ന ശബ്ദരൂപകങ്ങൾക്കു 'പ്രഹസനങ്ങ'ളെന്നും അത്യുച്ചാവച പ്രാപഞ്ചികങ്ങളായ തത്വങ്ങളെ പരാമർശിക്കുന്നവക്കു 'പ്രഹസനപ്രമേയങ്ങ'ളെന്നും ഉള്ള വ്യത്യാസം വിവക്ഷിച്ചുകൊണ്ടാണു 'പ്രഹസനപ്രമേയങ്ങൾ' എന്ന ജാതിനാമം കവി കല്പിച്ചിട്ടുള്ളതു്. വിഷയങ്ങളുടെ ഗൌരവഭേദമാകുന്നു വിഭാജകധൎമ്മം.

ഗ്രന്ഥകാരൻ.

യോ അഭിനയിച്ചു കാണുകയോ ചെയ്യുമ്പോൾ അതിന്റെ കർത്താവു വിവക്ഷിച്ചിട്ടുള്ള പ്രമേയം എന്തെന്നു നമുക്കു വ്യക്തമായി വെളിപ്പെടത്തക്കവണ്ണം കഥാവസ്തുവിലും, കഥാപാത്രങ്ങളുടെ വ്യാപാരങ്ങളിലും ആ പ്രമേയം അനുസ്യൂതമായി പ്രതിഫലിച്ചിരിക്കണം—ഗ്രന്ഥകർത്താവ് ആ പ്രമേയത്തേയും അതിന്റെ ഗുണദോഷങ്ങളേയും കഥാരൂപേണ വെളിപ്പെടുത്തുന്നത് അതിനേപ്പറ്റിയുള്ള സ്വാഭിപ്രായങ്ങളേ കാണിച്ചുകൊണ്ടും അല്ലാതെയും ആകാവുന്നതാണ്. പാശ്ചാത്യസാഹിത്യങ്ങളിൽ ഇങ്ങനേ രണ്ടു തരത്തിലും ഉള്ള പ്രഹസനപ്രമേയങ്ങൾ ധാരാളമുണ്ട്. ഫ്രഞ്ചു സാഹിത്യകാരനായ മോളിയരുടെ 'പ്രോബ്ളംപ്ലെ' എന്നു പറയപ്പെടുന്ന പ്രഹസനപ്രമേയങ്ങൾ സുപ്രസിദ്ധങ്ങളായിട്ടുള്ളവയാണ്. ഇംഗ്ലീഷു സാഹിത്യത്തിലും നോവൽ രൂപേണയും പ്രഹസനരൂപേണയും ഈ ജാതിയിൽപ്പെട്ട കൃതികൾ വളരേയുണ്ടെന്നും, അവയിൽ ചിലത് ഇംഗ്ലീഷുകാരുടെ ഇടയിൽ വമ്പിച്ച പ്രക്ഷോഭവും പരിവർത്തനവും ഉണ്ടാക്കിയിട്ടുണ്ടെന്നും ഇംഗ്ലീഷുസാഹിത്യചരിത്രം വായിച്ചിട്ടുള്ളവരോടു വിശേഷിച്ചു പറയേണമെന്നില്ലല്ലോ. മലയാളത്തിൽ ഇദംപ്രഥമമായി ഈ മാതൃകയിൽ ഉണ്ടായിട്ടുള്ള ഒരു കൃതി പുണ്യശ്ലോകനായ സി. വി. രാമൻപിള്ള അവർകളുടെ "കുറുപ്പില്ലാക്കളരി" ആണെന്നാണ് എന്റെ ധാരണ—പാശ്ചാത്യപരിഷ്കാരം കൈപിടിച്ചുയർത്തിയിട്ടുള്ള ഉച്ഛൃംഖലമായ സ്ത്രീനായകത്വത്തേയും നിരങ്കുശമായ സ്ത്രീസ്വാതന്ത്ര്യത്തേയും അപഹസിച്ചുംകൊണ്ടെഴുതിയിട്ടുള്ളതാകയാൽ

“കുറുപ്പില്ലാക്കളരി” ഒരു പ്രഹസനപ്രമേയമാണെന്നു പറയാവുന്നതാണു്. ‘പ്രസ്ഥാനപഞ്ചക’ത്തിൽ ആദ്യം ചേർത്തിട്ടുള്ള ‘കർമ്മവിപാക’വും, ‘വാസനാവിജയ’വും മേല്പറഞ്ഞ ‘പ്രഹസനപ്രമേയ’പ്രസ്ഥാനത്തിന്നു് ഉത്തമോദാഹരണങ്ങളായിരിക്കുന്ന രണ്ടു കൃതികളാകുന്നു. ഇവയിൽ ഒന്നാമത്തേതായ ‘കർമ്മവിപാകം’ ‘സ്വധർമ്മനിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ’ എന്നും, “അത്യുൽക്കടൈഃ പുണ്യപാപൈരിഹൈവ ഫലമശ്നുതേ” എന്നുമുള്ള തത്വങ്ങളെ സരസമായി അനുഭവപ്പെടുത്തുന്ന ഒരു പ്രഹസനപ്രമേയമാണു്. ദാരിദ്ര്യമർദ്ദിതരായിട്ടും സ്വധർമ്മത്തിൽനിന്നു തെററാതേ സത്യധർമ്മങ്ങൾക്കനുസരണമായി ജീവിതം നയിച്ചു് ഒടുവിൽ സമ്പത്തും സൌഖ്യവും പ്രാപിക്കുന്ന പാറു, അയ്യപ്പൻ, ശങ്കുനായർ എന്നീ ഗ്രാമീണകഥാപാത്രങ്ങളുടെ ചരിത്രംകൊണ്ടു “സ്വധർമ്മനിഷ്ഠയാണു ശ്രേയസ്കരമായിട്ടുള്ളതെന്നും”, സ്വധർമ്മം കൈവിട്ടു പാശ്ചാത്യധർമ്മങ്ങളെ സ്വീകരിച്ചു യൂറോപ്യൻ ചാപല്യങ്ങളെ അനുകരിച്ചു് ഒടുക്കം സർവ്വസ്വവും നശിച്ചു ‘ദിപാളി കുളിച്ചു’ പോകുന്നവരായ ഹേമന്തകുമാരി, വക്കീൽ ദാമോദരൻനായർ, മകൻ കുട്ടിക്കൃഷ്ണൻനായർ എന്നീ നാഗരികപാത്രങ്ങളുടെ കഥകൊണ്ടു പരധർമ്മപരിഗ്രഹം ആപൽക്കരമായിട്ടുള്ളതാണെന്നും ഉള്ള തത്വങ്ങൾ വെളിപ്പെടുന്നു “അത്യുൽക്കടൈഃ പുണ്യപാപൈരിഹൈവ ഫലമശ്നുതേ” (അതിരില്ലാത്ത നിലയിൽ ചെയ്യുന്ന പുണ്യപാപങ്ങളുടെ സുഖദുഃഖരൂപങ്ങളായ ഫലങ്ങൾ ഈ ജന്മത്തിൽത്തന്നേ അനുഭവിക്കുന്നതാ

ണ്) എന്ന വാക്യത്തിൻെറ ആശയത്തേ ഈ പ്രഹസന ത്തിൽ, ധമ്മത്തിനും അധമ്മത്തിനും മാതൃകകളായി വ ൎണ്ണിച്ചിട്ടുള്ള അതാതു കഥാപാത്രങ്ങളുടെ ജീവിതാനുഭവ ങ്ങൾ കൊണ്ടു ഭംഗിയായി വെളിപ്പെടുത്തിയിട്ടുള്ള പ്രഹ സനകത്താവിൻെറ സാഹിത്യകുശലത സൎവ്വാത്മനാ പ്ര ശംസനീയമായിരിക്കുന്നുണ്ട്.

"വാസനാവിജയം" എന്ന രണ്ടാമത്തേ പ്രബന്ധം ഇതിൻെറ തന്നെ ഒരു വ്യതിരേകദൃഷ്ടാന്തമാണ്. ഇതി ലെ നായകനായ 'ബാലൻ' വാസനാജന്യമായ സദുദ്ദേശ ത്തിൻെറ പ്രേരണയാൽ നല്ല കാൎയ്യങ്ങൾ ചെയ്യുന്നതി നായി പുറപ്പെടുകയും, തൻെറ സദുദ്ദേശത്തെ സാധിക്കു വാൻ ചീത്തമാൎഗ്ഗങ്ങളെ കൈക്കൊള്ളുകയും ചെയ്യുന്നു; സദുദ്ദേശത്തെ ലക്ഷ്യമാക്കിയിട്ടാണെങ്കിലും അവിവേക ത്താൽ, അപഥസഞ്ചാരം ചെയ്യുന്ന ആയാൾക്ക് അതു മൂലം ആദ്യത്തിൽ വന്നുകൂടിയ ആപത്തുകളും, അവസാ നത്തിൽ ഉണ്ടായ വിജയവും ഹൃദയംഗമമായ വിധ ത്തിൽ വൎണ്ണിച്ചു, പ്രബന്ധകത്താവു, വാസനയാണു കമ്മ ത്തേക്കാൾ ശരീയസ്സായിട്ടുള്ളതെന്നും, ഉദ്ദേശമാണു കമ്മ ത്തിൻെറ പരിണാമത്തേ നിയന്ത്രണം ചെയ്യുന്നതെന്നുമു ള്ള തത്വങ്ങളേ സ്പഷ്ടമായി വെളിപ്പെടുത്തുന്നു—ബാ ലൻ' തൻെറ സദുദ്ദേശങ്ങൾ സാധിക്കുന്നതിനുള്ള തീക്ഷ്ണ മായ സംരംഭത്തിന്നിടയിൽ അതിലേയ്ക്കു താനുപയോഗി ക്കുന്ന മാൎഗ്ഗങ്ങളുടെ ഗുണദോഷങ്ങളേക്കുറിച്ചു ലേശവും ചി ന്തിക്കുന്നില്ല. സദുദ്ദേശത്തോടുകൂടിയ അപഥസഞ്ചാരത്തി ന്നിടയിലുണ്ടായ ആപത്തിൽപെട്ടു വലഞ്ഞ 'ബാല'ന്നു

സിദ്ധാശ്രമവാസികളായ താപസന്മാരുടെ കരുണാമസൃണമായ സാഹായ്യം സിദ്ധിച്ചതും ഗുരുകുലവാസത്തിനിടയിൽ അഭീഷ്ടസിദ്ധി ഉണ്ടായതും ആയാളുടെ വാസനയുടെയും ഉദ്ദേശത്തിൻെറയും സംശുദ്ധികൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ല. വാസനായും കമ്മവും, നന്മയും തിന്മയും, സുഖവും ദുഃഖവും തമ്മിൽപ്പിണഞ്ഞു കെട്ടിമറിഞ്ഞു കിടക്കുന്ന സ്ഥിതിയേ ഗ്രന്ഥകത്താവു് എത്രയും സൂക്ഷ്മമായി ഗ്രഹിച്ചു വിശദമായ് തൻെറ കൃതിയിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. കമ്മവിപാകവും വാസനാവിജയവും ഇന്നത്തേ കേരളീയരേ, അവരുടെ ജിവിതത്തെ സ്സശിച്ചുനില്ക്കുന്ന ഗുരുതരങ്ങളായ പല പ്രമേയങ്ങളേസ്സംബന്ധിച്ചും തൃപ്തികരമായ തീർമാനം ഉണ്ടാക്കുവാൻ സഹായിക്കുന്നുണ്ടെന്നു തന്നേ പറയാം.

'പ്രസ്ഥാനപഞ്ചക'ത്തിലെ രണ്ടാമത്തേ വിഷയമായ 'പ്രകടപ്രസംഗ'ത്തിൽപ്പെട്ട 'സഭാപ്രവേശം' 'വത്സരം' 'ഐകമത്യം' എന്നീ പ്രബന്ധങ്ങൾ 'ബക്ക്' മുതലായ പാശ്ചാത്യരാജ്യതന്ത്രധുരന്ധരന്മാരുടെ പ്രസംഗങ്ങളെ അനുസ്മരിപ്പിക്കുന്നവയാകുന്നു. പരപക്ഷഖണ്ഡനം, സ്വപക്ഷസ്ഥാപനം എന്നിവയിൽ ഉൽകടമായ ആവേശത്തോടുകൂടി വാദപ്രതിവാദമഗ്നരായ പ്രാസംഗികന്മാർ ചെയ്യുന്ന വാചാടോപമാണു പ്രകടപ്രസംഗം എന്നു പറയപ്പെടുന്നതു്. പാർല്ലിമെൻറു മെമ്പർമ്മാർ, പ്രചാരവേലക്കാർ (Propagandists) മുതലായ കൂട്ടർ വാശിയോടും ആവേശത്തോടും ഊക്കോടും ആടോപത്തോടുംകൂടി ചെയ്യാറുള്ള പ്രസംഗങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. ബ

ക്കിൻെറയും സുരേന്ദ്രനാഥബാനർജ്ജിയുടേയും പ്രസിദ്ധങ്ങളായ പ്രകടപ്രസംഗങ്ങൾ അച്ചടിച്ചിട്ടുള്ളതു വായിച്ചിട്ടുള്ളവരോട് അത്തരം പ്രസംഗങ്ങൾക്കു സാഹിത്യദൃഷ്ട്യാ നോക്കുമ്പോൾ കാണുന്ന വിലയേപ്പററി വിശേഷിച്ചൊന്നും പറയേണ്ട ആവശ്യമില്ല. പണ്ടത്തേ കാലത്തു കേരളത്തിലെ രാജാക്കന്മാർ പുറപ്പെടുവിച്ചിരുന്ന രാജകീയവിളംബരങ്ങൾ, 'സംഘക്കളി'യിൽ ചൊല്ലാറുള്ള 'നീട്ടുകൾ' എന്നിവയ്ക്കു് ഈ പ്രകടപ്രസംഗങ്ങളുടെ ഛായ ധാരാളമുണ്ടു്. ഭാഷയുടെ ശക്തി, ഓജസ്സു്, പദബന്ധത്തിൻെറ ഉദ്ധതത്വം, പ്രാസത്തിൻെറ ബഹുലത, വാക്യങ്ങളുടെ ദൈൎഘ്യം, പ്രധാനസംഗതികളുടെ ആമ്രേഡനം (ആവൎത്തിച്ചുള്ള പറയൽ) എന്നിവയാണു പ്രകടപ്രസംഗങ്ങളുടെ പ്രത്യേകതകൾ. ഇതിൽ ചേൎത്തിട്ടുള്ള മൂന്നു പ്രസംഗങ്ങളിലും ഈ ധൎമ്മങ്ങൾ ചേൎന്നു നില്ക്കുന്നുണ്ടെന്നു കാണാം.

മൂന്നാമത്തേതായ ആധ്യാനകം എന്ന പ്രസ്ഥാനത്തിൻെറ സ്വരൂപമാണു് ഇതിനുപരി നിരൂപണം ചെയ്യേണ്ടിയിരിക്കുന്നതു്. ഈശ്വരധ്യാനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു തത്വജ്ഞാനി എങ്ങനെ ലോകതത്വത്തേയും ആധ്യാത്മികവിഷയങ്ങളേയും കുറിച്ചു ചിന്തചെയ്യുമോ അങ്ങനേ ചിന്തിച്ചുകൊണ്ടു കവി രചിക്കുന്ന കവനങ്ങൾക്കാണു് 'ആധ്യാനകപദ്യങ്ങൾ' (Meditative Poems) എന്നു പേർ പറയുന്നതു്. ആധ്യാനകപദ്യകൎത്താവിൻെറ നില തത്വജ്ഞാനിയായ ഒരു യോഗീന്ദ്രൻെറതു പോലെ

യാകയാൽ അദ്ദേഹത്തിൻെറ ചിന്തകളും, അവയുടെ പടിപടിയായുള്ള കയററവും. പരസ്പരബന്ധവും സാധാരണന്മാക്ക് സുഗ്രഹങ്ങളായിരിക്കുന്നതല്ല. മഹാകവി രവീന്ദ്രനാഥടാഗോറിൻെറ കവിതകൾ വായിക്കുന്ന പലരും 'ആശയം മനസ്സിലാകുന്നില്ല' എന്ന് ആവലാതിപ്പെടാറുണ്ടല്ലോ. സാധാരണ കവിതകൾ വായിക്കുന്ന രീതിയിൽ ടാഗോർ കവിതകൾ വായിക്കുന്നതുകൊണ്ടാണ് അവയുടെ ആശയം മനസ്സിലാവാതേ വരുന്നത്.—സത്യാന്വേഷണം ചെയ്യുന്ന ഒരു തത്വചിന്തകൻെറ ആശയങ്ങളെയാണ ടാഗോർ കവിതകൾ ആവിഷ്കരിക്കുന്നതെന്നു ബോധിച്ച്, ആ വഴിക്ക് അവയേ അനുവാചനം ചെയ്യുന്ന പക്ഷം കവിയുടെ വിവക്ഷ എന്തെന്നു കരതലാമലകംപോലെ സുവ്യക്തമാകുന്നതാണ്.

ആധ്യാത്മകകവിതയുടെ മാതൃക ഉള്ളിൽവെച്ചുംകൊണ്ട് അപ്പൻതമ്പുരാൻ അവർകൾ എഴുതിയിട്ടുള്ള കൃതികളിൽ പ്രധാനപ്പെട്ടവ "കാഷ്ഠം ജയിച്ചു", "പിടികിട്ടി" എന്നിത്യാദികളാകുന്നു. ഈശ്വരചിന്തയിൽ ഏപ്പെടുന്ന ചിത്തം, 'ഏക സംബന്ധിജ്ഞാനമപരസംബന്ധിസ്മാരകം' എന്ന ചൊല്ലനുസരിച്ച് ഒരു സംഗതിയിൽനിന്ന്, അതിനോടു സംബന്ധപ്പെട്ട മറെറാരു സംഗതിയിലേയ്ക്കും, അതിൽനിന്നു വേറൊന്നിലേയ്ക്കും എന്നിപ്രകാരം ചംക്രമണം ചെയ്തു കൊണ്ടിരിക്കുന്ന അവസ്ഥയും, ആ സ്ഥിതിയിൽ പരസ്പരവിരുദ്ധങ്ങളായി ഉദിക്കുന്ന വിചാരങ്ങളും, ക്രമേണ ചഞ്ചലമായ ചിത്തത്തിനു

ണ്ടാകുന്ന കേന്ദ്രസ്ഥിരതയും ആണ് ഈ പദ്യകൃതികളിൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നത്— "ചതുർവ്വിധാ ഭജന്തേ മാം ജനാഃ സുകൃതിനോർജ്ജുന! ആർത്തോജിജ്ഞാസുര ത്ഥാർത്ഥി ജ്ഞാനീ ച ഭരതർഷഭ!" എന്നിങ്ങനേ ഭഗവൽ ഗീതയിൽ, ഭക്തൻ, രാജയോഗി, കർമ്മയോഗി, ജ്ഞാന യോഗി എന്ന നിലയിൽ പടിപടിയായി ഈശ്വരാന്വേ ഷ്ടാവിന്നുണ്ടാകുന്ന പരിണാമങ്ങളെ പറഞ്ഞിട്ടുണ്ടല്ലോ. ആ നാലു ദശകളും 'കാര്യം ജയിച്ചു' എന്ന കൃതിയിൽ വിചാരരൂപേണ വെളിപ്പെടുത്തിയിട്ടുണ്ട്— "പിടികി ട്ടി" എന്ന കൃതിയിൽ, "ചഞ്ചലം ഹിമനഃ കൃഷ്ണ പ്ര മാഥിബലവദ്ദൃഢം. തസ്യാഹം നിഗ്രഹം മന്യേ വായോ രിവസുദുഷ്കരം" എന്നിപ്രകാരം ഗീതയിൽ വർണ്ണിച്ചിട്ടുള്ള മനസ്സിൻെറ ചഞ്ചലതയേയും മനോനിഗ്രഹമാത്രസാ ധ്യമായ ഈശ്വരസ്വരൂപഗ്രഹണത്തേയും ആണ വിവ ക്ഷിച്ചിട്ടുള്ളത്.

ഇമ്മാതിരിയുള്ള ആദ്ധ്യാനകകവിതകൾ പരിഷ്കൃ തഭാഷാസാഹിത്യങ്ങളിലെല്ലാം സുലഭദർശനങ്ങളായിട്ടുള്ള വയാണ്—സാഹിത്യംജീവിതവിമർശമാകേണമെങ്കിൽഅ തിൽ ജീവിതത്തിൻെറ ബാഹ്യഭാഗം എന്നപോലെ ത ന്നെ ആഭ്യന്തരഭാഗവും ശരിക്കു പ്രതിഫലിച്ചിരിക്കേണ്ട താകുന്നു. ആദ്ധ്യാനകകവിതകൾ ജീവിതാന്തർഭാഗത്തു ന ടക്കുന്ന ആദ്ധ്യാത്മികയുദ്ധത്തിൻെറ പ്രതിധ്വനികളായി രിക്കുന്നതിനാൽ അവ സാഹിത്യത്തിൻെറ ജീവിത വിമർ ശനാംശത്തേസ്സംബന്ധിച്ചേടത്തോളം എത്രയും പ്രാധാന്യ

മുള്ളവയാണെന്നുള്ളതിനു സംശയമില്ല. നമ്മുടെ ഭാഷാകവികളുടെ ശ്രദ്ധ ഈ പ്രസ്ഥാനത്തിൽ ഗാഢമായി പതിയുമെന്നു വിശ്വസിക്കുന്നു.

നാലാമത്തെ പ്രസ്ഥാനമാണു 'ഭക്തിഭാവനം'—'ഭജനത്തിൽനിന്നു കദനത്തിലേയ്ക്കു,' 'ഗണപതി' എന്നീ പദ്യകൃതികളാണു 'ഭക്തിഭാവന'പ്രസ്ഥാനത്തേ ഉദാഹരിക്കുന്നതു്—സംസാരദുഃഖത്തിൽ മുഴുകിയ ഭക്തന്റെ കരുണമായ പ്രലാപവും, ഭക്തിപൂർവ്വകമായ പ്രാർത്ഥനയും ആണു് ഇവയിലേ വിഷയങ്ങൾ. ഈശ്വരസന്നിധിയിൽ സങ്കടം ഉണർത്തി, അതിൽനിന്നുള്ള മോചനത്തേയും ശ്രേയസ്സിനേയും അർത്ഥിക്കുന്ന ഭക്തന്റെ ദുഃഖവും ഭക്തിയും കലൎന്ന മനോവൃത്തിയാണു ഭക്തിഭാവജനകങ്ങളായ കവിതകളിൽ സ്ഥായിയായി സ്ഫുരിക്കുന്നതു്—ഈ ഭക്തിഭാവനപ്രസ്ഥാനത്തിന്റെ സംസ്കരിച്ച ഒരു രൂപമാണു് ഇംഗ്ലീഷിൽ 'മിസ്റ്റിക്കപോയട്രി' എന്നു പറയുന്നതു്. തൃഷ്ണയോടുകൂടി സത്യത്തേയും ഈശ്വരനേയും തിരഞ്ഞു നടക്കുന്ന ഭക്തന്റെ ചിത്തം ആത്മാവിൽ ആത്മാവിനെ (ഈശ്വരനേ) ദർശിക്കുകയും ആത്മാവുമായി ഒന്നിച്ചു ചേരുകയും ചെയ്യുന്ന ആ അവസ്ഥയ്ക്കു 'മിസ്റ്ററിസിസം' എന്നും, ആ അവസ്ഥയിൽ ഉണ്ടാകുന്ന വിവിധങ്ങളായ അനുഭവങ്ങളേ വികാരശബളമായ ഭാഷയിൽ പ്രകാശിപ്പിക്കുന്ന കവിതയ്ക്കു 'മിസ്റ്ററിക്കപോയട്രി' എന്നും പേരാകുന്നു. തമോഗുണത്തിന്റെ കരിനിഴലും രജോഗുണത്തിന്റെ കറയും തട്ടാത്ത സാത്വി

കമായ പ്രേമത്തിൻെറ നാനാത്രൂപത്തിലുള്ള അവസ്ഥക
ളാണു 'മിസ്ററിക്കപോയട്രി'യിൽ വൎണ്ണിക്കപ്പെടുന്നതു്.
കബീർ, രവീന്ദ്രനാഥടാഗോർ തുടങ്ങിയ കവീന്ദ്രന്മാരുടെ
കവിതകൾ അങ്ങനേയുള്ളവയാകുന്നു. മലയാളത്തിലി
പ്പോൾ ടാഗോർ പ്രസ്ഥാനത്തെ അനുകരിച്ചുംകൊണ്ടാ
ണെന്നുള്ള ഭാവത്തിൽ പലരും പുതിയ മട്ടിൽ കവിത
കൾ എഴുതുന്നുണ്ടെങ്കിലും ടാഗോർ പ്രസ്ഥാനത്തിൻെറ
ജീവനായ 'മിസ്റ്റിസിസ'ത്തിൻെറ സൂക്ഷ്മസ്വഭാവം മന
സ്സിലാക്കാത്തതുകൊണ്ടു അവരുടെ കവിതകൾ മിക്കവാ
റും അൎത്ഥശൂന്യങ്ങളും അഗ്രണങ്ങളുമായിട്ടാണു പരിണമി
ക്കുന്നതു്. സത്യം, സൌന്ദൎയ്യം, പ്രേമംഎന്നിവ ഒരേ ഒ
രു തത്വത്തിൻെറ തന്നെ ഓരോ രൂപാന്തരങ്ങളാണെ
ന്ന് അറിഞ്ഞു, ഈശ്വരനേയും പ്രകൃതിയേയും ജീവിത
ത്തേയും അവലോകനം ചെയ്യുന്ന മഹാകവി ടാഗോറി
ൻെറ കവിതകൾ അവയുടെ ആ ഐക്യത്തെയാണു
പ്രകാശിപ്പിക്കുന്നതു്. അതുകൊണ്ടു് ആ കവിതകളിൽ
'മിസ്ററിസിസം' എന്നപോലെ തന്നെ 'സിംബോളി
സ'വും പ്രത്യേകധൎമ്മമായി വിളയാടുന്നു.—അപ്രസ്തുത
പ്രശംസയുടേയും രൂപകാലങ്കാരത്തിൻേറയും രൂപത്തിൽ,
വൎണ്ണ്യവസ്തുക്കളെ സത്യസൌന്ദൎയ്യങ്ങളുടെ നിയമങ്ങൾ
ക്കു യോജിച്ച വിധത്തിൽ അപ്രകൃതങ്ങളായ സദൃശവ
സ്തുക്കൾമുഖേന വെളിപ്പെടുത്തുന്ന രീതിക്കാണു 'സിം
ബോളിസം'എന്നു പേർ പറയുന്നതു്. പ്രതിബിംബം
കൊണ്ടു ബിംബത്തേയും പ്രതിമകൊണ്ടു സാക്ഷാൽ വസ്തു
വിനേയും, ലിംഗം (അടയാളം) കൊണ്ടു ലിംഗി (അട

യാളമുള്ള വസ്തു)വേയും പറയുന്ന സമ്പ്രദായംതന്നെ സിം ബോളിസം. മിസ്ററിസിസവും സിംബോളിസവും നിറഞ്ഞ ടാഗോറിൻെറ കവിതകൾ പ്രേമത്തോ സത്യസൌന്ദൎയ്യങ്ങളോടു സംഘടിപ്പിച്ചു കാണിക്കുന്നു. ഈ വസ്തുത മനസ്സിലാക്കാതെ ടാഗോർ കവിതകളെ അവബോധിക്കുവാനും അനുകരിക്കുവാനും സാധിക്കാത്തതിനാലാണ ടാഗോർ പ്രസ്ഥാനത്തിൽ പരിശ്രമിക്കുന്ന പലരും പരാജയം പററിപ്പോവുന്നത്.

'ഭക്തി ഭാവനം' എന്ന പ്രസ്ഥാനത്തിൽ, ഭക്തിയുടെ 'ഗൌണാ'വസ്ഥയിലും, 'പരാവസ്ഥയിലും' ഉള്ള ഭക്തൻെറ ചിത്തവൃത്തികളേ പ്രകാശിപ്പിക്കുന്ന രണ്ടുതരം കവിതകളേയും ഉൾപ്പെടുത്താവുന്നതാണ്. ഗൌണഭക്തിപ്രധാനങ്ങളും പരഭക്തിപ്രധാനങ്ങളുമായ രണ്ടു വിധം കവിതകളും നമ്മുടെ ഭാഷയിൽ ധാരാളമുണ്ടാകേണ്ടതാണെന്നുള്ള ആശയത്തോടുകൂടിയാണ 'പ്രസ്ഥാനപഞ്ചക'ത്തിൻെറ കത്താവു, അതിൽ ഭിങ്മാത്രപ്രദശ്നം ചെയ്തിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു.

'കഥനാത്മക'പദ്യപ്രസ്ഥാനം എന്നാലെന്താണെന്നാണു ഒടുവിൽ ചിന്തിക്കുവാനുള്ളത്. ശ്രവ്യകാവ്യം ദൃശ്യകാവ്യം എന്നിവയെല്ലാം കഥാമയങ്ങളാണെങ്കിലും അവയിലുള്ള കഥാഭാഗം കവിതയ്ക്കു ഉപസജ്ജനീഭവിച്ചിരിക്കുന്നതിനാൽ അവയെ കഥനാത്മകപദ്യങ്ങൾ എന്നു പറയുന്നില്ല. ശാസ്ത്രങ്ങളിലും പുരാണങ്ങളിലും ചില തത്വങ്ങളുടെയോ വിഷയങ്ങളുടെയോ മഹത്വ

വും പ്രാധാന്യവും വെളിപ്പെടുത്തുവാൻവേണ്ടി അതിന്നു യോജിച്ച 'അൎത്ഥവാദ'രൂപങ്ങളായ കഥകൾ കെട്ടിച്ചമച്ച് അതുകൾ വഴിയായി വിവക്ഷിതം വിശദീകരിക്കുന്ന സമ്പ്രദായം സാധാരണമായിട്ടുള്ളതാണല്ലോ. ആ സമ്പ്രദായത്തെ അനുകരിച്ച മനോധൎമ്മശാലികളായ സാഹിത്യകാരന്മാർ ലൌകികങ്ങളായ വസ്തുക്കളെ വിഷയീകരിച്ച, അവയുടെ പ്രയോജനത്തേയും പ്രാധാന്യത്തേയും സമൎത്ഥിക്കത്തക്ക നിലയിൽ കഥാകഥനം ചെയ്യുന്ന ഒരു തരം പദ്യപ്രബന്ധങ്ങളെയാണു 'കഥനാത്മകങ്ങൾ' എന്നു പറയുന്നത്. ഈ പുസ്തകത്തിൽ ചേൎത്തിട്ടുള്ള "നാളികേരം" എന്ന പദ്യകൃതി ഈ കഥനാത്മകപദ്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ടതാണ്. തെങ്ങിൻേറയും തേങ്ങയുടേയും ഉപയോഗവും പ്രാധാന്യവും കാണിക്കുന്നതിനായി കേരവൃക്ഷത്തിൻെറ ആഗമത്തേപ്പററി പദ്യരൂപത്തിൽ ഒരു കെട്ടുകഥ ചമച്ചിരിക്കുകയാണ്. കേരളരാജാവിന്നു ദേവേന്ദ്രൻ കൊടുത്ത കല്പകവൃക്ഷവും അമൃതകലശവും കാരണവശാൽ പിന്നിട്ട മുററത്തു കേരവൃക്ഷവും തൽഫലമായ നാളികേരവുമായി പരിണമിച്ച് എന്ന് അൎത്ഥവാദത്തിൻെറ മട്ടിൽ വൎണ്ണിക്കുന്ന ഈ പദ്യകൃതിയിൽ കഥാംശത്തിനേക്കാൾ അധികം പ്രാധാന്യം അതുകൊണ്ടു വെളിപ്പെടുത്തുന്ന തെങ്ങിൻേറയും തേങ്ങയുടേയും ഉപയോഗത്തിനാകുന്നു. ഇങ്ങനേ എഴുതുന്ന അൎത്ഥവാദകഥാപദ്യങ്ങളിൽ പ്രസാദം ഫലിതം മുതലായ ഗുണങ്ങൾ നല്ലവണ്ണമുണ്ടായിരുന്നാലേ അവയിൽ വായനക്കാർ വേണ്ടിടത്തോളം ശ്രദ്ധയിരുത്തുകയുള്ളു. ഇവിടെ ഉദാഹരിച്ച

'നാളികേരം' എന്ന കവിതയിൽ ഈ രണ്ടു ഗുണങ്ങളും ചേൎന്നു കാണുന്നുണ്ടെന്നു പറയാതെതന്നെ വായനക്കാൎക്കറിയാവുന്നതാണ്. പൊട്ടിച്ചിരി ഉണ്ടാക്കുന്ന ഫലിതമല്ല, മന്ദസ്മിതം ജനിപ്പിക്കുന്ന ഗൌരവത്തോടുകൂടിയ ഒരു ഫലിതമാണ് ഇതിലുള്ളതു്.

ഇത്രയും ഉള്ള നിരൂപണംകൊണ്ടു 'പ്രസ്ഥാനപഞ്ചക'ത്തിന്റെ സ്വഭാവവും ഉദ്ദേശവും ഏകദേശമായിട്ടെങ്കിലും ഒന്നു വെളിപ്പെട്ടിട്ടുണ്ടെങ്കിൽ എന്റെ ഉദ്യമത്തിന്നു ചാരിതാൎത്ഥ്യമായി എന്നു പറയാം. ഈ പുസ്തകത്തിന്റെ 'ആമുഖോപന്യാസം' എന്ന നിലയിൽ ഉള്ള എന്റെ ഈ നിരൂപണത്തിന്റെ ആവശ്യത്തേയും ഔചിത്യത്തേയും പററി വിതൎക്കിക്കുന്നവർ ധാരാളമുണ്ടാകുവാനിടയുണ്ടെന്ന് എനിക്കറിയാം. സാഹിത്യലോകത്തിൽ ചിരപ്രതിഷ്ഠിതകീൎത്തിയായ രാമവൎമ്മഅപ്പൻ തമ്പുരാൻ തിരുമനസ്സിലെ ഒരു പ്രബന്ധത്തിന്ന്, ഒരവതാരികയുടെയോ ആമുഖോപന്യാസത്തിന്റേയോ കരാവലംബം കൂടാതെ തന്നെ സ്വാതന്ത്ര്യസമേതം സാഹിത്യരംഗത്തിൽ പ്രവേശിക്കാവുന്നതും, അവിടെ അതിന്നു സാദരമായ സ്വാഗതവും മാന്യമായ സ്ഥാനവും ലഭിക്കുന്നതുമാണെന്നിരിക്കേ, അശക്തമായ എന്റെ തൂലിക അതിൽ കൈവയ്ക്കുന്നതു് അതിസാഹസംതന്നെയായിരിക്കും. എന്നാൽ 'പ്രസ്ഥാനപഞ്ചകം' എന്ന പ്രസ്തുതപുസ്തകം പുതിയരീതിയിലുള്ള ഒന്നാകയാൽ അതിന്റെ സ്വഭാവവും ഉദ്ദേശവും സാധാരണ വായനക്കാർ വേണ്ടതുപോലെ ഗ്രഹിക്കു

വാനിടയാകണമെന്നു കരുതി മാത്രം, തമ്പുരാൻ തിരുമനസ്സിലെ കല്പന അനുസരിച്ച് ഈ ആമുഖോപന്യാസം എഴുതിയിട്ടുള്ളതാണെന്നു ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ. ഈ പുസ്തകത്തിൽ കാണിച്ചിട്ടുള്ള പുതിയ പ്രസ്ഥാനങ്ങളിൽ സാഹിത്യബന്ധുക്കളുടെ ശ്രദ്ധ നല്ലവണ്ണം പതിയുമെന്നും, സാഹിത്യകാരന്മാർ അവയിൽക്കൂടെ തങ്ങളുടെ സാഹിത്യവ്യാപാരങ്ങളെ നയിക്കുമെന്നും പ്രതിക്ഷിച്ചുകൊണ്ട് ഈ ആമുഖോപന്യാസത്തെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു. 'പ്രസ്ഥാനപഞ്ചക'കർത്താവായ അപ്പൻതമ്പുരാൻ തിരുമനസ്സിലെ സാഹിത്യവ്യവസായം പൂർവ്വാധികമായ സമൃദ്ധിയോടുകൂടി വിലസുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നതിനും ഈ അവസരത്തെത്തന്നെ വിനിയോഗിച്ചു കൊള്ളട്ടെ.

മദിരാശി
12—12—27. } വിദ്വാൻ സി. എസ്സ്. നായർ.

---

# പ്രഹസനപ്രമേയങ്ങൾ.

## I

## കൎമ്മവിപാകം.

### രംഗം 1.

[ചീരത്തടത്തു തെക്കിനിത്തറ. നേരം പ്രഭാതം. ചിരാച്ചുവിളക്കു തെളിയിച്ചു മുല്ലമായി ഗൃഹനായിക സങ്കീൎത്തനം ചൊല്ലിക്കൊണ്ടു പ്രവേശിക്കുന്നു ]

പാട്ടു—ഉദയഗിരി ചുവന്നു; ഭാനുബിംബം വിളങ്ങീ,
നളിനമുകുളജാലേ മന്ദഹാസം തെളിഞ്ഞൂ,
പനിമതി മറവായി, ശ്ശംഖനാദം മുഴങ്ങീ,
ഉണരുക കണികാണ്മാനംബരേയംബരേശം.

(എന്നു സങ്കീൎത്തനം ആരംഭിച്ചുകൊണ്ടു വിളക്ക് ഒരു മുക്കിൽ വെക്കുന്നു.)

ശ്രിതകമലാകുചമണ്ഡല—കൃഷ്ണാ!
ധൃതകുണ്ഡല—കൃഷ്ണാ!
കലിതലളിതവനമാല—കൃഷ്ണാ!
ജയ ജയദേവഹരേ!—

(താ അടിക്കുന്നു.)

ദിനമണിമണ്ഡന ഭവഖണ്ഡന—കൃഷ്ണാ!
മുനിജനമാനസഹംസ—കൃഷ്ണാ!
ജയ ജയ ദേവഹരേ!—

(കുട്ടിയെ കിടത്തിയിരിക്കുന്ന തൊട്ടിലു് ആട്ടുന്നു.)

കാളിയവിഷധരഭഞ്ജന—കൃഷ്ണാ!
ജനരഞ്ജന—കൃഷ്ണാ!
യദുകുലനളിനദിനേശ—കൃഷ്ണാ!
ജയ ജയ ദേവഹരേ!—

(വീണ്ടും ആടിക്കുന്നു.)

മധുമുരനരകവിനാശന ഗരുഡാസന—കൃഷ്ണാ!
സുരകുലകേളിനിദാന—കൃഷ്ണാ!
ജയ ജയ ദേവഹരേ!—

(തള്ളിക്കുന്നു.)

അമലകമലദളലോചന—കൃഷ്ണാ!
ഭവമോചന—കൃഷ്ണാ!
ത്രിഭുവനഭവനനിധാന—കൃഷ്ണാ!
ജയജയ ദേവഹരേ!—

(തൊട്ടിലെട്ടുള്ള നിലം തുടക്കുന്നു.)

അഭിനവജലധരസുന്ദര ധൃതമന്ദര—കൃഷ്ണാ!
ശ്രീമുഖചന്ദ്രചകോര—കൃഷ്ണാ!
ജയജയ ദേവഹരേ! ഹരേ കൃഷ്ണാ!

(തൊട്ടിലു വീണ്ടും തട്ടിക്കൊണ്ടു ചിന്താകുലയായി നില്ക്കുന്നു; വാതില്ക്കൽ കാരണവർ പ്രവേശിക്കുന്നു.)

ശങ്കുനായർ—പാറു! (സ്വഗതം) പാറു കേൾക്കുന്നില്ല പാവം! അവൾക്കിന്നെവിടെയാണു പിച്ചതെണ്ടേണ്ടതെന്ന വിചാരമാണു്. (അടുത്തു കടന്നു; പ്രകാശം) എടി, പാറൂ! (എന്നു വീണ്ടും വിളിക്കുന്നു. പാറു ഞെട്ടിത്തിരിഞ്ഞു നോക്കി ആദരവോടുകൂടി നില്ക്കുന്നു.)

ശങ്കു—ആ വട്ടിയിൽ നെല്ലിരിപ്പുണ്ടോ എന്നു നോക്ക്.

പാറു—(വട്ടി കലുക്കി നോക്കീട്ട്) ഉഴക്കോളം നെല്ലിതിലുണ്ട്. കുട്ടികൾ കൊടുക്കാൻ ഇതുകൊണ്ടു മതിയാവും. (തുണ. ത്തുക്കൊട്ടുന്നു.)

ശങ്കു—എനിക്കിന്നൊരു സാക്ഷി പറവാനുണ്ട്. കാവിൽ കുളിച്ചുതൊഴുതു് അപ്പോൾതന്നെ ഞാൻ കോടതിക്കു പോകും. ഉണ്ണാൻ വരികയില്ല— ആ ചെക്കനെ കണ്ടില്ല. ചിലതു പറഞ്ഞേല്പിക്കുവാനുണ്ടായിരുന്നു. ഉഴുത്രവാർര് അഞ്ചു പറ നെല്ലു കുത്താൻ തരാമെന്നു പറഞ്ഞിട്ടുണ്ട്. വൈകുന്നേരം അമ്പലത്തിൽ ചെന്നാൽ അതു കിട്ടും. നേദ്യത്തിന്നുള്ളതാണേ—നല്ലവണ്ണം മനസ്സിരുത്തണം കിട്ടോ. തൊടിയിൽ കാസ്കനികൾ വല്ലതും മൂത്തുനില്ക്കുന്നുണ്ടെങ്കിൽ അതു മനസ്സൂൽ കൊണ്ടുപോയ് കൊടുത്തു് ഇന്നത്തെ കഞ്ഞിക്കുള്ള വകയെങ്കിലും വാങ്ങിക്കൊണ്ടുവരുവാൻ ആ ചെക്കനോടു പറയണം.

പാറു—ഓ—

ശങ്കു—മറക്കരുതേ. നീ ഇന്നുതൊട്ടു് ആ വക്കീലിന്റെ വീട്ടിൽ വേലക്കു പോകണ്ട. മാനം വിററുതിന്നേ ജീവൻ കിടക്കുവെങ്കിൽ അങ്ങോട്ടു ചത്തോട്ടെ. ചീരത്തടത്തോൎ് അതു ഭാവമില്ല. നീ പോവല്ലേ.

പാറു—ഇല്ല്യാ.

ശങ്കു—ചെക്കന്റെ ഒച്ച എങ്ങാണ്ടു കേൾക്കുന്നുണ്ട്.

(എന്നു പോകുന്നു.)

പാറു—'അഭിനവജലധര—' [എന്നു വീണ്ടും പാടുന്നു. അയ്യപ്പൻ വെട്ടുകത്തി അരയിൽ തിരുകി രണ്ടു കൈകളിലും ഓരോ മത്തങ്ങയും എടുത്തുകൊണ്ടു പ്രവേശിക്കുന്നു.]

അയ്യപ്പൻ—കൃഷിചെയ്തു കഴിയാത്തവൎക്കൊരു
വഴിയില്ല പിഴപ്പിന്നു ഭൂതലേ,
ദാരിദ്ര്യങ്ങളൊഴിക്കണമെങ്കിലോ
നേരത്തേകൃഷിചെയ്യണമേവരും.

[എന്നു പാടിയാടുന്നു. 'ധിമിതെയ്തെ ധിമിധിമിതക' എന്ന ചൊല്ലുചവുട്ടി മത്തങ്ങ രണ്ടും താഴെയിടുന്നു]

പാറു—അമ്മിണിയെ ഉണൎത്തല്ലേ അയ്യപ്പാ!

അയ്യപ്പൻ—ഒന്നോപ്പന്നോൾക്ക്, ഒന്നെനിക്ക്. (എന്നു പതുക്കെപ്പറഞ്ഞുകൊണ്ടു മത്തങ്ങയുടെ വള്ളികൾ തല്ലുന്നു.)

പാറു—എനിക്കു പച്ചമത്തങ്ങ തിന്നാൻ വയ്യേ. (എന്നു മന്ദഹസിക്കുന്നു)

അയ്യ—എന്നാൽ ചുട്ടു തിന്നാം. (എന്നു കൈ മലൎത്തി ആംഗ്യം കാട്ടുന്നു.)

പാറു—വട്ടിയിൽ ഉഴക്കു നെല്ലേയുള്ളു. അതു നീ നോക്കിയോ?

അയ്യ—(വട്ടിയെടുത്തു് അഭിനയമാടിക്കൊണ്ടു്)
'ഉഴക്കുചോർകൊണ്ടൊരുവാസരാന്തം' പിന്നെയെന്താ ഓപ്പോളെ? (എന്നു മാന്യനാട്യം നടിക്കുന്നു)

പാറു—'കഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ.'

അയ്യ—ബലേ ബ്‌ഭേഷ്—പഴമ്പിച്ചക്ക് എഴുന്നള്ളിയപ്പോൾ കുചേലൻ തിരുമേനി അരുളിച്ചെയ്തതല്ലേ അതു്?

പാറു—കൃഷ്ണ,കൃഷ്ണ, മഹാപാപമുണ്ട് ഇങ്ങിനെ പരിഹസിച്ചാൽ. ഈ മത്താങ്ങ മനസ്സൂൽ കൊടുത്തു നെല്ല വാങ്ങിക്കൊണ്ടു വരുവാനാണ് അമ്മാമൻ പറഞ്ഞിട്ടു പോയത്.

അയ്യ—മഹൻതിരുമേനിക്കു മത്തങ്ങ തിന്നാൽ മനം പിരട്ടുമോ എന്നൊരു ശങ്ക.

പാറു—വിഡ്ഢിത്തം പറയാണ്ടു വേഗം പോയി നെല്ല വാങ്ങിക്കൊണ്ടു വരു.

അയ്യ—എന്നാലങ്ങിനെയാട്ടെ. ധിതൈതെധിത്തധിമിതകത (എന്നു മത്തങ്ങ എടുത്തു)

പുത്തൂരംവീട്ടിലെ ചേകവക്ക്
ഓമനമകനല്ലോ ആരോമുണ്ണി
പുലരുവാനേഴര രാവുള്ളപ്പോൾ
ഞെട്ടിയുണരുന്നു ചേകവരും.

(എന്നു പാടി)

ഒരമ്മക്കൊരുമകനോമനപ്പേരും കുട്ടപ്പൻ.

(എന്നു ചോടു ചവുട്ടി പോകുന്നു.)

പാറു—(സ്വഗതം) ഇങ്ങിനെ ബദ്ധിമുട്ടി അരിഷ്ടിച്ചിട്ടും ആഹ്ളാദത്തിന് ഒരു കുറവും ഇല്ലാത്തതു ഭാഗ്യംതന്നെ. മഹാസാധു! നന്നായ്‌വരട്ടെ. (തൊട്ടിലുക്കിൽ നോക്കി കുട്ടിയെ ഉമ്മവെച്ച്)എന്റേ മോള നല്ല ഉറക്കമാണ്. കോലായിൽചെന്നു നെല്ലുകുത്തു കഴിച്ചുകളയാം. (എന്നു വട്ടിയും ചൂലുമായി പോകുന്നു)

(എല്ലാവരും പോയി.)

## രംഗം 2.

[മദനവിലാസം ബംഗ്ലാവിൽ ഒരു കിടപ്പുമുറി. നേരം കാലത്തെ എട്ടുമണി. 'ഏമി' എന്ന 'ഹേമന്തകുമാരി' കിടക്കമേൽ ഇരുന്നു കണ്ണാടി നോക്കി തല വകഞ്ഞുകൊണ്ടു പ്രവേശിക്കുന്നു.]

ഏമി—(സ്വഗതം) ഇന്നു് 'ആത്മാറാമി'ൻെറ ഷോപ്പിൽ Clearance sale[1] ആണു്. വൈകുന്നേരം ക്ലബ്ബിൽ ഒരു Match[2]-ഉം ഉണ്ടു്. Shopping[3] ഇപ്പോൾതന്നെ കഴിക്കണം. അങ്ങോരുടെ കയ്യിൽ കാശുണ്ടോ ആവോ? (തലയിണയുടെ ചുവട്ടിൽനിന്നു പണസ്സഞ്ചി എടുത്തു കുലുക്കിനോക്കീട്ടു്) അല്ലാ! ഒക്കെക്കഴിഞ്ഞോ! ആട്ടെ അങ്ങോരോടു ബാങ്കിലേക്കു ഒരു ചെക്കു വാങ്ങിക്കളയാം. (ശിഷ്യത്തി ചായക്കുള്ള വട്ടം ഒരു തട്ടിൽ സ്ഥാപിച്ചു തൂക്കിപ്പിടിച്ചുകൊണ്ടു പ്രവേശിക്കുന്നു)

ഏമി—(ശിഷ്യത്തിയെ ആപാദചൂഡം പരിശോധിച്ചു) Teapoy എടുക്കു്.

ശിഷ്യ—(സ്വഗതം) എന്താ ഈയമ്മ ടീപോയി എടുക്കാൻ പറയണെ. ഇതു ടീയല്ലെ. (പ്രകാശം) ഇതും ടിതന്നെയാണമ്മേ.

ഏമി—അമ്പടി കേമി, Sweep[5] ആക്കാൻ വശം അല്ലേ? ആ ചെറിയ മേശ എടുത്തിട്ടു് അതിൻെറ മീതെ വയ്ക്കു്.

---

1. ചരക്കൊഴിച്ചു വില്പന. 2. മത്സരക്കളി. 3. സാമാനം വാങ്ങൽ. 4. കുട്ടിമേശ. (ടീപ്പോയ്) 5. കളിയാക്കൽ.

ശിഷ്യ—(അങ്ങനെ ചെയ്തുകൊണ്ട സ്വഗതം) ഇതെന്തുകൂത്താപ്പാ ഈ അമ്മ പറയുന്നത് - എനിക്ക മനസ്സിലാവുന്നില്ലേ!

എമി—നീയ്യാണ്, ആ പാറുവോ പീറയോ, അതിന്നുപകരം വന്നിട്ടുള്ളത്? (ടീ കൂട്ടുന്നു.)

ശിഷ്യ—കിണ്ടപ്പൻനായർ വരാൻപറഞ്ഞിട്ടു വന്നതാണ്.

എമി—എന്താ നിൻെറ പേരു്? (ടീ മോന്തുന്നു.)

ശിഷ്യ—കുഞ്ഞുകുട്ടി.

എമി—നിനക്കെവിടുന്നു കിട്ടി ഈ പേരു്? (റൊട്ടി കടിക്കുന്നു.)

ശിഷ്യ—(സ്വഗതം) പേരു് ആരെങ്കിലും വില്ലാൻ വയ്ക്കാറുണ്ടോ? (പ്രകാശം) ഈ പേരെനിക്ക് അമ്മ മടിയിൽവെച്ചിട്ടതാണ്.

എമി—(സ്വഗതം) ഇവളെന്നെ പിന്നേയും Sweep[1]ആക്കാൻ തുടങ്ങുകയാണോ, അതോ അറിഞ്ഞുകൂടാഞ്ഞിട്ടോ—ആട്ടെ ഇരിക്കട്ടെ. (പ്രകാശം) നിൻെറ കുഞ്ഞും കുട്ടിയും ഒന്നും എനിക്ക വേണ്ട. Katherine[2]എന്നു നല്ല പേരാണ്. നിന്നെ ഞാൻ Katy[3]എന്നേ വിളിക്ക. (ടീത്തട്ടു തള്ളി നീക്കുന്നു.)

ശിഷ്യ—അമ്മ എന്നെ എന്തു വിളിച്ചാലും വേണ്ടില്ല. (എന്നു കൊഞ്ചിപ്പറയുന്നു.)

---

1. കളിയാക്കാൻ. 2. ക്യാതെറീൻ. 3. കേററി=ക്യാതറീൻെറ ചുരുക്കം.

ഏമി—നിൻെറ മിരട്ടും പിരട്ടും ഇവിടെ വേണ്ട. വീട്ടിൽ കെട്ടിവെച്ചിട്ടു വരാനില്ലേ? ആ Coomb[1] ഇങ്ങെടുക്ക്.

ശിഷ്യ—ഏതു ക്കുമ്പാ അമ്മേ?

ഏമി—Hair Coomb[2].

ശിഷ്യ—(സ്വഗതം) ഏറെക്കുറുമ്പത്രെ. (പ്രകാശം) ഇനിക്ക മനസ്സിലാവാഞ്ഞിട്ടാണ്.

ഏമി—എടി മട്ടമണ്ടി! ആ മേശമേലിരിക്കുന്ന തലവാരി. (എന്നു പരിഹാസമായിട്ടു ചീകുന്ന നാട്യം നടിക്കുന്നു.)

ശിഷ്യ—(സ്വഗതം) ചീപ്പിനു ക്കുമ്പെന്നു പറഞ്ഞു ഞാൻ കേട്ടിട്ടില്ലേ. ഈ അമ്മേടെ പാഷ കെങ്കേമം. (ചീപ്പെടുത്തു കൊടുക്കുന്നു.)

ഏമി—മര്യാദക്കു നടന്നില്ലെങ്കിൽ നിന്നെ ഞാൻ Shoes[3] ഇട്ടു ചവിട്ടും. അതെടുത്തു കൊണ്ടുപോ. (എന്നു ദീനത്തു ചൂണ്ടിക്കാണിക്കുന്നു.)

ശിഷ്യ—(സ്വഗതം) എന്തിട്ടായാലും എന്നെ ചവിട്ടിയാൽ ചൂലെടുത്തു മുഖത്തടിച്ചു ഞാനങ്ങോട്ടു പോവും അത്ര തന്നെ. മര്യാദ പടിക്കണതു് ആരാണെന്നു് അപ്പോൾ അറിയാം. (എന്നു തട്ടംകൊണ്ടു ഗോഷ്ടികാട്ടുന്നു.)

ഏമി—(സ്വഗതം) She is an ass[4]. Dress[5] ചെയ്യാൻ അവളെ വിളിച്ചിട്ടു് ഒരു use[6] – ഉം ഇല്ല.

---

1. ക്കുമ്പ് = ചീപ്പ്. 2. ഹേർക്കുമ്പ് = തലവാരി. 3. ചെരിപ്പ്.
4. അവളൊരു കഴുതയാണ്, 5. ഉടുപ്പിടുവാൻ. 6. ഉപകാരം.

Mrs Dumdum[1] പറയുന്നപോലെ There is absolutely no earthly use[2]- ശൂദ്ധ Country.[3] (എന്നു Wrist Watch[4] കെട്ടി Gown,[5] Slipper[6], money-bag[7] ഇവ യുമായി പോകുന്നു.)

(എല്ലാവരും പോയി.)

രംഗം 3.

[മദനവിലാസത്തിലെ വക്കീൽമുറി- നേരം, പകൽ ഒമ്പതര- റിക്കാർട്ടു നോക്കിക്കൊണ്ടു വക്കീലും സഹായിച്ചുകൊണ്ടു ക്ലാൎക്കും പ്ര വേശിക്കുന്നു.]

വക്കീൽ ദാമോദരൻനായർ—O S. 7088 of 1896[8].

ഗുമസ്തൻ നാരായണൻ:—Yes, Sir[9] (എന്നു ആ റിക്കാർട്ടുകെ ട്ടെടുത്തു മേശമേൽ കൊണ്ടുപോയി വെക്കുന്നു.)

വക്കീൽ—(അതു തിരിച്ചും മറിച്ചും നോക്കി) ഇതു് എന്നാണു പ്രഥമവിചാരണക്കു വെച്ചിരിക്കുന്നതു്?

ഗുമ—ഇന്നു് ആദ്യത്തെ കേസ്സാണതു്.

വക്കീൽ—Damn it[10] എന്തുകൊണ്ടതു പറഞ്ഞില്ല?

ഗുമ—നമ്പൂതിരിപ്പാട്ടിലെ കാൎയ്യസ്ഥൻ വന്നിട്ടാവാമെന്നു വെച്ചിട്ടാണു്.

വക്കീൽ—സാക്ഷിക്കു പടിവെച്ചിട്ടുണ്ടോ?

ഗുമ—25ക. തന്നിട്ടുണ്ടായിരുന്നു. അതു് അകത്തുനിന്നു വാങ്ങി.

---

1. ഡംഡം സായ്വിന്റെ ഭാൎയ്യ. 2. ഇഹലോകത്തിൽ യാതൊരുപ കാരവുമില്ല. 3. നാടൻ. 4. കൈവാച്ചു്. 5. വട്ടുസകപ്പായം, 6. ജോടി, 7. പണസ്സഞ്ചി. 8. 1896ലെ ഒ.എസ്സ്. 7088. 9. ഉ. സാർ! 10. പൊലിഞ്ഞുപോകട്ടെ.

വക്കീൽ—അകത്തുനിന്നു വാങ്ങിയെന്നു പറഞ്ഞാൽ താൻ പുറത്തേക്കു വാങ്ങേണ്ടിവരും. എന്നോടു ചോദിക്കാണ്ടു കൊടുക്കാനാരാ പറഞ്ഞെ? What a nuisance[1]

ഗുമ—ഞാനിപ്പോൾ സംഖ്യ അകത്തു പോയി വാങ്ങി കൊണ്ടുവരാം (വക്കീലിന്റെ മുഖഭാവം നോക്കുന്നു.)

വക്കീൽ—Nonsense[2] അതെനിക്കായിട്ടുള്ളതാ? താൻ പറയുന്നതു കേട്ടാൽ കള്ളക്കററി പിരിക്കാൻ പോവുകയാണെന്നു തോന്നുമല്ലോ. ആ കാര്യം പോട്ടെ.

ഗുമ—(സ്വഗതം) ആ കാര്യം പോട്ടെ അത്രെ! അല്ലെങ്കിൽ അമ്മ പുറംപോക്കും.

വക്കീൽ—ആ കേസ്സൊന്നു Adjourn[3] ചെയ്യിക്കാനെന്താ മാർഗ്ഗം?

ഗുമ—അന്യായഭാഗം സമൻസു മുഴുവൻ നടത്താതിരിപ്പാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ട്.

വക്കീൽ—Very good[4]. ചൂരക്കോട്ടു കേസ്സിലെ രണ്ടാം അപ്പീൽ ഡിക്രി നടത്തുവാനുള്ള പണം കൊണ്ടുവന്നിട്ടില്ലെ?

ഗുമ—അത് ഇന്നലെ ക്ലബ്ബിലേക്കു പോകുന്നവഴി അമ്മ കക്ഷിയോടു നേരിട്ടുതന്നെ വാങ്ങി.

വക്കീൽ—Absurd[5] (എന്നു മേശപ്പുറത്തടിക്കുന്നു.) അഹമദ്ഷാ പീസ്സു മുഴുവൻ അടച്ചോ?

---

1. എന്തു ശല്യമാണിതു്. 2. അസംബന്ധം. 3 നീട്ടിവയ്പിക്കാൻ. 4. വളരെ ഉചിതമായി. 5. ആഭാസം.

ഗ്ലമ—അവൻെറ ഷോപ്പിൽനിന്നു 300ക-ക്ക ഒരു സാരി വാങ്ങി കണക്കുതീൎത്തു് അമ്മ കൊടുത്ത രശീതി അവൻ ഇവിടെ തന്നിട്ടുണ്ടു്.

വക്കീൽ—I hate this wretched business[1] (എന്നു റിക്കാൎട്ടു വലിച്ചെറിയുന്നു.)

ഗ്ലമ—(സ്വഗതം) വക്കീൽപണിയോ ഏമിയുടെ ദീപാളിത്തമോ?

ഏമി—(വേഷം കെട്ടി വാതിൽക്കൽ പ്രവേശിച്ചു്) Dear[2]! (എന്നു വിളിക്കുന്നു.)

വക്കീൽ—Yes-Amy?[3] (എന്നു പിടച്ചെഴുനേൽക്കുന്നു.)

ഗ്ലമ—(സ്വഗതം) ഏമി, എക്കട പോസനാഡ്ഡു?[4] ഏമാന്നിപ്പോൾ Dear[5] എന്നല്ല Dear, dear[6] എന്നു രണ്ടു പറഞ്ഞാൽതന്നെ പോര-അത്രയും പരുങ്ങിട്ടുണ്ടു്.

ഏമി—(മേശയുടെ അടുത്തുവന്നു്) Cash[7] ഉണ്ടോ, dear? (എന്നു ചോദിക്കുന്നു)

വക്കിൽ—ഇല്ലല്ലോ dear![8]

ഏമി—ബാറിൽ[9] കിട്ടിയതൊക്കെ ബാറിൽ[10] തന്നെ കലക്കിയല്ലെ? (എന്നു കിളിച്ചിരി ചിരിക്കുന്നു.) ആട്ടെ, ഒരു ചെക്കൊപ്പിട്ടുതരു. (വക്കീൽ മേശയുടെ വലിപ്പു പിടിച്ചു തു

---

1. കെട്ടുവല, തുലയട്ടെ. 2. പ്രിയപ്പെട്ടവനേ! 3. എന്താ ഏമി! 4. തെലുങ്കു-എന്താ എങ്ങോട്ടു പോകുന്നു. 5. ദുർല്ലഭം. 6. അയ്യേ. 7. റൊക്കമിറിപ്പു്, 8. ഓമനേ. 9. വക്കീൽസ്ഥാനത്തു്. 10. കുടിസ്ഥലത്തു്.

കുവാൻ മടിക്കുന്നു) Time[1] പോയി. Please Hurry up[2].

വക്കീൽ—എത്ര വേണം? (ചെക്കെഴുതുന്നു.)

ഏമി—ഒപ്പിട്ടുതരൂ; സംഖ്യ വന്നിട്ടു പറയാം. A blank cheque, my dear!

വക്കീൽ—(സ്വഗതം) My dear! she is my bitter, not better half[4]. (ചെക്ക് ഒപ്പിട്ടുകൊടുക്കുന്നു.)

ഏമി—O my sweety, O my dearie[5], (എന്നു മൂളിപ്പാടിക്കൊണ്ടു പോകുന്നു.)

വക്കീൽ—ഞാനിന്നു കോടതിക്കു പോകുന്നില്ല. ഈ Chit[6] കോടതിയിൽ കൊടുത്തേക്കു. (എന്നു എഴുതിക്കൊടുത്തു പോകുന്നു.)

ഗുമ—ഏമാന്റെ ബാർ ഇന്നു ക്ലബ്ബിൽത്തന്നെ. കേസ്സുവിചാരണ മദനവിലാസം കോർട്ടിൽ പാതിരക്കായിരിക്കാം. ഏമിയുടെ അധികപ്രസംഗംതന്നെ പ്രസംഗം. ഏമിക്കു ഗുണമായിട്ടു വിധി ഇപ്പോൾതന്നെ ഞാൻ കല്പിച്ചേക്കാം. (എന്നു റിക്കാർട്ടൊളുക്കി മുറി പൂട്ടി പോകുന്നു.)

(എല്ലാവരും പോയി)

രംഗം 4.

[മദനവിലാസത്തിലെ തീൻമുറി—നേരം നട്ടുച്ച—മേശമേൽ കാൽനീട്ടി കസാലയിൽ കിടന്നുകൊണ്ടു കിണ്ടപ്പൻനായരും, കസാലമേൽ കാൽമടക്കി താടി കൈകൊണ്ടു താങ്ങി കുഞ്ഞുക്കുട്ടിയും പ്രവേശിക്കുന്നു.]

---

1 സമയം. 2. ദയവുണ്ടായി വേഗമാവട്ടെ. 3. തുക ചേർക്കാതെ ഒരു ചെക്കു എന്റെ പൊന്നേ! 4. എന്റെ പൊന്നേ! ഇവളെന്റെ ഭാര്യയല്ല; ബാധയാണ്. 5. ആഹായെൻ തങ്കക്കുടമേ! തേനോലും മധുരക്കുഴമ്പേ! 6. കുറിമാനം.

കിണ്ട—(സബർജ്ജെൽ തൊലി ചെത്തിക്കൊണ്ടു്) തൌരോണ്ടങ്കലത്തെ ഒരു തുകം വേറെയാണേ.

കുഞ്ഞു—എന്താത്തു്?

കിണ്ട—എന്താണോ, ഉടമത്തനില്ലാത്ത വീട്ടിൽ ആരോടും ചോദിക്കാതെ തിന്നാനുള്ള അതികാരം കിട്ടിയാലെ ഒരു തുകം—അതൊന്നു വേറെ—അറിഞ്ഞോനെ അറിയൂ. (കായ് തിന്നുന്നു.)

കുഞ്ഞു—എന്തു കായാ ഈ തിന്നുന്നോ;

കിണ്ട—സബ-ജേൽ! വേണോ?

കുഞ്ഞു—ജേലോ എനിക്കു വേണ്ട.

കിണ്ട—പോടി! പത്തുകൊല്ലം ഞാൻ എമന്തവസന്തചന്തിമാന്തികുന്തിക്കുമാരി അമ്മയുടെ അടുക്കൽ പടിച്ചിട്ടാണു പറയുന്നതു്.

കുഞ്ഞു—അയ്യയ്യോ! നമ്മുടെ അമ്മേടെ പേരാത്തു്? എന്തു നീളപ്പോ! ഇതു വിളിച്ചൊടുക്കുമ്പഴക്കും അരിയററു പോമല്ലൊ. ഈ അമ്മ ഉറങ്ങുമ്പോ പെര തീപ്പിടിച്ചാൽ എന്താ വിചാരിക്കണെ? എന്നെക്കൊണ്ടു ഈ പേരു വിളിച്ചെത്തിക്കാനാവില്ല.

കിണ്ട—നിനക്കെന്തറിയാം. ഫേമ്യമ്മ കൽക്കത്തയിൽ പോയി കൊണ്ടുവന്ന പേരാണത്തു്?. (തിന്നുന്നു.)

കുഞ്ഞു—ഇപ്പോഠം നിങ്ങളെന്താ ഫേമ്യമ്മ എന്നു പറയുന്നോ?

കിണ്ട—എമാന്നോ മയററി, മയററി(My dear, My dear)

എന്നു വിളിച്ചാൽ എമാന്നങ്ങോട്ടു 'ഹേമി, ഹേമി' എന്നും വിളിക്കും.

കുഞ്ഞു—കുററാണോ എൻെറ പേരു് അമ്മക്ക പിടിക്കാഞ്ഞതു്. (ഒരു മധുരനാരങ്ങ എടുത്തു്) ഈ നാരങ്ങ ഞാൻ തിന്നോട്ടെ?

കിണ്ട—ആറെണ്ണെന്നു പറ പെണ്ണെ.

കുഞ്ഞു—എനിക്കിതൊന്നു മതി. ആറും വേണ്ട അഞ്ചും വേണ്ട.

കിണ്ട—ഹേമ്യമ്മേടെ പാഷ നീ പഠിച്ചില്ലെങ്കിൽ നിനക്കിവിടന്നു പൊറത്തേയ്ക്കു വേകം പൊവ്വാറാവും.

കുഞ്ഞു—ഞാൻ എൻ്റ്യമ്മേടെ പാഷേ പടിച്ചിട്ടുള്ളു. ചീരത്തടത്തു പാറു അമ്മ പാഷ ത്രുപോല്ലാഞ്ഞിട്ടെ പോയ്യ്യേ? (തിന്നുന്നു.)

കിണ്ട...അവളുടെ കഥയൊന്നു വേറെ. അവൾ മനക്കലെ കുഞ്ഞാത്തോലല്ലെ? കൊടയും മറച്ചേ നടക്കാൻ പാടു. ആണുങ്ങളെ കണ്ടുകൂടത്രെ.

കുഞ്ഞു—ആയിക്കോട്ടെ. അതിന്ന് ഈ അമ്മക്കെന്താ?

കിണ്ട—അമ്മക്കെന്താന്നൊ. അല്ലാണ്ടാക്കാ! നീ ഇട്ടിണിക്കണ്ടപ്പണിക്കരുടെ കീചകൻ കണ്ടിട്ടുണ്ടോ?

അരിണാച്ചി ചെനമോളോമനോ നീ
അരികിൽ വരിക മാലിനി!

ഇതിന്നു് ആ പാഞ്ചാലിച്ചെക്കൻ എന്താ പകരം കൊടുത്തതെന്നൊ?

അരുതരുതനുശിതവശനംകുമതേ
അന്തകുന്തവെറുതേ.

കുഞ്ഞു—അ് അ് ആ്, ഇതാണ പണി! ഇവക്ക് മക്കളൊന്നുമില്ലേ?

കിണ്ട—മൂന്നു മക്കളുണ്ട്.

കുഞ്ഞു—അവരൊക്കെ എവിടെ?

കിണ്ട—മൂത്ത മകളെ ഒരു ഭാഷ്യേഷ്ടു(Barrister)ന്ന കെട്ടിക്കൊടുത്തു. ആ അമ്മ ഇപ്പോൾ ഹിമവാൻെറ മൂട്ടിലെങ്ങാണ്ടോണ്. ആ ഭാഷ്യേഷ്ടൻെറ ഇഷ്ടോക്കെ പോയി. ഇപ്പോൾ ഇങ്ങോട്ടുതന്നെ കെട്ടിയെടുക്കേണ്ടി വരുമെന്നുതന്നെ കേക്കാറുണ്ട്.

കുഞ്ഞു—എന്താ നിങ്ങൾ കെട്ടിക്കൊടുത്തു എന്നു പറയുന്നെ? മക്കത്തായോറ്റ്യാ?

കിണ്ട—ആ അമ്മക്ക മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടാ കെട്ടിക്കൊടുത്തുവെന്നു പറഞ്ഞെ. ഇത് അസമ്മന്തമെന്നല്ലാതെ എങ്ങിന്യാ സമ്മന്തമാവുന്നേ?

കുഞ്ഞു—ആട്ടെ പിന്നെ രണ്ടു മക്കളെ ഉള്ളതൊ?

കിണ്ട—മൂത്ത മകൻ ശീമയ്ക്കു പടിക്കാൻപോയിരിക്കയായിരുന്നു. രണ്ടുദിവസത്തിനകത്ത് ഇവിടെ വരുമത്രെ. മൂന്നാമൻ ബമ്പായിൽ നശിപ്പിക്കാൻ പടിക്കാ.

കുഞ്ഞു—നശിപ്പിക്കാനൊ!

കിണ്ട—ആ് കച്ചവടം കച്ചകപടം പടിക്കാൻ. (ഒരു നാരങ്ങ എടുത്തു തിന്നുവാൻ തുടങ്ങുന്നു.)

കുഞ്ഞു—വണ്ടിയുടെ ഒച്ച കേക്കുന്നുണ്ടെന്നു തോന്നുന്നു.

(എഴുന്നേല്ക്കുന്നു.)

കിണ്ട — (നാരങ്ങ വായിൽ കുത്തിനച്ചു) ഉം-ഉം- (എന്നു മൂളിക്കൊണ്ടു മേശവിരി തട്ടിക്കുടയുന്നു. ശിഷ്യത്തി ചവറു വാരുന്നു. രണ്ടുപേരും ഓടിപ്പോകുന്നു.)

(എല്ലാവരും പോകുന്നു.)

## രംഗം 5.

[വിഷ്ണുക്ഷേത്രം. നേരം സന്ധ്യ. ദീപാരാധനക്കു നടയടച്ചു. ശാന്തിക്കാരനും, ഗീതവാദ്യങ്ങളാൽ ഭജന ചെയ്തുകൊണ്ടു ഒരു പരദേശബ്രാഹ്മണനും, പരിചരിച്ചുകൊണ്ടു അമ്പലവാസിയും, നാമം ജപിച്ചു തൊഴുതുകൊണ്ടു പാറുവും പ്രവേശിക്കുന്നു.]

ബ്രാ — മേഘൈർമ്മേദുരമംബരം വനഭുവ-
ശ്ശ്യാമാസ്തമാലദ്രുമൈ-
ർന്നക്തം ഭീരുരയം ത്വമേവ തദിമം
രാധേ! ഗൃഹം പ്രാപയ
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ
പ്രത്യദ്ധ്വകുഞ്ജദ്രുമം
രാധാമാധവയോർജ്ജയന്തി യമുനാ-
കൂലേ രഹഃ കേളയഃ
പ്രളയപയോധിജലേ ധൃതവാനസി വേദം
വിഹിതവഹിത്രചരിത്രമഖേദം,
കേശവ ധൃതമീനശരീര ജയ ജഗദീശ ഹരേ.
ക്ഷിതിരതിവിപുലതരേ തവ തിഷ്ഠതി പൃഷ്ഠേ
ധരണിധരണകിണചക്രഗരിഷ്ഠേ,
കേശവ ധൃതകച്ഛപരൂപ ജയ ജഗദീശ ഹരേ.

(ശാന്തിയർ തിരി തെളിയിക്കുന്നു) ഹേ! വാരിരേ നമുക്കിവിടെ ശോറുണ്ടോ?

വാരിയർ—ആരാ ഹേ ഇവിടെ അങ്ങക്കു ചോറു വച്ചിരിക്കുന്നേ?. ഇതിനാ ഈ തൊള്ള തുറക്കുന്നതു്? അങ്ങേടെ പാട്ടിലെങ്ങും ഞാൻ പെടില്ല ഹേ (വേറെ പണി നോക്കുന്നു.)

ബ്രാ—വസതിദശനശിഖരേ ധരണീ തവ ലഗ്നാ
ശശിനി കളങ്കകലേവ നിമഗ്നാ
കേശവ ധൃതസൂകരരൂപ ജയ ജഗദീശ ഹരേ.

(നാലുപുറവും നോക്കുന്നു. പാറുവിനെക്കാണുന്നു.) അടി പൊണ്ണേ! ഇങ്കെഞ്ഞാനും ഭക്ഷണം ആപ്പെടുമാ? (പാറുവിനെ നോക്കിക്കൊണ്ടു്)

കേശവധൃതസൂകരരൂപ ജയ ജഗദീശ ഹരേ.

പാറു—(മടിക്കുത്തിൽനിന്നു ഒരണയെടുത്തു ബ്രാഹ്മണന്റെ മുമ്പിൽ വെച്ചു്) ഇതു് ആ എമ്പ്രാന്തിരിയുടെ കയ്യിൽ കൊടുത്താൽ ചോറു കിട്ടും.

ബ്രാ—നല്ല പൊണ്ണ്, ധമ്മശാലി. നന്നായ് വരട്ടും. ഉപ്പും മുളകും എങ്കിട്ടേയിരുക്ക്.

കേശവധൃതവാമനരൂപ ജയജഗദീശ ഹരേ.

(നട തുറക്കുന്നു. എല്ലാവരും തൊഴുന്നു. ബ്രാഹ്മണൻ കവിളത്തടിക്കുന്നു. എമ്പ്രാന്തിരി ദീപാരാധനത്തട്ടുകൾ പുറത്തു വെക്കുന്നു. പാറു എണ്ണ നടക്കൽ വെക്കുന്നു, ആരാധനദീപം ഉഴിഞ്ഞ കൈ മുഖത്തു വെക്കുന്നു.)

എമ്പ്രാ—വാരരേ, നേദ്ദ്യോക്കു, നെദ്ദ്യോക്കു എറകില്ല്യാണ്ടു ഞാനെങ്ങിനെ നേദ്ദ്യോക്കണ്ണെ? പൂജക്കു പൂവ്വില്ല്യ. നെദ്ദ്യോക്കാനിറക്കുല്ല്യ. (എന്നു് എണ്ണയെടുത്തുവെച്ചു്)പാറൂനു പ്രസാദോണല്ലേ? (എന്നു പ്രസാദം ഇട്ടുകൊടുക്കുന്നു. കൈ കാട്ടി പാട്ടരും പ്രസാദം വാങ്ങുന്നു.)

എമ്പ്രാ—സുബ്ബയ്യരായ! ചളി സയിപ്പര തിരണ്ടെട്ടി.[1] (എന്നു തിടപ്പിള്ളിയിലേക്കു പോകുന്നു. വാരിയർ ദീപാരാധനത്തട്ടം കൊണ്ടുപോകുന്നു. പട്ടർ പിന്നാലെ ഭാണ്ഡവുമായിപ്പോകുന്നു.)

വാരിയർ—(വന്നു്) പാറു! ആ നെല്ലു് അളന്നുവെച്ചിട്ടുണ്ടു്.

പാറു—ഇന്നു രണ്ടു പറ നെല്ലു കൊണ്ടുപൊയ്ക്കോളാം. ബാക്കി നാളെ കൊണ്ടുപോയാൽ പോരേ?

വാ—ഇഷ്ടംപോലെ. ഉണ്ണാനില്ലാത്ത കാലത്തു കയ്യിലുണ്ടായിരുന്ന കാശു് ആ പിറപ്പട്ടർക്കു് എന്തിനാ കൊടുത്തേ? (പാറു മന്ദഹസിക്കുന്നു.)

പാറു—(സ്വഗതം) ഉണ്ണാത്തവർക്കല്ലേ വെശിപ്പറിയാൻ വയ്യൂ. സാധു വഴിപോക്കൻ! വീട്ടിൽ രണ്ടുദിവസം ഉപ്പും മുളകും കൂടാണ്ടെ കഴിയട്ടെ. കൊടുത്തേ കിട്ടു. ഭഗവാനേ രക്ഷിക്കണേ. (എന്നു തൊഴുതു പിരിയുന്നു.)

(എല്ലാവരും പോയി.)

## രംഗം 6.

[നിഷ്പക്ഷവിനോദമന്ദിരം[2] നേരം സന്ധ്യാരാഗം ഒതുങ്ങീട്ടില്ല. മെമ്പർ ബാരിസ്റ്റർ ടി. ബി. മേനവനും സ്നേഹിതൻ മിസ്റ്റർ പാച്ചും, ഗ്ലാസ്സും, സിഗററ്റുമായി ശീട്ടുകളിമേശയുടെ അരികെ ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു.]

---

1. തണുപ്പു സഹിച്ചുകൂട. 2. Cosmopolitan Club.

ടി. ബി— (ശീട്ടു കശക്കിക്കൊണ്ടു) Miss Tara[1]യും Mrs Dam[2]-ഉം Bridge[3] കളിക്കാൻ വരാമെന്നു Promise[4] ചെയ്തിട്ടുണ്ടു്. Ladies' ~~Lingless~~ Singles[5]ഇന്നു Final[6] ആണു. They Will be here just now[7].

പാഠം— (വേറെ ഒരു കൂട്ടം ശീട്ടു പൊക്കി ഉലത്തി ഇട്ടുകൊണ്ടു്) Mrs Damn,[8] Funny name,[9] ഇതാരാതു്? (എന്നു ചിരിക്കുന്നു.)

ടി. ബി—വക്കീൽ ദാമോദരൻനായരുടെ Wife,[10] Mr. K. D. Kiriath[11]ൻെറ mother.

പാഠം—Oh! I see[12]. ഞാൻ ബുക്കു ചെയ്ത ബോട്ടിൽ അദ്ദേഹത്തിനു Berth[13] കിട്ടിയില്ല. B.B. Line Oleander[14] ഇലാണു വരുന്നതു്.

ടി. ബി—Oleander Colombo[15] വിൽ എത്തി എന്നു് ഇന്നത്തെ മെയിലിൽ കാണാനുണ്ടല്ലോ.

---

ടി. ബി—1. മിസ് താരയും 2. മിസസ്സ് ഡാമും (ദാമോദരമേനവൻെറ ഭാര്യ) 3. ബ്രിഡ്ജ് കളിക്കാൻ വരാമെന്നു 4. വാഗ്ദത്തം ചെയ്തിട്ടുണ്ടു്. 5. സ്ത്രീദ്വന്ദ്വങ്ങളുടെ മത്സരക്കളി 6. ഇന്നു് അവസാനിക്കുകയാണു. 7. അവർ ഇപ്പോൾ ഇവിടെ എത്തും.

പാഠം—8. മിസസ്സ് ഡ്യാമ്മ: (ഡ്യാം=കരുത്തംകെട്ടുക) 9. രസമായിട്ടുള്ള പേരു.

ടി. ബി—10 . . . . . wife (ഭാര്യ) 11. കെ. ഡി. കിരിയത്തിൻെറ അമ്മ.

പാഠം – 12 ശരി. എനിക്കു മനസ്സിലായി 13. സ്ഥലം...... 14. ബി. ബി. ഒളിയാൻഡർ(കപ്പലിൻെറ പേരു)

15. കൊളമ്പിൽ.

പാൾ—Yes[1] വേണമെങ്കിൽ ഈ week[2]-ൽതന്നെ അദ്ദേഹത്തിനിവിടെ എത്താം.

ടി. ബി—That is good[3] Mrs Dam[4]-ഉം. K D. യും കൂടിയാൽ our poor Nair is done for[5]. നായരിന്നു കോടതിക്കുതന്നെ വന്നിട്ടില്ല. കുടിച്ചു പമ്പിരി പാഞ്ഞു ലൈബ്രറിയിൽ കിടന്നുറങ്ങുന്നുണ്ട്.

പാൾ—Is he so very much hen—pecked?[6]

(മിസ് താര പ്രവേശിക്കുന്നു.)

ടി. ബി—(എഴുന്നേററ്)Good evening to you Miss Tara, Mr Paul[7] (എന്നു പരിചയപ്പെടുത്തുന്നു.)

പാൾ—How do you do?[8] (എന്നു കൈ കൊടുക്കുന്നു.)

താര—Very-well, thank you[9]. (എന്നിരിക്കുന്നു.) പുരുഷന്മാരും ഇരിക്കുന്നു.

ടി. ബി.—Mrs. D.[10] വന്നില്ലെ?

---

പാൾ—1. ഉവ്വ്. 2. .....ആഴ്ചയിൽ.

ടി. ബി—3. അതുകൊള്ളാം 4. മിസസ്സ് ഡ്യാമും കേഡിയും 5. .....നമ്മുടെ സാധുനായരുടെ കഥ കഴിഞ്ഞു.

പാൾ—6. അയാൾ അത്രക്കും ഭാര്യാജിതനാണോ?

ടി. ബി—7. നിങ്ങൾക്കു സുദിനം മിസ്സു താര; മിസ്റ്റർ പാൾ.

പാൾ—8. സുഖംതന്നെയല്ലെ?

താര—9. വളരെ സൌഖ്യം. നിങ്ങൾക്കു വന്ദനം.

ടി. ബി—10മിസസ്സ് ഡി... ..

താര—D[1] വരാൻ പത്തു മിനിട്ടെടുക്കും. നമുക്കു partners-നു cut ചെയ്യുക കഴിക്കാം. Pack[2] എവിടെ? (പാഠം ശീട്ടു നീക്കി വച്ചു കൊടുക്കുന്നു) Mrs D, എന്റെ (എന്നു രണ്ടു തവണ വെട്ടി മലർത്തുന്നു.)

ടി. ബി—I Congratulate myself[3] (എന്നു താരയുടെ നേർ കൊമ്പിരിക്കുന്നു) Shuffle[4] ചെയ്തുകഴിഞ്ഞു. (എന്നു ശീട്ടു താരയുടെ അടുത്തു വയ്ക്കുന്നു.)

പാഠം—Your deal[5] (എന്നു വെട്ടുന്നു.)

താര—(ശീട്ട് ഇട്ടുകൊണ്ടു) നായർക്കെന്താ സുഖക്കേടുവല്ലതുമുണ്ടോ? Mrs D. നായരെ കാണാനാണു പോയത്.

ടി. ബി—നായരുടെ Condition Mrs[6] Dയെ കണ്ടതുകൊണ്ടു worse[7] ആവാൻ ഒന്നുമില്ല.

പാഠം—Kiriath[8] വന്നാൽ he will set matters right.

താര—കിരിയാത്തു വന്നാൽ കൈപ്പ് ഒന്നുകൂടി കൂട്ടുകയേയുള്ളൂ.

(എല്ലാവരുംകൂടി ചിരിക്കുന്നു.)

മിസ്സ് ഡി—(പ്രവേശിച്ചു) എന്താ ഇത്ര ചിരിക്കാൻ (പുരുഷന്മാർ എഴുന്നേറ്റു വന്ദിക്കുന്നു.)

---

താര—1. ഡി......നേർ കൊമ്പിനു വെട്ടി മലത്താം 2. ......കൂട്ടം.

ടി. ബി—3. ഞാൻ തന്നെത്താൻ അഭിനന്ദിക്കുന്നു...... 4. കശക്കുക.

പാഠം—5. നിങ്ങളാണ് ഇടേണ്ടത്.

ടി. ബി—6. ......സ്ഥിതി 7. അധികം വഷളാവാൻ.

പാഠം—8. കിരിയാത്തു വന്നാൽ അയാൾ എല്ലാം നേരെയാക്കും.

ടി. ബി—Mr. Paul (എന്നു പരിചയപ്പെടുത്തുന്നു.)

മി. ഡി.—(ചിരിനാട്യം നടിച്ച്) ആരാ എന്റെ partner (എന്നു ഇരിക്കുന്നു.)

ടി. ബി—(താരയുടെ മുഖത്തു നോക്കി) Mr Paul a(എന്ന് ഉരു ച്ചിരി പ്രകാശിപ്പിക്കുന്നു.)

മി. ഡി.—(ശീട്ടെടുത്തു) Boy![1] എന്നു വിളിക്കുന്നു.

ബട്ട്ളർ—Yes Madam[2] (എന്നു ഹാജരാവുന്നു.)

മി. ഡി.—Two whiskeys and two sodas[3].

താര—എനിക്കു ലമണേഡ് മതി.

മി. ഡി.—make haste[4] boy; lead[5] ആരട്ട്യാ! (ബട്ട്ളർ പോകുന്നു.)

താര—നിങ്ങടെ.

മി. ഡി.—No trumps[6].

താര—ഞാൻ double[7] ചെയ്തു.

മി. ഡി.—Redoubled,[8] Boy ! come on, boy[9] (കളി തുടങ്ങി. ബട്ട്ളർ പാനിയം കൊണ്ടുവന്നു കൊടുക്കുന്നു.)

---

a. മിസ്റ്റർ പാൾ.

മിസ്സസ്സ് ഡി—1. പൊട്ട്ളേരു.

2. തയാർ, അമ്മേ.

മി. ഡി—3. രണ്ടു വിസ്കിയും രണ്ടു സോഡയും.

4. വേഗമാവട്ടെ പൊട്ട്ളേർ! 5. ഇറക്കം.

മി. ഡി—6. തുരുപ്പു.

താര—7. ഇരട്ടിച്ചു.

മി. ഡി—8. രണ്ടിരട്ടിച്ചു. 9. ബോയ്! വേഗം വരു ബോയ്,

താര—മിസ്റ്റർ നായക്ക് വിശേഷമൊന്നുമില്ലല്ലോ. (എന്നു മി. ഡി.—യോടു ചോദിക്കുന്നു.)

മി. ഡി.—(സ്വഗതം) അമ്പടി താരേ; എടി കുരങ്ങത്തി. എന്നെ പരിഹസിക്ക്യാ? (പ്രകാശം) കല്യാണം കഴിയാത്ത പെണ്ണുങ്ങൾക്ക് ഈവക കാര്യങ്ങൾ അന്വേഷിക്കേണ്ട ആവശ്യമില്ല.

(എന്നു പാളിനെ നോക്കി കിളിച്ചിരി ചിരിക്കുന്നു. ടി. ബി.-യും താരയും തമ്മിൽ നോക്കി രസിക്കുന്നു.)

താര—കല്യാണം കഴിഞ്ഞു വന്നാൽ പറഞ്ഞുതരാമോ?

മി. ഡി.—(മുഖം വീർപ്പിച്ചുകൊണ്ട്,) Boy! (ബട്ട്ളർ വരുന്നു) Three chips please[1].

താര—ഒന്നെനിക്കും boy (മി. ഡി. ശീട്ടു മാറിയെറക്കി) ഓ തെററി (എന്ന് ആ ശീട്ടെടുക്കുന്നു. പുരുഷന്മാർ തമ്മിൽ നോക്കുന്നു. അണിയറയിൽ ഓക്കാനിക്കുന്ന ഒച്ച കേൾക്കുന്നു.)

മി. ഡി.—Excuse me[2] (എന്നു പരിഭ്രമിച്ചുപോകുന്നു.)

താര—നായരുടെ കലിയിറങ്ങിത്തുടങ്ങി.

പുരുഷന്മാർ—(എഴുന്നേററ്) നമുക്കൊന്നു പോയി അന്വേഷിക്കണ്ടെ?

---

ഡി—1. ബൊട്ട്ളർ! മൂന്നാൾക്കു കിഴങ്ങുപ്പേരി.

2. മാപ്പു തരണേ.

താര—ഞാൻ വീട്ടിലേക്ക പോണു; Good night[1] (എന്നു പോകുന്നു.)

പുരുഷന്മാർ—Good night (എന്നു പിന്നാലെ പോകുന്നു.)

(എല്ലാവരും പോയി.]

രംഗം 7.

[മദനവിലാസംബംഗ്ലാവിൽ തീൻമുറി—നേരം നട്ടുച്ച—മുത്താഴത്തിന്നൊരുക്കിക്കൊണ്ടു കിണ്ടപ്പൻനായരും കുഞ്ഞിക്കുട്ടിയും പ്രവേശിക്കുന്നു.]

കിണ്ട—ശീമയിൽ പോയി പടിക്കാൻ എത്ര പണാണ് അവർ വെള്ളത്തിൽ കലക്കിയത്. ആ അച്ഛനമ്മമാരെ ഇങ്ങിനെ വെസനിപ്പിച്ചാലോ? ദൈവദോഷൊണ്ട്.

കുഞ്ഞു—ദൈവനുള്ളത് ആരു കണ്ടുവെന്നല്ലേ കൊച്ചേമാൻ ചോദിക്കുന്നത്.

കിണ്ട—കുതിരപ്പന്തയവും ഉടുപ്പും നടപ്പും ഒട്ടലും കളബോസും ആയി കൊച്ചേമാൻ കുറച്ചാണോ പണം മുടിക്കുന്നത്. ഏമാന്നാണെങ്കിൽ വയ്യാണ്ടായി. വരായും ചുരുങ്ങി.

കുഞ്ഞു—തമ്മം വേണ്ട. ശമ്പളെങ്കിലും കൊടുക്കരുതേ?

കിണ്ട—ഏമാനൻ കുറെ വസ്തു പിടിച്ചിരുന്നതൊക്കെ അട്ടിപ്പേറു കൊടുത്തു പണോക്കെ കൊച്ചേമാൻ ബാങ്കിലോ പീങ്കിലോ കൊണ്ടേ പൂത്തിയത്രെ.

---

താര—1. സുരാത്രം.

കുഞ്ഞു—വല്ലപാടും ഇവിടുന്നു പോയാൽ മതി. എന്റെ ഈശ്വരാ! തമ്മം കിട്ടില്ലെങ്കിലും പട്ടി കടിക്കാഞ്ഞാ മതി.

(ഹേമന്തകുമാരിയും ദാമോദരൻനായരും പ്രവേശിച്ചു കണ്ണിയത്തോടുകൂടി കസാലമേൽ മിണ്ടാതെ കണ്ടു മകനെ കാത്തിരിക്കുന്നു. ശിഷ്യനും ശിഷ്യത്തിയും ഒളിച്ചു നില്ക്കുന്നു. അണിയറയിൽ ബൂട്ടിസിന്റെ ശബ്ദം കേൾക്കുന്നു. ഉടുപ്പിട്ടു വടിയുമായി പട്ടിയെ ചങ്ങലയിട്ടു പിടിച്ചുകൊണ്ടു കിരിയത്തു ദാമോദരൻ കുട്ടികൃഷ്ണൻനായർ പ്രവേശിക്കുന്നു.)

കിരി-Good morning mother[1] Good morning father[2] (എന്നു തൊപ്പി മേശമേൽ വെച്ചു കസാലയിൽ ഇരിക്കുന്നു) ഇന്നത്തെ Golf[3] ബഹു രസം പിടിച്ചു.

ഏമി—ഈ ഉച്ചക്കു വെലിങ്ങനെ കൊണ്ടാലോ കുട്ടാ?

കിരി—എന്തു Wretched country[4]യാ ഇതു്. കളിക്കുകയാണെങ്കിൽ London turf[5]-ഇൽ കളിക്കണം. How charming[6]! (ശിഷ്യൻ ഡിഷ്, കൊണ്ടുവരുന്നു.) അല്ലാ നിങ്ങടെ breakfast[7] കഴിഞ്ഞില്ലേ? ഞാൻ ഹോട്ടലിൽ കഴിച്ചു.

ഏമി—ഞങ്ങൾ കുട്ടനുവേണ്ടി കാത്തിരിക്കുകയായിരുന്നു.

---

കിരി—1. സുദിനം മാതാവെ 2. സുദിനം. പിതാവേ...........
3. ഗോൾഫ് കളി.
കിരി—4. കെട്ടുകെട്ട നാടു്. 5 ലണ്ടൻ പുൽപ്പുരപ്പ. 6........
എന്തു പരമാനന്ദം 7. പ്രാതൽ.

കിരി—നമ്മുടെ സീസക്കൊന്നും കൊടുക്കുവാൻ തരമായില്ല. (എന്നു പട്ടിയെ തൊട്ടു തലോടി റൊട്ടി കൊടുക്കുന്നു. ആ ണിയറയിൽ ഒരു പിച്ചക്കാരന്റെ പാട്ടു കേൾക്കുന്നു.) ഈ Beggers[1]നെക്കൊണ്ടു തോററു. ഈ Old priest-ridden country[2]യിൽ ധൎമ്മം ധൎമ്മം എന്നു പറഞ്ഞ Idleness[3] -ഉം Humbug[4]-ഉം Encourage[5] ചെയ്യാണ്. ഒരു Regulation[6] ഉണ്ടാകുവാൻ വൈകി.

ഏമി—കുട്ടനു Election[7]നു നില്ക്കരുതേ? (എന്നു തിന്നുന്നു.)

കിരി—Bosh! ഈ Muffs[8]-ഇന്റെ കൂട്ടത്തിൽ ആരു പോകും. (അയ്യോ, ശാതപിരുന്താലെ, കുളമ്പുരുന്താലെ, തരമതാ- എന്നു വീണ്ടും കേൾക്കുന്നു.)

ദാമോ—കിണ്ടേ! രണ്ടു പിടി അരി വാരി കൊടുക്ക്.

കിരി—ചോദിക്കാണ്ട് ഇങ്ങോട്ടു കേറിവരുന്നത് അധിക പ്രസംഗമല്ലേ? വേണ്ട, കിണ്ടേ- ഒന്നും കൊടുക്കണ്ട. (പിച്ചക്കാരൻ ഉമ്മറത്തു വന്ന് 'അയ്യരേ— എന്നു വീണ്ടും പാടുന്നു—കിണ്ടൻ പരുങ്ങി നിൽക്കുന്നു.)

പിച്ച—എന്നപ്പ! ഏഴേ, തരമം കൊടുങ്കോ അപ്പാ! (എന്നു പാത്രം കാണിക്കുന്നു.)

---

1. പിച്ചക്കാർ.
2. ഈ പുരോഹിത ചോദിതമായ പഴയ നാട്ടിൽ............
3. മടിയും, 4. ചതിയും. 5. കൊണ്ടാടുകയാണ്.
6. ഒരു നിയമം.
7. തിരഞ്ഞെടുപ്പ്. 8. മടയന്മാർ.

കിരി—നിൻെറ അപ്പൻ—(എന്നു പറഞ്ഞു് എഴുന്നേററു ബൂട്സിട്ടു ചവുട്ടുന്നു.)

പിച്ച—മച്ചൂട്ടം മുടിഞ്ഞുപോകട്ടം- ആണ്ടവനെ! (എന്നു കരഞ്ഞുകൊണ്ടു പോകുന്നു.)

(അണിയറയിൽ Post Sir[1])

കിരി--കിണ്ട! അതിങ്ങട്ടു മേടിക്കു (കിണ്ടപ്പൻ പോയി കൊണ്ടുവരുന്നു. മെയിൽപത്രം പൊട്ടിച്ചുനോക്കി.) Arbuthnot Crash[2]. Thouands Rendered bankrupt[3] (എന്നു വായിക്കുന്നു. "പൊളിഞ്ഞോ" എന്നു നായരും, "ബാങ്ക്" എന്നു ഭാൎയ്യയും മോഹാലസ്യപ്പെട്ടു കസാലയിൽ വീഴുന്നു. ശിഷ്യനും ശിഷ്യത്തിയും അന്യോന്യം നോക്കുന്നു. കിരിയാത്തു കൈകടിച്ചു കുടയുന്നു)

(തിരശ്ശീല വീഴുന്നു.)

## രംഗം 8.

[വീരത്തടത്തു വീട്ട്-നേരം ഉച്ചക്കു് ഒരു മണി- പാറുവും അയ്യപ്പനും കഞ്ഞി കുടിക്കാൻ ഭാവിക്കുന്നു.]

അയ്യപ്പൻ--ഓപ്പൊളെ! അമ്മാമൻ അറിയാണ്ടു് ഒരു കാൎയ്യം ഞാൻ പഠിച്ചു.

---

1. തപാൽ, സാർ.

കിരി—2. ആർബത്തു നാട്ടുബാങ്കു പൊളിഞ്ഞു. 3. അനേകായിരം ജനങ്ങൾ പാപ്പർ മലന്നു.

പാറു--എന്താത്? (എന്നു തട വെക്കുന്നു.)

അയ്യ--കാപ്പോള് അന്നു നെല്ലു വാങ്ങാൻ കാവിലേക്കു പോയില്ലേ? അന്നു വൈകുന്നേരം ചന്തയിൽ പോയി ചക്ക വിററു കിട്ടിയ നാലണയുംകൊണ്ടു വീട്ടിലെക്കു വരുമ്പോ അങ്ങേലെ കിട്ടനായരെ കണ്ടു. അങ്ങോര് എന്നോട് ഒരു ഷോടതിക്കുറിയിൽ ചേരുന്നുവോ എന്നു ചോദിച്ചു. എനിക്കൊരു കൊതി തോന്നി. നാലണ കൊടുത്തു. എന്താ ഏതാ എന്നൊന്നും ഞാൻ ചോദിച്ചില്ല. അയാൾ ഒരു കടലാസ്സും തന്നു. അതു ഞാൻ അരയിൽ തിരുകി വച്ചിരിക്കയാണ്. ആരേയും കാണിച്ചിട്ടില്ല. (എന്നു രശീതി കാണിക്കുന്നു.)

പാറു--അമ്മാമനോടൊന്നു ചോദിച്ചിട്ടാവായിരുന്നു.

അയ്യ--കാപ്പോളേ! അതെനിക്കു കൊടുത്തു കഴിഞ്ഞപ്പോ തോന്നി. അതിൽപിന്നെ മനസ്സിന് ഒരു തൊയിരോണ്ടായിട്ടില്ല.

പാറു--(രശീതി നോക്കീട്ട്) ഇതിൻെറ കാലം കഴിഞ്ഞല്ലോ. ആട്ടെ ഇതിനെപ്പററി ഇനി വ്യസനിച്ചിട്ടു കാര്യമില്ല. അമ്മാമനോടു ഞാൻ പാകംപോലെ പറഞ്ഞു നേരെയാക്കാം. (എന്നു [illegible] വിളമ്പുന്നു.)

അയ്യ--"ഒന്നുകൊണ്ടറിയേണം രണ്ടിൻെറ ബലാബലം" ഇനി എനിക്കിവിഡ്ഢിത്തം പററില്ല. നാലണകൊണ്ടൊരു പിച്ചാത്തി വാങ്ങായിരുന്നു. (അണിയറയിൽ—'അയ്യോ......എന്ന പാട്ടും, അമ്മാമ കൊഞ്ചം തുള്ളി കൊട്ടുകാ അമ്മാ— എന്നും കേൾക്കുന്നു.)

പാറു--ആരാ അയ്യപ്പാ അത്?

അയ്യ--(പാറുവിനെ നോക്കിവന്ന്) ഒരു വയസ്സൻ തമിഴനാണ്. കണ്ടാൽ കഷ്ടം തോന്നും.

പാറു--ആരാവടെ, ഇങ്ങട്ടു വരു. (പിച്ചക്കാരൻ വിറച്ചു വിറച്ചു പ്രവേശിക്കുന്നു.) ആ ചുരക്ക അവിടെ വക്കു. (വെക്കുന്നു. കുടിക്കുവാൻ വെച്ചിരുന്ന കഞ്ഞി എടുത്തു പിന്നെയും പിന്നെയും കൊടുക്കുന്നു. പിച്ചക്കാരൻ കഞ്ഞി മോന്തി തൃപ്തനായി എന്നു നടിച്ച്.)

പിച്ച--അമ്മമാരും നന്നായിരിക്കട്ടും. കുടുംബത്തിക്കു ചീറേയസ്സു വരുംപടിയാക നാൻ ആണ്ടവനെ എപ്പൊഴുതും തുതിക്കിണ്ട്റേൻ. (എന്ന് അനുഗ്രഹിച്ചു പോകുന്നു.)

അയ്യ--ബാക്കിയുള്ള കഞ്ഞി ഓപ്പോളു കഴിച്ചോളു.

പാറു--എനിക്കു വേണ്ട. ഞാൻ പിന്നെ വച്ചു കഴിച്ചോളാം; അയ്യപ്പൻ്റെ കഴിയട്ടെ. (അണിയറയിൽ 'ആരാവിടെ ഒരു രജിസ്റ്റർ കത്തുണ്ട്' എന്നു കേൾക്കുന്നു.)

അയ്യ—(പരിഭ്രമിച്ചുകൊണ്ട്) എന്തൊരു ബിംബിട്ടാത്. നമ്മളൊരു കുററവും ചെയ്തിട്ടില്ലല്ലൊ ഓപ്പോളെ. ആ കിട്ടുനായർ നമ്മളെ പററിച്ചൊ? കയ്യിലുള്ളതു കൊടുത്ത് ഈ കടലാസ്സു വാങ്ങിയതു പൊല്ലാപ്പായല്ലൊ! എൻ്റെ ദൈവമേ! (കടലാസ്സു കീറിക്കളയുവാൻ ഭാവിക്കുന്നു.)

പാറു—അതു കീറണ്ട. പേടിക്കാണ്ടിരിക്കു. അമ്മാമനു

കോടതിയിൽനിന്നു വല്ലതും വന്നതായിരിക്കും. ചെന്നു ചോദിക്കു.

അയ്യ—ഇനിക്കു വയ്യ. (എന്നു കൈ തലക്കൽ വെയ്ക്കുന്നു.)

പാറു—വരു. ഞാനും വരാം. (എന്നു നടക്കുന്നു. അയ്യപ്പൻ പിന്നാലെ പോകുന്നു.)

(എല്ലാവരും പോയി.)

## രംഗം 9.

[രജിസ്ത്രാപ്പീസ്സ—നേരം-പകൽ പതിനൊന്നു മണി—ചീരത്തട ത്തു ശങ്കുനായരും അയ്യപ്പനും അങ്ങേലെ കിട്ടുനായരും പ്രവേശിക്കുന്നു.]

രജിസ്ത്രാർ—(ക്ലാർക്കിനോടു) ശങ്കുനായരുടെ കാര്യം മുമ്പു കഴിയട്ടെ. (ഒരു കടലാസ്സ വാങ്ങി) 'പുരാണപുരത്തിൽ വർണ്ണഭേദംകൂടാതെ ഒരു അഗതിജനശരണാലയം സ്ഥാപിക്കുന്നതിലേക്കു മൂലധനമുണ്ടാക്കുവാനായി എല്ലാ സ്ഥാനവും ഒന്നായി വരുന്ന കൊല്ലം 1111-ാമാണ്ടു കള്ളക്കർക്കടമാസം മുഴുവനും മുടിയുന്ന 32-ാംനു-ഐത്തോച്ചാടനാശ്രമത്തിൽ മിശ്രഭോജനക്കമ്മിററിമുമ്പാകെ വെച്ചു നറുക്കിട്ടെടുത്ത ഷോടതിയിൽ ഒന്നാം സമ്മാനം എനിക്കു കിട്ടിയ വക 30000(ഉറുപ്പിക മുപ്പതിനായിരവും)അഗതിജനശരണാലയക്കമ്മിററി കാര്യദശി പൂരുപടപുണ്യാരണ്യവേദവിക്രയമഠാധിപതി കാളീരമണശ്രീ മാ-പാ-പി-ദുരിതദത്തൻ സോമയാജിപ്പാട്ടിലേക്കുവേണ്ടി അങ്ങേലെ കിട്ടുനായർപക്കൽനിന്നും എനിക്കു കിട്ടി ബോധിച്ചു. എന്നു താഴെ പറയു

ന്ന സാക്ഷികൾ കാണെ പുതുയുഗാരംഭം 1112-ാമാണ്ടു ചിങ്ങമാസം 12-ാംനു ചിരത്തടത്തു ലക്ഷ്മി അമ്മ മകൻ അയ്യപ്പൻ (ഒപ്പു്)

സാക്ഷികൾ:—

1. ചിരത്തടത്തു ശങ്കരൻനായർ.

2. അങ്ങേലെ കിട്ടുനായർ. (എന്നു വായിക്കുന്നു.)

അയ്യപ്പൻനായർ വായിച്ചുനോക്കി ശരിയല്ലേ എന്നു പറയു.

ശങ്കു—അതേയെന്നു പറ അയ്യപ്പ.

അയ്യ—അതേ.

രജി—ഒപ്പിടു. (ഒപ്പിടുന്നു. സാക്ഷികളും ഒപ്പിടുന്നു. മുദ്ര കുത്തി രജിസ്ട്രാക്കി ക്ലാക്ക് വക്കീൽ കൊടുക്കുന്നു.)

രജി—ശങ്കുനായരുടെ കാര്യം കഴിഞ്ഞില്ലേ?

ശങ്കു—ഇല്ല. ഒരു പണയാധാരം രജിസ്ട്രാക്കാനുണ്ടു്.

രജി—ശരി. കിരിയാത്തു വീട്ടുകാരുടെ പണയെടവാടു്. അല്ലേ?

ശങ്കു—അതെ.

രജി—ആളുകളൊക്കെ വന്നിട്ടുണ്ടോ?

ശങ്കു—ഇപ്പോൾ വരും.

രജി—മദനവിലാസം ബങ്കളാവും പറമ്പും പണയപ്പെടുത്തിയതുകൊണ്ടായോ? മുതലും പലിശയും എങ്ങനെ വസൂലാവും.

ശങ്കു—കുട്ടികൃഷ്ണൻനായൎക്ക് ഒരു പണി കൊടുക്കാമെന്നു തുക്കിടിശ്ശിരസ്തദാർ പറഞ്ഞിട്ടുണ്ട്. ശമ്പളത്തിൽനിന്ന് 50 ഉറുപ്പിക വീതം മാസംതോറും തരാമെന്നാണു വച്ചിട്ടുള്ളത്.

റജി—പറഞ്ഞപോലെ നടക്കുമോ?

ശങ്കു—ഇനി ബുദ്ധി പിഴക്കുമെന്നു തോന്നുന്നില്ല. നേരത്തെ കുളിച്ച് അമ്പലത്തിൽ ഭജനം തുടങ്ങിട്ടുണ്ട്.

റജി—പണി കളഞ്ഞു കുളിച്ചാലൊ.

ശങ്കു—ഞങ്ങൾ ഇതുകൊണ്ടല്ലല്ലൊ കഴിഞ്ഞിരുന്നത്.

(ദാമോദരൻനായർ, കുട്ടികൃഷ്ണൻനായർ, ഹേമന്തകുമാരി, ചിന്നാലെ പാറു, കിണ്ടപ്പൻ, കറുമ്പിക്കുട്ടി ഇവർ പ്രവേശിക്കുന്നു.)

റജി—ആധാരം തയാറായിട്ടുണ്ട്. (ഹാജർ വായിക്കുന്നു.)

1. ചീരത്തടത്തു നാനി അമ്മ മകൻ ശങ്കുനായർ.
2. ടി ലക്ഷ്മി അമ്മ മകൻ അയ്യപ്പൻ
3. ടി ടി മകൾ പാറു
4. ടി പാറു അമ്മ മകൾ മൈനർ എച്ചുമ.
5. കടിപററിപ്പറത്തു ചെറുമുട്ടി അമ്മ മകൻ ദാമോദരൻനായർ.
6. കിരിയാത്തു കാളി അമ്മ മകൻ കുട്ടികൃഷ്ണൻനായർ.
7. ടി ഇട്ടിണ്ണാമ്മ മകൾ ഹേമന്തകുമാരി എന്ന കാളി.

8. ടി ടി. കാളിമകൾ ദ്രൌപതി എന്ന ചിന്നമ്മു.

9. ടി ടി. മകൻ ശങ്കരൻകുട്ടി.

(എന്നു വായിക്കുന്നു.)

എല്ലാവരും ഹാജരുണ്ടോ?

ദാമോ—8-ം 9-ം എനിക്കു മുക്ത്യാറുണ്ട്.

രജി—4-ാംനമ്പ്ര് മൈനരുടെ രക്ഷാകൎത്താവു ശങ്കുനായർ (എന്ന് ആധാരംനോക്കി വായിക്കുന്നു.) ശരി. എല്ലാവരും ഒപ്പിടാം. (കാരണവരുത്തരായി ഒപ്പിടുന്നു) സാക്ഷികൾ കിട്ടുനായരും കിണ്ടപ്പൻനായരും എവിടെ? (അവരും ഒപ്പിടുന്നു.)

(ശങ്കുനായർ ദാമോദരൻനായൎക്കു നോട്ടായി പണം എണ്ണി കൊടുക്കുന്നു.)

രജി—ദാമോദരൻനായർ! നിങ്ങളും നിങ്ങളുടെ കുടുംബവും ചീരത്തടത്തോൎക്ക് എന്നും നന്ദിയുള്ളവരായിരിക്കണം.

ദാമോ—ദൈവത്തെ ധിക്കരിച്ചു ലോകത്തെ വന്ദിച്ചതിൻെറ ഫലം ഞങ്ങൾ അനുഭവിച്ചു. (ഏമി കരയുന്നു. പാറു ആശ്വസിപ്പിക്കുന്നു.) ശങ്കുനായരെ! മേലാൽ ഞങ്ങളെ വേണ്ടപോലെ പറഞ്ഞു നടത്തണം.

അയ്യപ്പൻ—(കുട്ടികൃഷ്ണൻനായരെ തൊട്ടുവിളിച്ചു) ഒക്കെ കഴിഞ്ഞോ? എനിക്കു തേവാൻ പോണം.

കുട്ടി—നിൽക്കു ഞാനും വരാം സഹായിക്കാൻ. ഇനിക്കു കൃഷി പഠിച്ചാൽ കൊള്ളാമെന്നുണ്ട്.

അയ്യപ്പൻ—കൃഷി ചെയ്തുകഴിയാത്തവക്കൊരു
വഴിയില്ല പിഴപ്പിന്നു ഭൂതലേ
ദാരിദ്ര്യങ്ങളൊഴിക്കണമെങ്കിലോ
നേരത്തേ കൃഷി ചെയ്യണമേവരും.

ശങ്കു—അയ്യപ്പ! നീ പോണങ്കിൽ പൊക്കോ.

ദാമോ—കുട്ടികൃഷ്ണനും പൊക്കോളു.

(രണ്ടുപേരും പോകുന്നു)

ശങ്കു—ഇന്നുമുതൽ കഴിഞ്ഞതൊക്കെ മറന്നു നമ്മൾ എല്ലാവരും ഒരു തറവാട്ടിലുള്ളവരെന്നപോലെ നടക്കണം. സത്യവും മയ്യാദയും തന്നെയാണ് ഈശ്വരൻ മനുഷ്യൎക്കു നിശ്ചയിച്ചിരിക്കുന്ന ധനം. കാരുണ്യംതന്നെയാണു ദൈവമെന്നു പറയുന്നതു്. ഈശ്വരന്റെ സാന്നിദ്ധ്യം എല്ലാടത്തും ഉണ്ടു്. സ്നേഹമുള്ള ദിക്കിലേ അതു പ്രകാശിക്കു.

ദാമോ—അതു ശരിയാണ്. ഭഗവാന്റെ വിഭൂതി എന്നു പറയുന്നതു് അതുതന്നെയാണ്.

നറുമലരിൽ നറുന്തേൻ നന്മണം നല്ല പാലിൽ
പെരുകിയ നവനീതം നാദപൂരം നഭസ്സിൽ
അരണിയിലനലൻ നീ പാരമാരായുവോൎത്തൻ
കരതലഗതമായിത്തീരുമാനന്ദസാരം.

റജി—എന്നാലങ്ങിനെയാട്ടെ. (എന്നു ശങ്കുനായർ മുതലായവർ പിരിയുന്നു.)

(സ്വഗതം) ഇതാണു കൎമ്മവിപാകമെന്നു പറയുന്നതു്. അവരവരുടെ കൎമ്മത്തിന്റെ ഫലം അവരവർ അനുഭവിക്കാതിരിക്കയില്ല.

അത്യുൽക്കടൈഃ പുണ്യപാപൈ-
രിഹൈവ ഫലമശ്നുതേ.

ശുഭം.

## II

# വാസനാവിജ്ഞനം

---

### രംഗം 1.

[ദേവർത്തൊടിയിൽ പത്മായപ്പുര— നേരം വൈചാറി— അമ്മാളു അമ്മ ഹാർമ്മോനിയം ശ്രുതികൂട്ടി മൂളിപ്പാട്ടു പാടിക്കൊണ്ടു് ഇരുന്നു പ്രവേശിക്കുന്നു. താമരക്കുളത്തിലെ പത്മാവതി എന്ന പെൺകുട്ടി വരുന്നു.]

അമ്മാളു— കുഞ്ഞിക്കാവെവിടെ? പത്മെന്താ? ഈ പട്ടിയെപ്പോലെ കിതക്കുന്നേ?

പത്മാ— നേരം വൈകീന്നു വിചാരിച്ചു ബദ്ധപ്പെട്ടോടിപ്പോന്ന്യേ്. കുഞ്ഞിക്കാവു മുമ്പിൽ പോന്നിരിക്കുന്നു കരുതി, ഞാൻ വാകവളപ്പിൽ കേറില്ല.

അമ്മാളു— ഇന്നലെ തോന്നിച്ച പദമൊന്നു ചെല്ലു. (മുഖത്തു നോക്കീട്ടു്) അവിടെ ഇരുന്നോളൂ. ('ജയജയനാഗകേതന'— എന്നു് എടുത്തിട്ടു താളം പിടിച്ചുകൊടുക്കുന്നു.)

പത്മാ— (ഇരുന്നു മേൽമുണ്ടിന്റെ തുമ്പുകൊണ്ടു മുഖംമറച്ചു ദീർഘമായി നിശ്വസിച്ചു പുഞ്ചിരിയോടുകൂടി.)

ജയജയനാഗകേതന! ജഗതീപതേ!
ജയ ജയ നാഗകേതന!
നയ വിനയജലധേ! നമാമി നിൻപദസരോരുഹം
ജയ ജയ .

സാ— (സംശയിക്കുന്നു.)

അമ്മാളു—ഉം ചെല്ലു-സാദരം—(ഇടക്ക് അമ്മാളു സഹാ യിച്ച്.)

പത്മാ—'സാദരം നിന്നുടയനിദേശം
കൈക്കൊണ്ടെല്ലാരും
മേദിനീതന്നിലോരോ ദേശം-
തോറുമധികം
മോദേന വാണിടുന്നനിശം ഉള്ളിലാക്കുമേ
ഖേദമില്ലൊരു ലവലേശം'

(എന്നു രണ്ടാം ചരണം ചൊല്ലുന്നു.)

(വാകവളപ്പിൽ കുഞ്ഞിക്കാവു തലമുടി കെട്ടി ഒതുക്കുന്ന നാട്യത്തോടുകൂടി ധൃതിയിൽ പ്രവേശിച്ചു പത്മാവതിയുടെ അടുത്തുവന്നു നിൽക്കുന്നു.)

അമ്മാളു—(ശ്രുതി പിടിക്കുന്നതു നിർത്താതെ കുഞ്ഞിക്കാവിനെ നോക്കി) കുഞ്ഞിക്കാവിനു കളിയൊക്കെ വേണ്ടെന്നു വയ്ക്കേണ്ട കാലമായിരിക്കാമല്ലേ? (പത്മ കീഴ്പോട്ടു നോക്കി ചിരിക്കുന്നു.)

കുഞ്ഞിക്കാവ്—(ധൈര്യം കൌശലവും ആയി) ഞാനെന്തുട്ടാ ചെയ്യണെ! ഇങ്ങട്ടു പോരാൻ വൈകിട്ട് ഈയുള്ളോള് കിടന്നു പരിക്കംപായിമ്പോ അമ്മേണ്ട് മുണ്ടുപെട്ടിയുടെ താക്കോലു മടിത്തുമ്പുമ്മെ മുറുക്കെക്കെട്ടി തൊഴത്തിലേയ്ക്കു പോയിരിക്കുണു. എൻറീശ്വര! ഞാനവടെ ചെല്ലുണു, അമ്മേണ്ട് എൻെറനേരെ ചാടിക്കടിക്കാൻ വരുണു. ഞാൻ വല്ലതും അറിഞ്ഞോ! കുട്ടിയെ ആരാണ്ടഴിച്ചുവിട്ടു പുവ്വാലിപ്പയ്യിൻെറ പാലൊക്കെ കുടിപ്പിച്ചുവത്രെ, അമ്മ ആ സാധുപ്പയ്യിൻെറ അവിടു തട്ടണു,

മുല പിടിക്കുണ്ടൊ, വലിക്കുണ്ടൊ, പിഴിയിണ്ടൊ — എവിടെ? ഒരു തുള്ളി പാലെങ്കിലും കിട്ടണ്ടെ! ഉ്ം ഉ്ം. പൂവ്വാലി-സാധു-ഒരു ചവിട്ടുകൊടുത്തു. അമ്മ ഇതാ കിടക്കണു മലന്ന് — (ശ്രുതി നിൎത്തുന്നു) ഞാനാത്തരം കണ്ട് താക്കോലു കെട്ടഴിച്ചേട്ടത്തുംകൊണ്ടോരോട്ടം കൊടുത്തു.

(പത്മ വാശ്ലോത്തി കിട്ടകിടെ ചിരിക്കുന്നു.)

അമ്മാളു (കഷ്ടംവെച്ചുകൊണ്ട്) അതു നന്നായൊ കുഞ്ഞിക്കാവെ! അമ്മക്കു വല്ലതും പററിയൊ എന്നു നോക്കണ്ടെ?

കുഞ്ഞിക്കാവു് — അമ്മയ്ക്കു പാലുപോയതിലധികമൊന്നും പററാനില്ല. അമ്മ വീണേടം വിഷ്ണുലോകന്ന് കിടന്നേടത്തു കിടന്നു പാൽപ്പാത്രം ഉടഞ്ഞോന്നാ നോക്കണെ!

അമ്മാളു — ഒരമ്മയും ഒരു മോളും. ആട്ടെ മതി മതി. ഇനി ഉള്ളസമയം കളയണ്ടെ. ഇന്നക്കേതാ പത്മേ?

പത്മാ — "വീരവിരാടകുമാരവിഭോ"

(എന്നെഴുന്നേൽക്കുന്നു.)

അമ്മാളു — എന്നാൽ തുടങ്ങിക്കോളൂ (എന്നു ശ്രുതി പിടിച്ചുപാട്ടുന്നു. പത്മാവതിയും കുഞ്ഞിക്കാവും കുമ്മിയടി തുടങ്ങുന്നു.)

പത്മാ — 'വീരവിരാട! കുമാരവിഭോ!
ചാരുതരഗുണസാഗരഭോ'!

കുഞ്ഞി — മാരലാവണ്യാ! നാരീമനോഹാരിതാരുണ്യ
ജയ ജയ! ഭൂരികാരുണ്യ! — വന്നിടുക
ചാരത്തിഹ പാരിൽത്തവ നേരൊത്തവരാരു

(ത്തര:

സാരസ്യസാരമറിവതിനും നല്ല
മാരസ്യ ലീലകൾ ചെയ്യതിനും
(തേവർത്തൊടിയിൽ ബാലകൃഷ്ണൻ ചെരിച്ചുനോക്കുന്നു )

നാളീകലോചനമാരേ! നാം
വ്രീളാകളഞ്ഞു വിവിധമോരോ

(ബാലൻ ഉപായത്തിൽ അകത്തു കടന്നു് അമ്മയുടെ പിന്നിൽ പതുങ്ങിയിരുന്നു നെട്ടുവന്റെ അടവു കാട്ടുന്നു.)

കേളികളാടി, മുദാ രാഗമാലകൾ പാടി—കരംകൊട്ടി-
ച്ചാലവേ ചാടി, തിരുമുമ്പിൽ
താളത്തൊടു മേളത്തൊടു മേളിച്ചനുകൂലത്തൊടു
മാളികളേ! നടനം ചെയ്യണം നല്ല കേളി ജഗത്തിൽ വ
(ളർത്തിടേണം.”

(പത്മ ബാലനെക്കണ്ടു ലജ്ജിച്ചു നിൽക്കുന്നു. കഞ്ഞിക്കാവു ബാലനെ നോക്കി പൊട്ടിച്ചിരിക്കുന്നു. ബാലൻ അമ്മയുടെ പിന്നിൽ ചുരുണ്ടുകൂടി കിടക്കുന്നു. അമ്മാളു അങ്ങോട്ടും ഇങ്ങോട്ടും നോക്കീട്ടു് ആരേയും കാണുന്നില്ല. പത്മയും ചിരിക്കാൻ തുടങ്ങുന്നു)

അമ്മാളു—എന്താ കുട്ടികൾ കിടന്നു കിണുങ്ങണതു്? ആരെങ്കിലും ഇക്ലി കൂട്ടിയോ ഇത്ര ചിരിക്കാൻ? (ബാലൻ ഒതുക്കിപ്പിടിച്ചിരുന്ന ചിരി പൊട്ടുന്നു—തിരിഞ്ഞുനോക്കി ബാലനെക്കണ്ടു പത്മയുടെ മുഖത്തു നോക്കി മന്ദഹാസത്തോടുകൂടി) പടുവികൃതി! ഇവനാണ് ഇതൊക്കെ ഉണ്ടാക്കിത്തീർത്തതു് അല്ലേ? (തിരിഞ്ഞു്) പോ പുറത്തു് (എന്നു ബാലനെ പതുക്കെ തള്ളുന്നു) ബാലൻ—‘വീരവിരാട........ (എന്നു ചെരുപ്പുറത്തുകൊണ്ടു പോകുന്നു.)

അമ്മാളു—(ശ്രുതി പിടിച്ചു വീണ്ടും) ഉം—കേളികളാടി—

(വാകവളപ്പിൽ പെരുങ്കാളിയമ്മ ഒഴിഞ്ഞ പാൽപ്പാത്രവുമായി ശുണ്ഠിയെടുത്തു, കരിയെപ്പോലെ ചടാ'ടയെന്നു പ്രവേശിക്കുന്നു. എല്ലാവരേയും വെറുപ്പോടെ തുറിച്ചുനോക്കുന്നു. പത്മ പതുങ്ങുന്നു. ഉ. ക. ഠ ഓടിപ്പോകുന്നു)

അമ്മാളു—(സ്വഗതം) എന്തോ ഒരു കുസൃതിയുംകൊണ്ടാണു വന്നിരിക്കുന്നതു.

പെരും—(മകളുടെ നേരെ) നോക്കു, ആ കള്ളിപ്പെണ്ണോടിപ്പോണത്. (പത്മയെ നോക്കി) എന്താ 'ഏ'ന്നു നിക്കണെ?

അമ്മാളു—കുട്ടികളെന്തു പിഴച്ചു കാളി അമ്മേ?

പെരും—അല്ല ഞാനാ പെഴച്ചേ! അല്ലെങ്കീശ്വരനായിരിക്കാം പെഴച്ചതു്. വാകവീട്ടിലെ പത്തു വയറു പിഴക്കാൻ നാടൊക്കെത്തെണ്ടി കാലു പുണ്ണാക്കി നാഴിപാലു വിററിട്ടു വേണം. നിങ്ങളെപ്പോലെ പത്തായംപെറും, ചക്കികുത്തും, അമ്മവയ്ക്കും, ഞാനുണ്ണും എന്നു പറഞ്ഞെ ഈ പെട്ടീം പിടിച്ചു പീച്ചി പേ—പേ—ന്നാക്കിക്കൊണ്ടിരുന്നപ്പോര, മനസ്സിലായോ?

അമ്മാളു—അതിനു ഞാനെന്താ വേണ്ടതു്?

പെരും—ഈ പാത്രം നറച്ചെനിക്കു കിട്ടാറുള്ള പാലു മുഴുവനും കുടിപ്പിച്ചു കളഞ്ഞില്ലേ? കളഞ്ഞില്ലേ? ഒരു തുള്ളിപ്പാലെങ്കിലും വച്ചോന്നു നോക്കു. (എന്നു പാത്രം കമിഴ്ത്തിക്കാണിക്കുന്നു) ഞാൻ വെള്ളംകോരാൻ പോയപ്പോ പുവ്വാലിയുടെ അവിട് നിങ്ങടെ മജിസ്ത്രേട്ടേമാൻെറ കുമ്പപോലെ വീർത്തിരുന്നിരുന്നു, ഞാൻ പയ്യിനെ റക്കാൻ വന്നപ്പോണ്ട് അങ്ങേലെ മൂത്തിത്തള്ളേടെ ക

വിളുപോലെ ഒട്ടിക്കിടക്കണൂന്ന്—അത് കണ്ടപ്പോ ഇത്തിള് നീററിയപോലെ എൻെറ ഉള്ള് വെന്തുപോയില്ലേ. ആ സങ്കടം ഞാനല്ലേ അറിയുള്ളൂ. (പത്മ പതുക്കെയൊന്നു ചിരിക്കുന്നു) ചിരിക്കണു ചിരിക്കണു പെണ്ണു മുളച്ചു പൊങ്ങീട്ടില്ല.

അമ്മാളു—ആട്ടെ നിങ്ങൾ കാര്യം പറയൂ. എനിക്കു ജോലി വേറെയുണ്ട്.

പെരും—നിങ്ങടെ പാലകൃഷ്ണനും ഈ പെണ്ണും കൂടീട്ടല്ലേ ആ കിടാവിനെ അഴിച്ചുവിട്ടതു്. അല്ലേ പത്മാവതി! പറയൂ, പറയൂ, കേക്കട്ടെ ഞാനൊന്ന്.

പത്മാ—അല്ല, നിങ്ങടെ കുട്ടിരാമൻതന്നെയാണ്.

പെരും—അത്യോ! അത്യോ കുട്ടിരാമനോടാരാ കയറഴിച്ചു വിടാൻ പറഞ്ഞേ? നിങ്ങളല്ലേ കുട്ടിയുടെ വയറൊട്ടിക്കിടക്കണു, അതു ചാവാറായി എന്നൊക്കെ പറഞ്ഞുകൊടുത്തതു്?

പത്മാ—അതു ശരിയാണു രണ്ടു ദിവസമായില്ലേ കാളിയമ്മ അതിനെ പട്ടിണിയിടുന്നു?

പെരും—(ദേഷ്യപ്പെട്ടു പാൽപ്പാത്രമെടുത്താങ്ങിക്കൊണ്ടു മുന്നോട്ടു ചാടി) അതിന്നു നിനക്കെന്താ, എൻെറ ക്ടാവ് ചത്താ നിനക്കെന്താ ചേതെന്ന് (അടുക്കുന്നു.)

അമ്മാളു—പത്മേ! പൊയ്ക്കോളൂ നിക്കണ്ട. (പത്മ പോകുന്നു.) കാളിയമ്മേ! മെക്കട്ടു കേറാണ്ടിരിക്കു. ഇമ്മാസത്തെ കണക്കു തീക്കുമ്പോ ഈ പാലിൻെറ വിലയുംകൂടി തന്നാപ്പോരേ?

പെരും—ഇനിക്ക പോരായയൊന്നുല്ലെ്യ. ഇനിക്കെൻെറ പാലിൻെറ വില കിട്ടിയാൽ മതി. (എന്നു ദേഷ്യം അടങ്ങുന്നു.) നിങ്ങടെ കുട്ട്യേ ലാളിച്ച് ചീത്തയാക്കിയാ ഇനിക്കെന്താ? പാലകൃഷ്ണൻ കഴുവിന്മേൽ കേറണതു കാണാനാണ് തേവർത്തൊടിക്കാക്കിഷ്ടമെങ്കിൽ ഈ വാകവളപ്പിൽ പാൽക്കാരത്തിക്ക് ഒരു വിരോധോല്ല്യ. (എന്ന് അംഗ്യം കാട്ടി പറഞ്ഞുകൊണ്ടു പോകുന്നു.)

(അമ്മാളു മനോരാജ്യത്തിൽ ലയിക്കുന്നു.)

രംഗാവസാനം.

## രംഗം 2.

[വാകവളപ്പിൽത്തൊടി. നേരം പ്രഭാതം. ആണ്ടിപ്പണ്ടാരം ചൂളകുത്തി ഒരു മോന്തയിന്മേൽ താളം പിടിച്ചുകൊണ്ടു ബാലകൃഷ്ണൻ ഉത്സാഹമായി പ്രവേശിക്കുന്നു.)

ബാല—(ചൂളത്തിനു തുടച്ചയായി)

ചണ്ടി-പണ്ടാരം-നിന്നെ-തെണ്ടി-വന്തേനെ-കുടവും
കുത്തിക്കുടിച്ചപാലും. വീത്തുവയറിവനേ (ചൂളം)
പുവ്വാലിപ്പയ്യു പെററു-പൂവ്വപുണ്യപ്പാൽ കറന്നു
പാൽക്കുടത്തിൽ നീർകൊട്ടക്കും. പാക്കപ്പെരിയ കാളി
(ചൂളം).

ബർ—ർ, അമ്പടി പെരുങ്കാളി! (ഒരു ചുമ്മാടിന്മേൽ ഇരിക്കുന്ന തയിർകുടത്തിൽ കയ്യിട്ടുനോക്കി) എന്താ ഇതു് കഴിഞ്ഞ കുടാ? (എട്ടത്തു കലക്കി നോക്കുന്നു) എടി മൂതേവി! ചോ

ട്ടിൽ പുരളാനില്ല മോര്. പോരാത്തതൊക്കെ വെള്ളം
അല്ലെടി ചിമ്പ്രുങ്കണ്ണി! ഇന്നിവളെ ഞാനൊന്നു പ
കിരികൊള്ളിച്ചേ ഇരിക്കൂ. അമ്മേടെ അടുക്കൽ ചെ
ന്നേഷണി കൂട്ടീട്ടെന്തായി—എന്റെ കൊന്ത്രമ്പല്ലിവേ
ശീ? ബർ—ർ (കുടത്തിൽനിന്നു മോരു മോന്തയിൽ പകരുന്നു)
ഉപ്പും കൊള്ളാം വാവും കുളിക്കാം. പത്തമസ്സുള്ള മോരും
ആയി. ഈ ബാലന് ഇന്നേക്കുള്ള വകയായി. (ആ
ലോചിച്ച്) അതുകൊണ്ടായില്ല. ബർ—ർ ഒരു ചെപ്പ
ടിവിദ്യ വേണം. പെരുങ്കാളിയുടെ മോർക്കുടൊന്നു മൂ
ത്രം വീത്തട്ടെ. ഓടിവാ കുട്ടിച്ചാത്താ നകറിപ്പെണ്ണേ!
(എന്ന് അരക്കെട്ടിൽ തിരുകിയ പേനക്കത്തിയെടുത്തു കുടത്തി
ന്റെ പള്ള തുരന്നു വസ്ത്രാലിഴ തിരുകി എന്തോ വാരിയിടുന്നു)
ബർ—ർ ആ മിണ്ടാപ്രാണിപ്പയ്യിന്റെ ചോര പിഴി
ഞ്ഞെടുത്തു കണ്ടോരെ കുരുതി കുടിപ്പിച്ച് പച്ചപ്പാവ
ങ്ങളുടെ പണോം തട്ടിത്തിന്നു പൊളക്കണ കരിങ്കാളി!
പൈക്കടാങ്ങടെ പൂതന! പഞ്ചമഹാപാതകി! (അങ്ങോ
ട്ടും ഇങ്ങോട്ടും നോക്കി) ലളിതയുടെ പുറപ്പാടിനു മുമ്പു
പൊക്കളയാം ബർ—ർ.

കൊന്ത്രമ്പല്ലും കുടവയറും—ചിമ്പ്രുങ്കണ്ണും ചെമ്മൂക്കും
ചണ്ടിചണ്ടി, പെരുചുണ്ടി—കൊണ്ടുപടിക്കടി മട്ടമണ്ടി

(എന്നു നോട്ടു ചൊല്ലി, ബർ—ർ എന്നു മോന്തയും കൊണ്ടുപോ
കുന്നു. പെരുങ്കാളി ഒരു പാത്രത്തിൽ വെള്ളവുമായി പ്രവേശിക്കു
ന്നു.)

പെരും—തേവർത്തൊടിയിൽ ഇന്നു തൈർ കൊടുക്കേ

ണ്ട ദിവസല്ലേ? ഇത്ത് അവിടെയ്ക്കുതന്നെ ഇരിയ്ക്കട്ടെ. (വെള്ളം കുടത്തിൽ ഒഴിച്ചുകൊണ്ട്) കഴുമ്മൽ കേറാൻ പോണ ആ തെമ്മാടിച്ചെക്കൻ വെള്ളം കുടിക്കാണ്ടു ചാവണ്ട. വളംകൊട്ടത്തു വളംകൊട്ടത്തു വളത്തി വളത്തികായുണ്ടാവാറാവുമ്പൊ വേരററുകാണാം. ആ തള്ളയ്ക്കോട്ടു പറഞ്ഞാൽ കേറല്ല. ഇനിക്കെന്തേ? എന്നോട്ടു കുണ്ടോഷം പറയാൻ ആ അമ്മയ്ക്കു നല്ല വശത. എൻെറ കുഞ്ഞിക്കാവിന്ന് ആരു സമ്മന്തം തുടങ്ങ്യാലും അവക്കെന്താവോ? പണിക്കരുടെ കാലിന്ന ഭംഗിപോരത്രെ! അവരു കാലു തലോടാൻ പോവണ്ട ഓ! ഇനിക്ക കേക്കണ്ട. അവരുടെ ശങ്കരൻനായരുടെ വയറു മുണ്ടിൽ പൊതിഞ്ഞാൽ ആരും കാണില്ലെന്നേ വിചാരിച്ചേ? കൊശവൻെറ മങ്ങലികൊട്ടേലൊതുങ്ങേം മററുല്ല. ഇനിക്ക കേക്കണ്ട. ഓ—(എന്നു ചുമ്മാട്ടും കുടവും തലയിൽ വെച്ചുപോകുന്നു.)

## രംഗം 3.

[പെരുവഴി—നേരം അഞ്ചുനാഴിക. പുലന്ന്—ബാലകൃഷ്ണൻ മോന്തയിന്മേൽ താളംപിടിച്ചു തലകുലുക്കി പാടിക്കൊണ്ടു പ്രവേശിക്കുന്നു.]

ബാല—

അമ്പാടിബ്ബാലകൃഷ്ണൻ—തേവർത്തൊടിബ്ബാലകൃഷ്ണൻ
പാൽ കവന്ന ബാലകൃഷ്ണൻ—തയിർ കവന്ന ബാലകൃഷ്ണൻ

തെമ്മാടിക്കൂട്ടർ ഞങ്ങൾ—തിന്മയിൽ വളൎന്ന ബാലർ
ശുമ്മാക്കിടച്ച തയിർ—സമ്മാനം വാങ്ങിക്കൊള്ളടി

(അമ്പാടി)

ബെർ——ർ (അകലേക്കു നോക്കീട്ട്) ആരാ ആ വരണെ? ഓ ഫോ! കാഞ്ഞിരക്കുട്ടിൽ കേശവപ്പണിക്കരാശാൻെറ വരവാണ്. കുളി കുറി തേവാരമൊക്കെക്കഴിച്ചു ഷോക്കായിട്ട് എഴുത്തുപള്ളിക്കുള്ള പുറപ്പാടായി. കള്ളുകൊടത്തിന്മേൽ ചാരംതേച്ച കൂട്ടത്തിൽ അവൻെറ ഭസ്മക്കുറിം വശ്യപ്പൊട്ടും കണ്ടാൽ മതി. യമഘാതകൻ! ദുരയൻചാക്കു! കുട്ടികളെ തിരുമ്മിപ്പിഴിഞ്ഞാൽ വല്ലതും തുറിക്ക്യോ എന്നു നോക്കാൻ പൊവ്വാ. ഇവനെ ഒന്നു മക്കാറാക്ക്യേ വിടൂ.

(ആശാൻ കവച്ചുനടന്നു പ്രവേശിക്കുന്നു. ബാലൻ അടങ്ങി ഒതുങ്ങി അത്യാദരനാട്യം നടിച്ചുനിൽക്കുന്നു. ആശാൻ മോടികൂട്ടുന്ന തിരക്കിൽ ബാലനെ കാണുന്നില്ല. കള്ളച്ചുമ ചുമച്ച് ആളെ അറിയിക്കുന്നു. ആശാൻ പെട്ടെന്നു ദൃഷ്ടിയാക്കി ബാലനെക്കാണുന്നു.)

ആശാൻ—ഹരിഹരി! ബാലനല്ലേത്? (കണ്ണിൻെറ ഇമയും തലയും ഇളകിക്കൊണ്ടിരിക്കുന്നു.)

ബാല—തേവർത്തൊടിബ്ബാലകൃഷ്ണൻ (എന്നു ഘനപ്പിച്ചു ദേഹത്തെയും കഴുത്തും നീട്ടിക്കാട്ടുന്നു.)

ആശാൻ—ഹേ! ബാലൻെറ ഉപചാരം അല്ലേ, നല്ല ശിക്ഷ. ഇങ്ങനെതന്നെ വേണം; എന്താത്?

ബാല—എൻെറ മോന്ത (എന്നു താടി നീട്ടിക്കാട്ടുന്നു.)

ആശാൻ—വിദ്യാവിഹീനഃ പശു—

ബാല—അതെ–ശു– (എന്ന് ആശാൻെറ അഭിപ്രായം അരരി ക്കുന്ന നാട്യം നടിക്കുന്നു.)

ആശാൻ—അതെന്താന്നു ചോദിച്ചാൽ– ലക്ഷണയാ അതിലെന്താണൎത്ഥം.

ബാല—അതെ, ഭക്ഷണത്തിനുള്ള നക്രം (നക്രശബ്ദത്തിൽ ഊന്നിപ്പറയുന്നു.)

ആശാൻ—ഹ–ഹ–ഹ–തക്രം അല്ലെ? നല്ലോണം ധരിച്ചോളു; തക്രം–തക്രം (നക്രം–നക്രം എന്നു ബാലൻ കൂടെ ഏററുചൊല്ലുന്നു) വെളുപ്പാൻകാലത്തെക്കു വേണ്ട സംസ്കൃതൊക്കെ സമ്പാദിച്ചുവെച്ചിട്ടുണ്ട് ബാലൻ.

ബാല—(ഗംഭീരഭാവം നടിച്ച്) ബാലൻ ചില്ലറക്കാരനാ (ആശാൻ അത്ഭുതപ്പെടുന്നു.) വളഞ്ഞ പല്ലിന്മേ,ലെലിയേത്തൂക്കിക്കൊ, ണ്ടെതിരേവാ പൂച്ചേ! കണികാണ്മാൻ (എന്നു സങ്കീൎത്തനം ചൊല്ലുന്നു.)

ആശാൻ—ഹ്ഃ—വഷള്. അതു സംസ്കൃതല്ല. എൻെറ ശകുനമേതെങ്കിലും നന്നായില്ല. തക്രം മഴശ്ശീതികൻ.

ബാല—കള്ളാണെങ്കിലോ? ആശാൻ! (മോന്ത നോക്കിക്കൊണ്ടു ഗന്ധം വലിച്ചു കോറിനോക്കുന്നു.)

ആശാൻ—മോന്ത അവിടേ വസ്സു; നോക്കട്ടെ.

ബാല—ആശാൻെറ ചതഞ്ഞ മോന്ത്യൊന്നു നോക്കിട്ടുവരു. എന്നിട്ടാവാം എൻെറ മോന്ത നോക്കാൻ.

ആശാൻ—ഏഠെ! (എന്നു മേപാകുവാൻ ഭാവിക്കുന്നു.)

ബാല—(മുമ്പിൽ ചാടിനിന്നു വഴി തടുത്ത്) കേ—ശവപ്പണിക്കരാശാൻ! (എന്നു നീട്ടി വിളിക്കുന്നു.)

ആശാൻ—വേണ്ട, നിന്റെ ക്രുരുത്തക്കേട വാങ്ങും.

ബാല—കുറേ സമ്പാദിച്ചുവെച്ചിട്ടുണ്ടെന്നു തോന്നുന്നു. വില സ്സോ-വെറുത്ത്വോ (ആശാനെ തൊടുവാൻ അടുക്കുന്നു. ആശാൻ പിൻമാറുന്നു.)

ആശാൻ—അഭ്യക്തമിവ സ്നാതഃ ശുചിരശുചിമിവ.......

ബാല—ആശാൻ ചമക്കൃതം ഛർദ്ദിച്ചുതുടങ്ങീലൊ. കുറച്ച് ഇങ്കിരീസ്സും മലയാളവും കഷായം വെച്ചുകഴിച്ചു നോക്കു എന്നാൽ ദീപനം വരും. (എന്നു വീണ്ടും അടുക്കുന്നു.)

ആശാൻ—(ദേഷ്യപ്പെട്ട്) എട പട്ടി, തൊട്ടു ശുദ്ധം മാററരുതെന്നു പറഞ്ഞില്ലേ? (വീണ്ടും പിൻമാറുന്നു.)

ബാല—പട്ടിക്ക് അമ്പലത്തിൽ കടക്കാൻ കോണോടത്തിട്ടു വേണ്ട (പിന്നേയും അടുക്കുന്നു.)

ആശാൻ—ഭ്രഃ (എന്നാട്ടുന്നു.)

ബാല—ആശാന്റെ മന്ത്രത്തിനും പുണ്യാഹത്തിനും ശുദ്ധി ഒരുപോലെ ഇരിക്കണു. (എന്നു മുഖം തുടസ്സുന്നു.)

ആശാൻ—ഭ്രഃ കുരുത്തംകെട്ടപോ. ഭ്രഃ ഭ്രഃ (എന്നു തല്ലുവാനോങ്ങിക്കൊണ്ടടുക്കുന്നു.)

ബാല—ഭേഷ്-കമ്പത്തിനു തീക്കൊളുത്തി, ഭേഷ്, ഭേഷ് (എന്ന് ആശാനെ അനുകരിച്ചു മുറുകി നടന്നുപോകുന്നു. ആശാനും കൈയോങ്ങിക്കൊണ്ടു പിന്നാലെ പോകുന്നു.)

## രംഗം 4.

[പെരുവഴി. നേരം മൂന്നാംരംഗത്തിലെ തുടർച്ച–വാകവളപ്പിൽ പെരുംകാളി തയിർക്കുടം തലയിൽ ഏററി, പിറുപിറുത്തുകൊണ്ടു പ്രവേശിക്കുന്നു.]

പെരും—ഇതെന്തു കൂത്താപ്പാ! (നിന്നു പുറം ചൊറിഞ്ഞു വീണ്ടും നടക്കുന്നു. വസ്ത്രാലിഴ പുറത്തു മുട്ടുകയാൽ പുറം വെട്ടിച്ചുകൊണ്ട്) ഇതെന്തു മാരണാണ്. തൊഴുത്തിലുള്ള ഈച്ചയൊക്കെക്കൂടെ പുറപ്പെട്ടല്ലൊ പണ്ടാരം വക്കാൻ. (ദേഷ്യപ്പെട്ടു, കൈകൊണ്ട് ആട്ടി, പുറത്തുതട്ടി, വട്ടം തിരിയുന്നു. ആശാൻ പ്രവേശിക്കുന്നു.)

ആശാൻ—(വായ് എച്ചിലാക്കി ഇളിച്ചുകൊണ്ടു) ഹരി! ഹരി! അമ്മെന്താ മാര്യേമ്മേപ്പോലെ കൊടോടത്ത് ആടിക്കളിക്കണെത്? കുഞ്ഞിക്കാവിൻെറ കൈകൊട്ടിക്കളിക്കു തന്നെ ഇത്ര ഭംഗില്യാ. പരമാത്ഥാണെത്.

പെരും—(ശാന്തയായി) പണിക്കർക്കെന്തും പറയാം. വഴി നടക്കാൻ ഒത്തായിരോല്യാണ്ടായി. നടക്കാൻ തുടങ്ങ്യാൽ അപ്പേണ്ട് ഈച്ച കയ്യെത്താത്ത തലം നോക്കി മുതുക്കേകേറി സവാരി തുടങ്ങായീന്ന്. എന്തൊരു കെതികേടാപ്പാത്? (പുറംവളഞ്ഞു തപ്പുന്നു.)

ആശാൻ—തൊഴുത്തിലെ മണിയനു മുഖംമിറുക്കാൻ ഒരു സ്ഥലം കണ്ടത്തെ! “തത്വാന്വേഷം നിമിത്തം വിധുരനഹമഹോ ധൂത്ത്!നീ താൻ കൃതാത്ഥൻ” (എന്നു ചൊല്ലിക്കൊണ്ടു കാളിയുടെ പുറം തലോടുന്നു.)

പെരും – പറക്കണ ജന്ത്ര മന്ത്രം ജപിച്ചാലുണ്ടോ പോണു.

ആശാൻ— (എന്തോ കയ്യിന്മേൽ തടഞ്ഞതായി നടിച്ചു നോക്കിക്കൊണ്ടു്) ഇതു് ഇച്ചേം പൂച്ചേ ഒന്നുമല്ല. ഒരു വയ്ക്കോലിഴ തൂങ്ങിക്കിടക്കാ.

പെരും—കുറാറാണൊ ഇക്കിളിയാവണതു്. ചുമ്മാടൊതുക്കിക്കെട്ടണമെന്നു പറഞ്ഞാലാപ്പെണ്ണിനൊട്ടു മനസ്സിലാവേല്ല. അതൊന്നു വലിച്ചു കളഞ്ഞേക്കൂ.

ആശാൻ—കുഞ്ഞിക്കാവിന്റെ കെട്ടു് ഒതുക്കീട്ടായാൽ മതിയോ? നമുക്കു കെങ്കേമാക്കണ്ടേ? (എന്നു പറഞ്ഞുകൊണ്ടു വയ്ക്കോലിഴ പിടിച്ചു വലിച്ചെടുക്കുന്നു. കാളി പുഞ്ചിരികൊണ്ടു കടാക്ഷിക്കുന്നു. ആശാൻ പിന്നാക്കം ചാടി നാററിച്ചീററിക്കൊണ്ടു്) ഇതെന്താതു് ചാണംവെള്ളോ?

പെരും—ചാണംവെള്ളോ? പണിക്കർക്കെന്താ പ്രാന്തുണ്ടോ? (ആശാന്റെ നേരെ തിരിയുവാൻ ഭാവിക്കുന്നു.)

ആശാൻ—നിക്കു, നിക്കു. കൊടം ഒട്ട്യാണു (കുടത്തിന്മേലെ തുള പൊത്തിപ്പിടിക്കുന്നു.)

പെരും—എന്താ ഈ കുടം കുത്തിത്തുരക്കണൊ, വിട്ടൂന്നു്. ഇതെന്തൊരു മാരണാണു്. (രണ്ടുപേരുംകൂടി വട്ടംതിരിയുന്നു.)

ആശാൻ—എങ്ങിനെ വിടണെ. ചാണംവെള്ളത്തിൽ കുളിക്കണ്ടെങ്കിൽ കുടം താഴത്തെറക്കു. വേഗാട്ടെ എറക്കുന്നു് -ഉം- ആട്ടെ.

പെരും—ഇതെന്തുകൂത്താണു്? എറക്കു എറക്കു. എന്നാങ്ങിനെയാവട്ടെ. (ചുമ്മാടോടുകൂടി കുടം പൊക്കുന്നു. ആശാ

ൻെറ കൈ വിട്ടുപോകുന്നു. വെള്ളം കാളിയുടെ തലയിലും മുഖത്തും വീഴുന്നു) നശിക്കട്ടെ. (കുടം താഴെ വലിച്ചെറിഞ്ഞു, പൊട്ടുന്നതു് ഒക്കത്തുരണ്ടു കൈയും കൊടുത്തു തുറിച്ചുനോക്കി നില്ക്കുന്നു.)

ആശാൻ—ഇതാക്കള്ളച്ചെക്കൻ ബാലൻെറ പണിയാണ്.

പെരും—(ചാടിക്കടിക്കാനെന്ന നാട്യത്തിൽ) അതറിഞ്ഞോണ്ടാ എൻെറ പുറം തിരുമ്മാൻ വന്നേ? ഇത്ര പ്രായായിട്ടിനിയും പിള്ളരെപ്പോലെ കളിക്കണതല്ലേ.

ആശാൻ—ദേഷ്യപ്പെടല്ലേ! പറേണ് കേക്കൂ.

പെരും—കുട്ടിച്ചാത്തനെക്കൊണ്ടു ചെയ്യിച്ച വേലയല്ലേത്? അല്ലെങ്കിൽ എൻെറ കയ്യോണ്ടൊഴിച്ച തയിരെങ്ങന്യാ ഇങ്ങിനെ ചാണാവണതു്? (ആശാൻെറ മുഖത്തു കുത്തുവാനെന്നപോലെ ആംഗ്യം കാണിക്കുന്നു.)

ആശാൻ—ആ ചെക്കൻ തൈരും കൊണ്ടുപോണതു ഞാൻ കണ്ടു. അവൻ പററിച്ച പണിയാണിതു്. ഇനിക്കു സംശേല്യ. അവനെൻെറ മെക്കട്ടുകേറാൻ വന്നതു പോട്ടെ എന്നു ഞാൻ വച്ചു. വാകവളപ്പിലേക്കു ദ്രോഹം ചെയ്യവനെ ഒരു വിനനാഴിക ഞാൻ വച്ചേക്കോ. നൊക്കിക്കോട്ടെ കള്ളൻ. (എന്നു ശുണ്ഠിയെടുത്ത നാട്യം നടിക്കുന്നു.)

പെരും—തേവർത്തൊടിയിൽ പോയി ഇതിനു പകരം ചോദിച്ചിട്ടേ ഞാനിരിക്കു.

ആശാൻ—ടേഷനിൽ ചെന്നു പറഞ്ഞു് അവനെയിന്നു

ഞാൻ ബന്തോസ്സിലാക്കിയില്ലെങ്കിൽ എന്നെ ഇങ്ങ നെ വിളിച്ചോളു. (എന്നു തൊടിക്കുന്നു.)

വെരും—തെരും കട്ടു കൊടോം നശിപ്പിച്ചു ചാണവെ ള്ളം കുടിപ്പിച്ചില്ലേ എന്നെയവൻ! തെമ്മാടിച്ചെക്കൻ, കുരുത്തംകെട്ടവൻ. നശിപ്പിച്ചില്ലെ, നശിപ്പിച്ചില്ലെ! (എന്നു പല്ലു കടിച്ചു കൈചുരുട്ടി ശൂണ്ഠികടിച്ചു പ്രാവിക്കൊണ്ടു പോകുന്നു.)

ആശാൻ—മുളയിൽത്തന്നെ നുള്ളേണ്ട വകയാണിതു്. നോക്കിക്കോട്ടെ. നോക്കിക്കോട്ടെ. (എന്നു പിന്നാലെ പോകുന്നു.)

## രംഗം 5.

[ഒരു പീടിക. നേരം രാത്രി ആൾസഞ്ചാരം ഒതുങ്ങിത്തുടങ്ങി. മുതലാളി ഓലയും എഴുത്താണിയും ആയി കണക്കെഴുതിക്കൊണ്ടു പ്രവേശിക്കുന്നു.]

മുതലാളി—(കണക്കു പരിശോധിച്ചുകൊണ്ടു സ്വഗതം) ഉപ്പ്, മുളക്, കടുക്, ഉള്ളി, മുതലാളി ബല്ലതും വിട്ടുപോയി ട്ടുണ്ടോ, ഒക്കെ ആയില്ലേ? തിരുമലദേവൻ സാക്ഷിയു ണ്ടല്ലോ മുതലാളിക്ക്, (വിചാരിച്ചുനോക്കുന്നു.) ആ ബന്നു ബന്നു ഓമ്മ ബന്നു മുതലാളിക്ക്. നമ്മുടെ സുബ്ബിക്കു കൊടുത്ത രണ്ടു തുലാം പഞ്ചാര മുതലാളിക്കു ബിട്ടേ പോയ് (കണക്കിൽ ചേർക്കുന്നു.)

പിച്ചക്കാരൻ ചെക്കൻ—(പ്രവേശിച്ചു) മുതലാളി! ഒരുപിടി അരി തരണേ. (മുഷിഞ്ഞ തുണി കാട്ടുന്നു.)

മുത--നാരായണ! നമ്മുടെ ദേവനല്ലേ ഈ വന്നു പറയുന്നതു്! അല്ലെങ്കി മുതലാളീടെ പത്തു ശാക്കരി കടം കൊടുത്തത്തു കിഴബെനച്ചാലിപ്പോയില്ലെ? (കണ്ണുകെഴുത്തുന്നു.)

പിച്ച--മുതലാളി! മുതലാളി! ഇത്തിരി അരിതരു മുതലാളി.

മുത--എന്തൊരു മാരണാപ്പാതു്? പോടാവടുന്നു (സാമാനങ്ങൾ നോക്കിക്കാണുന്നു.)

പിച്ച--എന്റെ മുതലാളിയല്ലെ? ഇന്നു ജലപാനം കഴിച്ചിട്ടില്ല. (വയറ് എക്കി കൊട്ടിക്കാണിക്കുന്നു.) കുറച്ചു വല്ലതും തരണേ (ബാലൻ പിടിക്കുട്ടത്തു വരുന്നു) അല്ലെങ്കിൽ ഞാനിവിടെക്കിടന്നു ചാവും. എന്റെ മുതലാളിയല്ലേ?

മുത--(പില്ലായെന്നിക്കൊണ്ടു്) എട ചെക്ക! മുതലാളിക്കു ബാധ്യയുണ്ടു കുട്ടികളുണ്ട്. മുതലാളി നിന്റെ അപ്പനല്ല അമ്മാമനുമല്ല. (ചിരിക്കുന്നു.)

പിച്ച--അങ്ങനെ പറേല്ലെ മുതലാളി.

മുത--തിരുമലദേവനാണു കണക്കുതിന്നു; മുതലാളിക്കു പിടിക പൂട്ടി പൊവ്വാൻ വൈകി. (പെട്ടി തുറക്കുന്നു.)

പിച്ച--അയ്യോ മുതലാളി കുറച്ചു വല്ലതും തന്നിട്ടുപോണെ മുതലാളി! (അടുത്തു കൈ കാട്ടുന്നു.)

മുത--പോടാവുടന്നു് മൊതലാള്യെ നിയ്യറില്ല. ആ് (എന്നു കണ്ണുരുട്ടി നാവു കടിച്ചു എഴുത്താണി എടുത്തു പെട്ടെന്നു് ഓങ്ങുന്നു. ചെക്കൻ പിന്നാക്കം ചാടിമാറുന്നു. ബാലൻ വന്നു കൈ പിടിക്കുന്നു. മുതലാളി പെട്ടി പൂട്ടുന്നു.)

ബാല——(സ്വകാര്യമായി) പോയി ഒളിച്ചുനിന്നോളൂ. ഞാനൊക്കെ നേരെയാക്കാം. (ചെക്കൻ പീടിക വിട്ടു മാറിനിൽക്കുന്നു.)

ബാല——എന്താ മുതലാളി പീടിക പൂട്ട്വായൊ?

മുത——കൊച്ചെശ്ശമാന്നെന്തു ബേണം. ഇരിക്കു. (ബഞ്ചുമ്മേലത്തെ പൊടി തട്ടുന്നു.)

ബാല——കുറച്ചു വെററിലെം അടക്കെം വേണ്ടിരുന്നു. (അരിച്ചാക്കിന്റെ അടുത്തിരിക്കുന്നു.)

മുത——(തിരിഞ്ഞു മരിക്കയിൽ തപ്പി നോക്കുന്നു.) മജിസ്ട്രേട്ടേമാന്നു സുഖംതന്നെയല്ലെ?

ബാല——അച്ഛനു വിശേഷമൊന്നുമില്ല. (രണ്ടാമുണ്ടു താഴെ വിരിച്ച് അതിൽ ചാക്കു കുത്തിച്ചേർത്ത് അരി പകരുന്നു.)

മുത——(പീടിക പരിശോധിച്ചുകൊണ്ട്) എന്റെ കൊച്ചെശ്ശമാന്നെ! ബെററിലെം അടക്കേം ഒട്ടങ്ങിപ്പോയല്ലൊ. നാളെ ബാകബെളപ്പിൽ കുഞ്ഞിക്കാവുട്ടിക്ക് പണിക്കരാശാൻ സമ്മന്തം ബെക്കാൻ പൊവ്വല്ലെ? മുതലാളിയുടെ പീടിക മുഴുവൻ അടിച്ചുബാരിത്തൂത്തുകൊണ്ടുപോയി. കാശു തരാന്മാത്രം ആരേയും കാണുന്നില്ല. കടംകൊടുത്തു കടം കൊടുത്തു മുതലാളി നശിച്ചു ബണ്ണീറടിച്ചു. എന്തു ചെയ്യാം കൊച്ചെശമാന്നേ! (ബാലൻ ചാക്കു ചോരാതെ ചെരിച്ചുവച്ച് അരി ഭാണ്ഡംകെട്ടുന്നു.)

ബാല——കള്ളന്മാക്കു കടംകൊടുക്കാണ്ട് പാവങ്ങൾക്കു ധമ്മം കൊടുത്താൽ പുണ്യേങ്കിലുണ്ടല്ലൊ മുതലാളി.

മുത——അതല്ലേ പറഞ്ഞെ; തിരുമല ദേവനാണു മുതലാളി

അതുതന്നെയാണ് ഇപ്പോൾ വിചാരിച്ചേ. ഇതാ പീടിക പൂട്ടാറായപ്പോ ഒരു ചെക്കനിവിടെ ബന്നു. നാഴിയരി ചോദിച്ചു. മുതലാളിക്കു ബെളരെസങ്കടം ബന്നു. എന്തു ചെയ്യാം. കണക്കെഴുതിത്തീൎന്നുപോയല്ലോ എന്നു ബിചാരിച്ചു കണ്ണുതുറിക്കേണ്ടിബന്നു മുതലാളിക്ക്. എന്തുചെയ്യട്ടെ. തിരുമലദേവൻ സാക്ഷിയുണ്ട് (പീടിക ഒള്ളുക്കുന്നു.)

ബാല--(സ്വഗതം) ഈ മുതലാളി ശുദ്ധനാണ്. ചതിച്ചാൽ കഷ്ടോണ്ട് (ആലോചിച്ച്) ആട്ടെ വിദ്യേണ്ട്. ഭാണ്ഡം കാണിക്കാൻ കൊള്ളില്ല. (പ്രകാശം) മുതലാളി! ഈ അണ ഇവിടെ ഇരിക്കട്ടെ. വെററിലെം അടക്കേം പിന്നെ വന്നു വാങ്ങിക്കോളാം.

[മുതലാളി അതു വാങ്ങി പെട്ടിയിൽ വെക്കുന്നു. ബാലൻ ഭാണ്ഡം കാൽകൊണ്ടു തട്ടി പീടികയുടെ അററത്താക്കുന്നു. ചെക്കനോടു കണ്ണു കാണിക്കുന്നു. ചെക്കൻ ഭാണ്ഡം കൊണ്ടുപോകുന്നു.]

മുത—കൊച്ചെശ്ശുമാന്നും സമ്മന്തം ബക്കണ്ടെ? മജിസ്രേട്ടാമാന്റെ മരുമകളുണ്ടല്ലോ നമ്മുടെ പത്മാബതി, നല്ലോരു കുട്ടി. പൂവ്വമ്പഴംപോലെ ഇരിക്കണു. എന്താ കൊച്ചെശ്ശുമാന്നേ! (ബാലനെ നോക്കി ചിരിച്ചു പെട്ടി പൂട്ടി ഉറങ്ങുന്നു.)

ബാല—വരാൻപോണ കഥ ആൎക്കറിയാം മുതലാളി! (നടക്കുന്നു.)

മുത—എന്നാലങ്ങിനെയാട്ടെ. മുതലാളി പോട്ടെ. (പീടിക പൂട്ടി പോകുന്നു.)

പിച്ച—(വീണ്ടും പ്രവേശിച്ചു കരഞ്ഞുകൊണ്ടു) കൺസ്റ്റേപ്ള് അരി തട്ടിപ്പറിച്ച് എന്നെ ഒരു കിഴുക്കു കിഴുക്കി.

(കരയുന്നു.)

ബാല—ഉവ്വോ? (ആലോചിച്ച്) ബർ—ർ നീ പോയിട്ട് ഒരു നീറിന്റെ കൂട് സമ്പാദിക്കാമോ?

പിച്ച—ഓ, ആ മാവിന്തോപ്പിലുണ്ട്. (ഓടിപ്പോകുന്നു.)

ബാല—തെമ്മാടി ബാലകൃഷ്ണൻ- തേവർത്തോടി ബാലകൃഷ്ണൻ അങ്ങാടിപ്പിള്ളരുടെ- ചെങ്ങാതി ബാലകൃഷ്ണൻ. (പോകുന്നു.)

## രംഗം 6.

[നേരം പത്തു പന്ത്രണ്ടുനാഴിക രാ ചെല്ലുന്നു. പൊല്ലീസ് സ്റ്റേഷൻ. ഒരു പൊല്ലീസ്സുകാരൻ തലപ്പാവൂരിവെച്ചു പടിക്കൽ ചാരിനിന്ന് ഉറങ്ങിക്കൊണ്ടു പ്രവേശിക്കുന്നു. ബാലൻ അകലെനിന്നു നോക്കുന്നു. ചെക്കൻ നീറിൻകൂടു ഒരു കോലിന്മേൽ തൂക്കിക്കൊണ്ടുവരുന്നു. ബാലൻ അതു മേടിക്കുന്നു.]

ബാല—(പതുക്കെ) എടാ, ഞാനേ ആ അരിക്കെട്ടിങ്ങോട്ടെറിഞ്ഞുതരാം. അതു മേടിച്ചു കൊണ്ടോടിക്കോ കിട്ടോ.

പിച്ച കൺസ്റ്റേപ്ള് ഒണന്നാലോ?

ബാല—നീ അരീംകൊണ്ടുപൊക്കോ. പിന്നത്തെയൊക്കെ ഞാൻ നേരെയാക്കാം. ഒരിക്കെ ഉണന്നാൽ പിന്നെ ഉറങ്ങില്ല. (കൂടുംകൊണ്ടു പതുക്കെ അടുക്കുന്നു.)

ബാല—(പൊല്ലീസ്സുകാരനെ നോക്കി സ്വഗതം) ഈ കുംഭകൎണ്ണനാണ് ഉള്ളതും ഇല്ലാത്തതും അച്ഛൻെറ അടുക്കൽ കൊണ്ടുപോയി കൊളുത്തുന്നത്. അച്ഛനാണെങ്കിൽ കോടതിയിൽ മാത്രമേ സാക്ഷിവിസ്താരം വേണ്ടു. എൻെറ കേസ്സിൽ ഭാരമൊന്നുമില്ല. കണ്ടുമുട്ടിയാൽ പെലഭ്യവഷം. കയ്യിൽ കിട്ടിയാൽ പ്രഹരാദി കഷായം. ഏഷണിയുടെ രുചി ഇവനെയൊന്നു ഞാനറിയിച്ചേക്കാം. ബർ—ർ (നീളംകൂട്ടു തൊപ്പിയിലാക്കുന്നു. ചെക്കൻ ശ്രൂപ്പ്ലാന്തിയോടുകൂടി നോക്കിക്കാണുന്നു. പല നാട്യങ്ങളും നടിക്കുന്നു. ബാലൻ ഭാണ്ഡം എടുത്തു് എറിഞ്ഞു കൊടുക്കുന്നു. അതു വാങ്ങി ചെക്കൻ മായുന്നു.)

ബാല—(സ്വഗതം) ഇനി ഈ കുംഭകൎണ്ണസേവയൊന്നിളക്കണ്ടെ (വഴി വിളക്കുകെടുത്തി മാറിനിന്നു പുകലപ്പൊടി പോലീസ്സുകാരൻെറ മൂക്കിൻ നേരെ കാണിക്കുന്നു. കൺസ്റ്റബിൾ ഞെട്ടിയുണരുന്നു. പൊടി മൂക്കിലും വായിലും കേറീട്ടുള്ള പ്രാണദണ്ഡം കാണിക്കുന്നു ബാലൻ പട്ടി കുരച്ചുകൊണ്ടു് ഓടിപ്പോകുന്നു.)

കാൻ—(കണ്ണും മൂക്കും തിരുമ്മി) എന്താ ഈ പൊകലപ്പൊടിയുടെ സ്വാദുവരണെ. (നോക്കി) വിളക്കുംകെട്ടിരിക്കുണു. (തപ്പിനോക്കി) ഭാണ്ഡവും കാണാനില്ല. (പരിഭ്രമിച്ചു തൊപ്പി തലയിൽ വെച്ചമൎത്തുന്നു.)

ഇൻസ്പെക്ടർ—(പരിശോധനക്കു പ്രവേശിച്ചു്) നാനൂറെവിടെ? എന്താ ഇവിടെ ഇരുട്ടായിരിക്കണെ? (കുപ്പായക്കീശയിൽനിന്നു കുഴൽവിളക്കെടുത്തു വെളിച്ചംകാട്ടിനോക്കുന്നു.)

കാൺ—സർ (നീളൻെറ കുടികൊണ്ടു സലാംവെക്കാനും നിൽ

ക്കാനും നിവൃത്തിയില്ലാതെ പല ഗോഷ്ഠികളും കാട്ടുന്നു. ബാലൻ അകലെ ഒളിച്ചുനിന്നു ചെരിച്ചുനോക്കുന്നു.)

ഇൻസ്പെ—എന്താ ഗോപാലൻനായരെ ഈ കാട്ടണെ?

കാൺ—(തൊപ്പി വലിച്ചെറിഞ്ഞു) കടി-കടി-ഏമാന്നെ-വയ്യ-മാപ്പ് (കുപ്പായവും ഷർട്ടും ഊരി എറിഞ്ഞു ചൊറിയുന്നു.)

ഇൻസ്പെ—(അടുത്തുചെന്നു നോക്കി) ഇതെങ്ങിനെ പററി ഗോപാലൻനായരെ?

കാൺ—ഏ-(ചൊറിയുന്നു) മാ-(തല കുടയുന്നു)ന്നോ-(കൈകാൽ കുടയുന്നു.)

ഇൻസ്പെ—(വെളിച്ചം പുറം നടത്തുന്നു. ബാലനെ അകലെ കാണുന്നു) ആട്ടെ ഗോപാലൻനായർ വേഗംപോയി ഒന്നു മുങ്ങി നീററൽ മാററിവരു. (കൺസ്റ്റബിൾ ചൊറിഞ്ഞുകൊണ്ടു പോകുന്നു.)

ഇൻസ്പെ—ഇതു വലിയ ബുദ്ധിമുട്ടായല്ലോ. ബാലൻെറ കൈകടന്നുതുടങ്ങി. ഈ കേസ്സു ഞാൻ ചാർജ്ജു ചെയ്യാതിരിക്കയില്ല. വന്നതുവരട്ടെ-കുറെ നാളായി ശങ്കരൻനായർ മജിസ്ട്രേട്ടിനെ വിചാരിച്ച് അടങ്ങിയിരിക്കുന്നു. ഇതുവരെ കുട്ടിക്കളിയെന്നുവച്ചു കഴിഞ്ഞു. ഇനി മിണ്ടാതിരുന്നാൽ പററില്ല. (എന്നു സ്റ്റേഷൻെറ അകത്തേക്കു പോകുന്നു.)

## രംഗം 7.

[വാക വളപ്പിൽ വീട്ടു-നേരം ഇരുട്ടി. ഒരു ഭാഗത്തു കുഞ്ഞിക്കാവു പ്രവേശിക്കുന്നു.]

കുഞ്ഞി—കുട്ടികൃഷ്ണനെ ഇതേവരെ കണ്ടില്ലല്ലൊ. ആ കവകാലനെ ഇനിക്കുവേണ്ട. അങ്ങോർക്ക് അമ്മക്കൊ എനിക്കോ സംബന്ധം തുടങ്ങേണ്ടതെന്നു തീർച്ചയായിട്ടില്ല. എന്താ വേണ്ടതെൻറീശ്വരാ! ഈ അമ്മേക്കൊണ്ടു ഞാൻ തോററു. (അങ്ങോട്ടുമിങ്ങോട്ടും നടന്നു്) നേരോം ആയിത്തുടങ്ങി. (കുട്ടികൃഷ്ണൻ പ്രവേശിക്കുന്നു.)

കുഞ്ഞി—(അടുത്തു ചെല്ലുന്നു) എത്ര നേരമായി കാത്തുനില്ക്കുന്നു, വല്ലതുമായോ?

കുട്ടി—(സ്വകാര്യമായി) ബാലനെ ഞാൻ പറഞ്ഞു ചാട്ടിൽ കേററിട്ടുണ്ടു്. അയാളുടെ കൂട്ടുകാർ സമയത്തിനു വന്നോളും; ഒന്നും പേടിക്കാനില്ല. ഇന്നത്തെ സംബന്ധം നടക്കില്ല, എന്നാൽ പോരെ?

(അണിയറയിൽനിന്നു കുഞ്ഞിക്കാവെ! എന്നു വിളിക്കുന്നു)

കുട്ടി—അമ്മ പറഞ്ഞപോലെ ഒക്കെ കേട്ടോളു-കിട്ടോ-സംശയത്തിന്നൊടകൊടുക്കരുതു്.

കുഞ്ഞി—എന്നെ ചതിക്കല്ലെ.

കുട്ടി—ഇതിനുമുമ്പു ഞാനൊത്രോണ്ടു ചതിച്ചിട്ടുണ്ടു്? പരിഭ്രമിക്കാണ്ടിരിക്കു. പത്മാവതി വന്നാൽ ഇവിടെ നിക്കണ്ടാന്നു ബാലൻ പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞേക്കു. എന്നാൽ ഞാനിപ്പോൾ പോട്ടെ. (പോകുന്നു.)

പെരുങ്കാളി—(പ്രവേശിച്ച്) എടി കുഞ്ഞിക്കാവെ! നീ എന്താ ഇങ്ങിനെ ഒളിച്ചുനടക്കണേ? എൻറീശ്വരാ! ഞാൻ തോററല്ലൊ. ഞാൻ എവടെല്ലാം എത്തണം. എനിക്കെപ്പോഴും നിന്റെ പിന്നാലെ നടക്കാൻ കഴിയോ? നിന്റെ മേക്കഴുകല്ലു കഴിഞ്ഞില്ലേ. എന്താ ഈ മുഷിഞ്ഞതുടുത്തോണ്ടു നടക്കണേ? നേരായല്ലോ; ആളുകളു വന്നുതുടങ്ങി.

പെരു—കുട്ടിരാമാ! (അണിയറയിൽ ഏ്! എന്നു വിളികേട്ടുകൊണ്ടു കുട്ടിരാമൻ പ്രവേശിക്കുന്നു) ആളുകൾ വന്നുതുടങ്ങി. നേരായീല്ലേ. എന്റെ കുട്ടിരാമാ! ഒന്നു സഹായിക്കാമോ? തിന്നിരിക്കാനല്ലാണ്ട് ഒന്നിനേം കൊള്ളില്ല. ആ നിലവിളക്കിങ്ങിടുക്ക (കുട്ടിരാമൻ വിളക്കെടുത്തു വെക്കുന്നു. കാളി വിളക്കു കൊളുത്തിക്കൊണ്ടു) നറപറയെവിടെ, പുൽപ്പായെവിടെ? ഒക്കെ വിളിച്ചു പറഞ്ഞിട്ടുവേണം.

കുട്ടി—എന്റെ അമ്മേ-ഞാനിതിനുമുമ്പു സംബന്ധം നടത്തിച്ചിട്ടില്ല-എനിക്കു രൂപോണ്ടോ ഇതിന്റെ വട്ടം. കുറച്ചുദിവസംകൂടി ഈ സംബന്ധം നീണ്ടെങ്കിൽ അത്രനാളെങ്കിലും ആശാന്റെ തല്ലുകൊള്ളാതെ കഴിക്കാമായിരുന്നു. (സാമാനങ്ങൾ ഒരുക്കൂട്ടിക്കൊടുക്കുന്നു.)

പെരു—(വട്ടംകൂട്ടിക്കൊണ്ടു) നീയമങ്ങലം പറയാണ്ടു വന്നിട്ടുള്ളവരെ ക്ഷണിച്ചുകൊണ്ടന്നിരുത്ത്. (കുട്ടിരാമൻ പോകുന്നു. കാളി പിന്നെ ആദ്യാവസാനം നടത്തുന്നു. ശങ്കരൻനായർമജിസ്ത്രേട്ട്, അമ്മാമൻ, ആശാൻ, ഇൻസ്പെക്ടർ മുതലായവർ പ്രവേശിക്കുന്നു. കാളിയും കുട്ടിരാമനുംകൂടി സ്ത്രീകളേയും പുരുഷന്മാരേയും യഥാസ്ഥാനം ഇരുത്തുന്നു)

പെരു—(അമ്മാളു അമ്മയോട്) പത്മാവതിയെവിടെ? ആ പെണ്ണെപ്പഴം പത്മാ പത്മാന്നുരുട്ടോണ്ടാ ഇരിക്കണെ.

അമ്മാളു—അവൾ ഇവിടെ എത്തില്ലെ? അമ്മായി പിന്നാലെ വന്നോളുന്നു പറഞ്ഞ് അവൾ മുമ്പേ ഓടിപ്പോന്നൂല്ലൊ.

പെരു—കുഞ്ഞിക്കാവിൻെറ കൂട്ടുകൂടിയിരിക്കയായിരിക്കും. ഞാനിപ്പവരാം. കുട്ടിരാമാ! വേണ്ടതൊക്കെ നോക്കിക്കോളണേ. (പോകുന്നു.)

ഇൻ—ഞാനിങ്ങോട്ടു വരുമ്പോ പത്മാവതി അങ്ങോട്ടു പോണ കണ്ടു. എങ്ങോട്ടാന്നചോദിച്ചപ്പോ "ഞാൻ വീട്ടിൽ പോയിട്ടു വരാം. അമ്മാമനോ അമ്മായിയോ ചോദിച്ചാൽ ഒന്നു പറഞ്ഞേക്ക" എന്നു പറഞ്ഞ് ഓടിപ്പോയി.

മജി—എന്താ അവൾക്കിപ്പൊ അടിയന്തരാവോ.

അമ്മാളു—ബാലനേം കണ്ടില്ല.

മജി—അവനെ കാണാൻ ഞെരുക്കോണ്ട്.

അമ്മാളു—അവിടന്ന് അവനെ എങ്ങാണ്ടു പറഞ്ഞയച്ചിരിക്ക്യാന്നല്ലെ പറഞ്ഞെ?

മജി—അതെ-അതെ. വരുമ്പൊ വരട്ടെ.

(ഇൻസ്പെക്ടർ മജിസ്ട്രേട്ടിൻെറ മുഖത്തു നോക്കുന്നു. വധൂവരന്മാരോടുകൂടി പെരുങ്കാളി പ്രവേശിക്കുന്നു. കുഞ്ഞിക്കാവു പാടുന്നു.)

MUL
050767

നാണംകുണുങ്ങല്ലേ. വിളക്കത്തുവന്നു നി

ക്ക് പെണ്ണെ! (പിടിച്ചു നിറുത്തുന്നു) മുഹൂർത്തായില്ലേ എഴുത്തച്ഛൻ? (എന്നു വിളിച്ചു ചോദിക്കുന്നു. അണിയറയിൽ ഓഹോ എന്നും അട്ടഹാസങ്ങളും കേൾക്കുന്നു. ഇൻസ്പെക്ടരും മജിസ്ത്രേട്ടും എഴുന്നേൽക്കുന്നു. ഉറങ്ങുന്നവർ പേടിച്ചു പകച്ചുനോക്കുന്നു. അമ്മാളു എഴുന്നേറ്റു നിൽക്കുന്നു.)

മജി—നമ്മൾക്ക് എന്താതെന്ന് ഒന്നു പോയി നോക്കാം. (മജിസ്ത്രേട്ടും ഇൻസ്പെക്ടരും ഒരു ഭാഗത്തുകൂടി പോകുന്നു. മറുഭാഗത്തുനിന്നു വേഷച്ഛന്നന്മാരായി മൂന്നു പേർ പെട്ടെന്നു പ്രവേശിച്ച് ഒരാൾ വെളക്കു കെടുത്തി സാമാനങ്ങൾ വലിച്ചുവാരിയിടുന്നു. മറു രണ്ടുപേർകൂടി ആശാനെ പിടിച്ചുകൊണ്ടുപോകുന്നു. ഇൻസ്പെക്ടരും മജിസ്ത്രേട്ടുംകൂടി വീണ്ടും പെട്ടെന്നു പ്രവേശിച്ച്, ഇൻസ്പെക്ടർ കുഴൽവിളക്കു തെളിയിച്ചു സാമാനം വാരുന്നവനെ പൊത്തിപ്പിടിക്കുന്നു. കിട്ടിരാമൻ വിളക്കു കൊളുത്തുന്നു. ഇൻസ്പെക്ടർ കള്ളനെ ഒന്ന് അടിക്കുന്നു.)

കള്ളൻ—അയ്യോ! എന്നെ തല്ലല്ലേ. (എന്നു നിലവിളിക്കുന്നു.)

മജി—നിങ്ങളെല്ലാരും അകത്തേക്കു പൊക്കോളൂ.

പെരു—(കുഞ്ഞിക്കാവിന്റെ കഴുത്തിൽ നോക്കി) ഇവളുടെ നൂലു കാണാനില്ലല്ലോ. (എന്നു മാറത്തടിക്കുന്നു.)

മജി—പണിക്കരെവിടെ? ആട്ടെ നിങ്ങളെല്ലാവരും പൊക്കോളൂ. (മജിസ്ത്രേട്ടും ഇൻസ്പെക്ടരും കള്ളനും ഒഴികെ എല്ലാവരും പോകുന്നു.)

മജി—ആരാ നിന്റെ കൂട്ടുകാർ?

കള്ളൻ—ഞാനറീല്ല.

ഇൻസ്പെ—അറില്ലെടാ? (ഭയപ്പെടുത്തുന്നു.)

മജി—അവനെ സ്റ്റേഷനിൽ കൊണ്ടുപോയി വിസ്തരിക്കു, (കാര്യം ആലോചിച്ച്) ഇൻസ്പെക്ടർ! ബാലനെ പിടുത്തം കിട്ടിയോ?

ഇൻസ്പെ--ഇല്ല.

മജി--ഇപ്പോഴ്തന്നെ അന്വേഷണം നടത്തി തരോണ്ടെങ്കിൽ നാളെത്തന്നെ ചാർജ്ജു ചെയ്യണം.

കള്ളൻ--(മജിസ്ട്രേട്ടിന്റെ മുഖത്തു നോക്കിക്കൊണ്ടു സ്വാഗതം) ബാലനെ ഇനി കാണണമെങ്കിൽ അനന്തൻകാട്ടിൽ പോണം.

ഇൻ--എന്താടാ ഈ തുറിച്ചുനോക്കണെ? (പുറത്ത് ഇടിക്കുന്നു.)

കള്ളൻ--അയ്യോ! കൊല്ലല്ലെ. (തെളിയുന്നു.)

മജി--അവനേ കൊണ്ടുപൊക്കോളു. (ഇൻസ്പെക്ടർ കള്ളനേയും കൊണ്ടുപോകുന്നു.)

മജി--കഷ്ടം! അമ്മാളു അവനെ എന്തന്നില്ലാതെ ലാളിച്ചു. ഞാൻ അതിനുപകരം കണക്കില്ലാണ്ടു ശാസിച്ചു. രണ്ടും തെററി. അവനിക്കാട്ടുന്ന വികൃതിയൊക്കെ അന്യന്മാക്കുവേണ്ടിയാണ്. സ്നേഹം നന്നെ ഉള്ള കൂട്ടത്തിലാണു. പക്ഷെ, എന്തുചെയ്യാം. ശീലവും തെററി; അപ്പോഴ് അതിനടുത്ത കൂട്ടം കിട്ടി. ഒക്കെ തെററി; അത്രയല്ലെ പറയേണ്ടു. വല്ലവഴിക്കും അവൻ ചാടി

ട്ടപ്പോയെങ്കിൽ നന്നായിരുന്നു. അല്ലെങ്കിൽ ഈ ഉദ്യോഗത്തിലിരുന്നുകൊണ്ട് ഞാനെങ്ങിനെയാണു തലപൊക്കി നടക്കുന്നത്. ഓ! അമ്മാളു കാത്തുനിൽക്കുന്നുണ്ടാവും പൊക്കളയാം. (പോകുന്നു.)

## രംഗം 8.

[ഗുരുകുലത്തിന സമീപമുള്ള തപോവനം-നേരം രാത്രി നാലാം യാമം. ബാലൻ ക്ഷീണനായി പ്രവേശിക്കുന്നു.]

ബാ—ആവൂ! എന്റെ ദൈവമേ! (ഇരിക്കുന്നു) എത്ര ദിവസമായി ഞാനിങ്ങനെ അലഞ്ഞുനടക്കുന്നു. നാരായണ! നാരായണ! അയ്യോ! കാലും കൈയും കോച്ചുന്നുവല്ലോ. (കാലും കൈയും തലോടുന്നു) ഈശ്വര! രക്ഷിക്കണേ! ദേഹം തളരുന്നുവല്ലോ. (കിടന്നുരുളുന്നു) ദാഹിക്കണ്! ഇത്തിരി വെള്ളം തരണേ! ആരോടാ ഞാനിപ്പറേണെ? (കിടന്നുകൊണ്ടുതന്നെ) എടാ ബാലാ! നിന്നോടാരാ നാടുവിട്ടു തെണ്ടാൻ പറഞ്ഞെ? (തന്നത്താൻ തലക്കു കിഴുക്കുന്നു) അച്ഛനെന്നെ തടവിലിടാൻ പറഞ്ഞില്ലെ? ഞാൻ ഇവിടെക്കിടന്നു ചത്തോട്ടെ. എന്നെ ആൎക്കും വേണ്ടല്ലോ. അമ്മയും പത്മയും വ്യസനിക്കുല്ലോ. തിരിയെ പോയാലോ? (എഴുന്നേൽക്കുവാൻ ഭാവിക്കുന്നു. കുഴഞ്ഞു വീഴുന്നു. അങ്ങോട്ടും ഇങ്ങോട്ടും നോക്കി) ഞാനെവിടെയാണീശ്വരാ! ഇനിക്കൊന്നും ത്രാപോല്ല്യാണ്ടായല്ലോ. അയ്യോ തൊണ്ടവരളുണെ! (കണ്ണടച്ചു കിടക്കുന്നു) എന്റെ ദൈവമേ! സമസ്താപരാധം ക്ഷമിക്ക

ണേ. (കണ്ണു തുറന്നു നാലുപുറവും നോക്കി) ഇവിടെ മൃഗങ്ങളുടെ ശബ്ദമൊന്നും കേൾക്കാനില്ലല്ലൊ. (വീണ്ടും സൂക്ഷിച്ചുനോക്കി) ആ കാണുന്നതൊരു പുഴയല്ലേ? (പിടച്ചെഴുന്നേററു പ്രാണവേദനയോടുകൂടി ഓടുന്നു. അണിയറയിൽ നാമസങ്കീർത്തനവും വേദഘോഷവും കേൾക്കുന്നു.)

ബാ—നാരായണ! നാരായണ! (മോഹാലസ്യപ്പെട്ടു വീഴുന്നു. ഗുരുകുലം പ്രത്യക്ഷമാവുന്നു. ഉപമന്യുവും ഗൌതമനും പുല്ലും ചമതയും ആയി പ്രവേശിച്ച്.)

ഉപ—എന്താ് ഒരാർത്തസ്വരം കേട്ടതു്?

ഗൌ—ഞാനും കേട്ടു. അടുത്തെങ്ങാണ്ടാണു്. (തീക്കൊള്ളി വീശിനോക്കുന്നു) അതാ അവിടെ ഒരാൾ വീണുകിടക്കുന്നു. (ഓടുന്നു.)

ഉപ—എവിടെ? (എന്നു പിന്നാലെ ഓടുന്നു.)

(ഗുരുകുലത്തിൽ അന്തേവാസികൾ കീർത്തനങ്ങൾ ചൊല്ലുന്നു.)

ഒന്നാമൻ—ഭജ ഗോവിന്ദം ഭജ ഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതെ. (മററവർ ഏററു ചൊല്ലുന്നു.)
അഗ്രെവഹ്നി: പൃഷ്ഠേഭാനു:
രാത്രൌ ചിബുകസമർപ്പിതജാനു:
കരതലഭിക്ഷസ്തരുതലവാസ:
തദപിനമുഞ്ചത്യാശാപാശ:.

മററവർ— ഭജ ഗോവിന്ദം ഭജ ഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ.

(ഉപമന്യുവും ഗൌതമനും ബാലന്റെ അടുത്തുചെന്നു വെള്ളം തളിച്ചുംമററും പരിചരിക്കുന്നു.)

ഉപ—(നാഡി പിടിച്ചുനോക്കി) ഗൌതമ! ഈ സാധുവിന്റെ നാഡി വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലോ. ഇനിയും തന്റേടമുണ്ടാവുന്നില്ലല്ലോ! എന്താ വേണ്ടു?

ഗൌ—ഗുരുവിന്റെ അടുക്കലേക്കു കൊണ്ടുപോവുക.

ഉപ—നമ്മൾക്കു രണ്ടാൾക്കുംകൂടി കൊണ്ടുപോകുവാൻ സാധിക്കുമോ?

ഗൌ—ഞാൻ പോയി ഒന്നുരണ്ടു പേരെയുംകൂടി കൂട്ടിക്കൊണ്ടുവരട്ടെ?

ഉപ—എന്നാൽ വേഗം വരു.

(ഗൌതമൻ അന്തേവാസികളുടെ സമീപത്തിൽ ചെന്നു സ്വകാര്യം പറഞ്ഞു രണ്ടുപേരെ കൂട്ടിക്കൊണ്ടുവരുന്നു. ബാക്കിയുള്ളവർ കീർത്തനം നടത്തുന്നു. ഗൌതമൻ മുതലായവർ ബാലനെ ഗുരുസമീപത്തിലേക്കു കൊണ്ടുചെല്ലുന്നു എല്ലാവരും കീർത്തനം നിർത്തുന്നു.)

ഗുരു—ശിവശിവ! ശിവശിവ! ആരാത്?

ഉപ—ആരാന്നു മനസ്സിലായില്ല.

ഗൌ—ഒരു വഴിപോക്കനാന്നാ തോന്നണെ.

ഗുരു—എവിടെ കിടന്നിരുന്നു?

ഉപ—ഉപവനത്തിൽ.

ഗുരു—അവിടെ കിടത്തു. (മരവിരി വിരിച്ച് അതിൽ കിടത്തുന്നു. ഗുരു ദേഹമൊക്കെ പരിശോധിച്ച്) വിശപ്പും ദാഹവും സഹിച്ചു വഴി നടന്നിട്ടുള്ള ക്ഷീണമാണ്. ആട്ടെ വേണ്ടില്ല. ആശ്രമത്തിൽ കൊണ്ടേക്കിടത്ത്. ഞാൻ പിന്നാലെ വരാം. (എല്ലാവരും കൂട്ടിക്കൊണ്ടുപോകുന്നു)

സാധു! (കുറച്ചുനേരം സമാധിയിൽ ഇരുന്നു മന്ദസ്മിതത്തോടുകൂടി) ഒരു ജീവന്റെ ദുരിതം തീൎന്നു. ആയുസ്സുള്ള കാലം വരെ ശരീരം കൊണ്ടു നടക്കാതെ തരമില്ലല്ലോ. ഈശ്വരൻ വാസനാദീപം കാട്ടി ഈ കുട്ടിയെ ഇങ്ങോട്ടു നയിച്ചതാണ്. (പോകുന്നു.)

## രംഗം 9.

[ദേവൎത്തൊടി—നേരം വെയിൽ താന്നു പത്മാവതി പ്രവേശിക്കുന്നു.]

പത്മാ—(വ്യസനത്തോടുകൂടി) അമ്മായി എന്നോട് എന്താ പാടാൻ വരാത്തെ എന്താ പാടാൻ വരാത്തെയെന്ന് എപ്പോഴും ചോദിക്കുന്നുണ്ട്. ഞാനെങ്ങിനെയാ പറയണെ? അമ്മായി ബാലൻ ഇന്നു വരും ഇന്നു വരും എന്നു പറഞ്ഞോണ്ടിരിക്കയാണ്. അമ്മാമൻ ഇതുവരെ അവരെ കവിളിച്ചു കഴിച്ചുകൂട്ടി. ഞാനിനി പറയാണ്ടിരിക്കില്ല. വന്നതൊക്കെ വരട്ടെ. എത്ര കാലാ ഇങ്ങിനെ മിണ്ടാണ്ടിരിക്കണെ! അമ്മായി അറിഞ്ഞാൽ വല്ല അന്വേഷണവും നടത്തിയെന്നു വരാം. അല്ലാണ്ടാക്കും ബാലനെക്കുറിച്ചു സ്നേഹം കാണുന്നില്ല. അമ്മാമൻ പറയുന്നതല്ല വാസ്തവമെന്നു ധരിച്ചിട്ടുള്ളവരുണ്ട്. ഇൻസ്പെക്ടർ ബാലനെപ്പറ്റി ചിലരോടു പറയുന്നതു കേട്ടു. കഷ്ടം! കഷ്ടം! എന്നു പറയുന്നവരും ഉണ്ട്. പക്ഷെ ബാലനു ദോഷംവന്നാലോ എന്നു വിചാരിക്കുന്നവർ ബാലന്റെ കൂട്ടുകാരിലും കാണുന്നില്ല.

ബാലൻ എന്നോട് ഒന്നും പറയേണ്ടായിരുന്നു. പറ ഞ്ഞ സ്ഥിതിക്ക് ഇന്ന ദിക്കിലേക്കാ പോണതെന്നു പറയായിരുന്നില്ലേ? ഒന്നും പറഞ്ഞില്ലെങ്കിൽ അമ്മായിയെപ്പോലെ എനിക്കും സമാധാനിക്കാമായിരുന്നു. ഇതൊക്കെ എന്റെ തലേലെഴുത്താണ്. അല്ലെങ്കിൽ ഇങ്ങനെയൊക്കെ വരണൊ? (കരയുന്നു) എന്റെ പരദേവതേ! ഒരു ഗതി കാട്ടിത്തരണെ! (ഒരു കുറത്തി പ്രവേശിക്കുന്നു.)

കുറ—(പത്മയെ നോക്കി) പത്മാവതിത്തമ്പുരാട്ടിയല്ലേ അത്. തമ്പുരാട്ടി താളുപോലെ വാടിയിരിക്കുന്നല്ലോ തമ്പുരാട്ടി വല്ലാതെ ആലസ്യപ്പെടുന്നല്ലൊ തമ്പുരാട്ടി. കുറത്തി തമ്പുരാട്ടിയുടെ കയ്യൊന്നു നോക്കട്ടെ തമ്പുരാട്ടി (അടുക്കുന്നു.)

പത്മാ—(സ്വഗതം) ഇവള് ലക്ഷണം നോക്കിയാൽ വല്ല ഗുണവും ഉണ്ടായേക്കാം. (എടത്തുകൈ നീട്ടിക്കാട്ടുന്നു.)

കുറ—(നോക്കി)

'കാമിനി നിനക്കു നല്ല കാലമൊത്തുകൂടി.'

തമ്പുരാട്ടിക്കു നല്ലകാലം വന്നുല്ലൊ തമ്പുരാട്ടി.

പത്മാ—എനിക്കോ നല്ലകാലം?

കുറ—കാമുകനെക്കാണ്മതിന്നു യോഗവുമടുത്തു.

പത്മാ—അതാരാണു നിശ്ചയിയൊ?

കുറ—ബാലയാംനീ ബാലകനിൽ ചേർത്തുചിത്തംപണ്ടേ.

പത്മാ—ഞാനിശ്ശി കുട്ടികളായിട്ട് ഒരുമിച്ചു കളിച്ചിട്ടുണ്ട്.

കറ—കാലമൊട്ടു കഴിഞ്ഞാലും ബാലനിന്നും ബാലൻ

പത്മാ—(സ്വഗതം) ഇവൾക്കു പേരു രൂപോണ്ട്. (പ്രകാശം) അദ്ദേഹം എവിടുത്ത്യാ?

കറ—ദേവവാടിതന്നിൽവന്നു മാതുല പുത്രനായ്
ആവിലമകന്നുയന്ന ബാലനൊന്നും ബാലൻ

പത്മാ—(സ്വഗതം) ദേവവാടി തേവർത്തൊടി ആയിരിക്കണം. അമ്മാമന്റെ മകനാണെന്നും പറഞ്ഞില്ലേ? (പ്രകാശം) അദ്ദേഹം എവിടെ? (ഉൽക്കണ്ഠ പ്രകാശിക്കുന്നു)

കറ—മാനിനിമണിനിനക്കു മാരനാകും ബാലൻ
മാനമോടെ കാനനത്തിൽ വാണിടുന്നുണ്ടല്ലോ.
മാലിനിനിനക്കു മാലിന്നാലയമവന്താൻ
കാലകാലൻ തുണച്ചുനിൻ കാലദോഷം നീങ്ങി
കാലമൊട്ടും കളയാതെ കാനനത്തിൽ പോയി
ബാലനോടുമാലയത്തിൽ വന്നുവാഴ്ക ബാലേ.

പത്മാ—കാട്ടിലോ? ഈശ്വരാ ആപത്തു വല്ലതും പററിയിരിക്കുമോ?

കറ—പാടും കുയിൽകുല മാടും മയിലുക-
ളോടു മിടചേൎന്നു മന്ദമന്ദം
പാതി പ്പടംവിരിച്ചാടുന്ന പാമ്പുക-
ളൂതി യുറക്കുന്നു കീരികളെ.

(പത്മാവതി തൊഴുന്നു)

ഏണങ്ങളും കിളി ജാലങ്ങളുമൊത്തു
കാലിക്കിടാങ്ങൾ കളിച്ചുമെല്ലെ
ആല വാലങ്ങളിലോലും ജലം കുടി-

ച്ചാലസ്യമാററിടുന്നുണ്ടൊരേടം.
അഞ്ചു മരങ്ങളിൽ നല്ലമരവിരി-
ത്തുങ്ങിക്കിടപ്പുതു കണ്മനോജ്ഞം
വല്ലീതടങ്ങളിൽ തിങ്ങിയൊലിക്കുന്ന-
നല്ലോരരുവികളുണ്ടവിടെ.
മെല്ലെയതിൽചെന്നു മന്ദസമീരണൻ
കല്ലോലമാലകൾ ചാർത്തിടുന്നു.
മാമര ച്ഛായയിൽ മാമുനി ബാലകർ
സാമാദിവേദങ്ങൾ ഘോഷിക്കുന്നു.

പത്മാ—തപോവനത്തിൽ ആപത്തൊന്നും വരില്ല ഉ
വ്വോ?

കുറ—ദുഃഖങ്ങളൊന്നും അടുക്കില്ലല്ലൊ തമ്പുരാട്ടി!

പത്മാ—എവിടെയാ ഈ തപോവനം?

കുറ—പോകബാലെ! കാനനത്തിൽ കാൺക നിൻകണ
(വൻ

ഗുരുകുലത്തിൽ കുരുത്തമോടേ വാണിടും വിശേഷം
ആകുലം നീ കളകബാലെ നല്ലകാലം വന്നു
ധരിക്കബാലേ നേർവഴി നീ നടന്നുകൊണ്ടാൽ
(പോരും.
സുഖിച്ചു ബാലകനിരിക്കും കാനനം കണ്ടുകൊള്ളാ
(മെന്നാൽ
തിരിച്ചുപോന്നു നിൻ കണവനുമൊത്തു സുഖിച്ചുവാ
(ഴാമല്ലോ.

പോകബാലെ കാനന—

(പോകുവാൻ ഭാവിക്കുന്നു.)

പത്മാ—നിക്കു കുറത്തി! പോവാൻ വരട്ടെ.

കുറ—അന്തിയാവുമ്പളുക്കും അടിയനു വീട്ടിലെത്തണെല്ലൊ തമ്പുരാട്ടി. (വീണ്ടും പോകുവാൻ ഭാവിക്കുന്നു.)

പത്മാ—ദാ-ഇവിടെവരു! (വരുന്നു) (സ്വഗതം) ഇവൾക്കെന്താ ധമ്മോംകൂടി വേണ്ടെ? ഇതു് അത്ഭുതായിരിക്കുന്നുവല്ലൊ. (പ്രകാശം) നി—(സംശയിച്ചു) നിങ്ങളൊന്നും ആവശ്യപ്പെടുന്നില്ലല്ലൊ. ഇതിരിക്കട്ടെ (എന്നു മോതിരമൂരിക്കൊടുക്കുന്നു.)

കുറ—(ചിരിച്ചുകൊണ്ടു്.)

> മംഗലക്രിയക്കടിയൻ വന്നുകൊള്ളാം ബാലെ
> അംഗുലീയം കൊടുക്കുമ്പോൾ കണ്ടുകൊള്ളാം ബാലേ.

(പോകുന്നു.)

മജി—(പ്രവേശിച്ചു) പത്മക്കൊക്കെ ത്രൂപമുണ്ടു് ഇല്ലെ?

പത്മാ—ഉവ്വു് അമ്മാമാ—

മജി—എവിടെയാണെന്നു ത്രൂപമുണ്ടൊ? (മറുവടി പറവാൻ സംശയിക്കുന്നു.) സംശയിക്കണ്ട. അവന്റെ പേരിലുള്ള കേസ്സൊക്കെ തീൎന്നു. ബാലൻ പത്മയുടെ കയ്യിൽ ഏല്പിച്ചിരുന്ന പണ്ടം പത്മതന്നെയല്ലെ കുഞ്ഞിക്കാവിനു കൊടുത്തതു്?

പത്മ—അതെ.

മജി—കാൎയ്യത്തിന്റെ സൂക്ഷ്മമൊക്കെ മനസ്സിലായി. ബാലന്റെ ഉദ്ദേശം നല്ലതാണു്. അതു സാധിക്കുവാനുള്ള

വഴി മാത്രമേ പിഴച്ചുള്ളൂ. പണിക്കർ കാളിക്കു സംബന്ധം തുടങ്ങിയതോടുകൂടിയാണു കാൎയ്യമൊക്കെ തെളിഞ്ഞത്. ഇനി ബാലന് ഇങ്ങോട്ടു വരാൻ വിരോധമൊന്നുമില്ല. ബാലനെവിടെയാ എന്നു പറയൂ.

പത്മാ—ഗുരുകുലത്തിൽ.

മജി—ഈശ്വരാധീനം. അമ്മാളുനോട് ഇപ്പൊന്നും പറയണ്ട. ഞാനൊരു പുണ്യയാത്രക്കു പുറപ്പെടുന്നുണ്ട്. നമ്മൾക്കെല്ലാവൎക്കും ഒരുമിച്ചുപോവാം.

പത്മാ—എന്നാവൊ?

മജി—നാളെത്തന്നെ (എന്നു പോകുന്നു.)

പത്മ—ആ കുറത്തിക്ക് ഒരു സ്വാൎത്ഥവും കാണുന്നില്ല. ഒടുവിൽ പറഞ്ഞത് എന്തോ അൎത്ഥംവെച്ചാണ്. ഈശ്വരാധീനംപോലെ വരട്ടെ. (എന്നു തൊഴുതു നിൽക്കുന്നു.)

## രംഗം 10.

[ഗുരുകുലം - നേരം ഉദിച്ചുയൎന്നു - ഗുരുകുലവട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.]

ഗൌ—(പ്രവേശിച്ച്) അവർ വന്നുതുടങ്ങി.

ഗുരു—വഴിക്കു ബുദ്ധിമുട്ടാനൊന്നും ഇടവന്നില്ലല്ലൊ?

ഗൌ—ഇല്ല. വേണ്ടതൊക്കെ തെയ്യാറാക്കിയിരുന്നു;

ഗുരു—ബാല! അടുത്തുവന്നിരിക്കൂ. (ബാലൻ വന്ദിച്ചുകൊണ്ടു നിൽക്കുന്നു.)

(മജിസ്ട്രേട്ടും അമ്മാളുവും പത്മാവതിയും പ്രവേശിക്കുന്നു, എ

ല്പാവരും വിനയത്തോടുകൂടി അകലത്തു നില്ക്കുന്നു. അമ്മാളു ബാലനെ കണ്ടിട്ട്.)

അമ്മാളു—(പത്മയോട്ട്) ദേ, ബാലൻ! ഇങ്ങോട്ടായിരിക്കൊ പറഞ്ഞയച്ചതു്?

പത്മ—(ഒന്നും മിണ്ടുന്നില്ല. ബാലനെ നോക്കി കീഴ്പോട്ടു നോക്കുന്നു. ബാലൻ രണ്ടുപേരെയും നോക്കുന്നു.)

ഗുരു—(മജിസ്റ്റ്രേട്ടിനോട്ട്) ഇങ്ങട്ട് അടുത്തുവരാം. (മജിസ്റ്റ്രേട്ടുതൊഴുതുകൊണ്ടു് അടുക്കുന്നു. അമ്മാളുവും പത്മയും തൊഴുതുകൊണ്ട് അകലെ നില്ക്കുന്നു.)

വഴിയാത്രക്ലേശം ഒന്നുമുണ്ടായില്ലല്ലൊ?

മജി—അവിടത്തെ കൃപകൊണ്ടു ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. ഇവിടെ എത്തുന്നതുവരെ ഞങ്ങൾക്കുവേണ്ട സകല സൌകൎയ്യങ്ങളും നോക്കിക്കൊണ്ട് ഒരാൾ കൂടെ ഉണ്ടായിരുന്നു.

(പത്മാവതി ഗൌതമനെ നോക്കുന്നു.)

ഗുരു—(ജനാന്തികം) ആ കുട്ടിക്ക് ആളെ മനസ്സിലായിരിക്കാം.

ഗുരു—ബാലന്റെ മനസ്സു ശുദ്ധമായിട്ടു വേണം നിങ്ങളെ ഇങ്ങോട്ടു വരുത്താൻ എന്നു വിചാരിച്ച് ഇത്രയും കാലതാമസം വന്നതാണ്. അതുകൊണ്ടു മനസ്സിന്നു നിങ്ങൾക്കു കുറച്ചധികം ക്ലേശം ഉണ്ടായിരിക്കാം. ദുഃഖത്തിൽ നീററിയ സുഖത്തിന്നു മാററുകൂടുമല്ലൊ.

മജി—അങ്ങുന്നു ചെയ്തിട്ടുള്ള ഉപകാരം മനസ്സിൽ കുട്ടിവെക്കുന്നതല്ലാതെ പ്രത്യുപകാരം ചെയ്യുവാൻ ഈ

പാപിക്കു ശക്തിയില്ലാതെ പോയല്ലോ. എന്തു ചെയ്യാം.

ഗുരു—ഞാൻ ഇതിലൊന്നും ചെയ്തിട്ടില്ല. സകലതും ഈ ശ്വരൻെറ പ്രേരണയാണ്. (ബാലനോടു) ബാല! അ ച്ഛൻെറ അടുക്കൽ ചെന്നു ക്ഷമായാചനം ചെയ്യൂ. (ബാലൻ മജിസ്ത്രേട്ടിൻെറ അടുക്കൽ ചെല്ലുന്നു.)

ബാലൻ—ഞാൻ കിഴ്ക്കട ചെയ്തിട്ടുള്ളതെല്ലാം അച്ഛൻ ക്ഷമിക്കണം.

മജി—ബാലന് ഇതിൽ യാതൊരപരാധവും ഇല്ല. വാ സ്തവത്തിൽ ഞാനാണ് പിഴച്ചത്. ഒലിച്ചുപോണ വെ ള്ളം തടുത്തപ്പോൾ ചാലുമാറിപ്പോയതു ബാലൻെറ തെററാണോ?

(അമ്മാളുവും പരമയും ഉൽക്കണ്ഠയോടുകൂടി ബാലനെ നോക്കു ന്നു. അമ്മാളു ഒരടി മുമ്പാക്കം വെക്കുന്നു.)

മജി—ബാല! അമ്മേച്ചെന്നു കാണൂ. (ബാലൻ അമ്മാളുവി ൻെറ അടുക്കലേക്കു പോകുന്നു. അമ്മാളു ബാലനെ കെട്ടിപ്പിടി ച്ചു കരയുന്നു. പരമയും കൂടെ കരയുന്നു.)

ഗുരു—(മജിസ്ത്രേട്ടിനോടു) ബാലൻെറ നേരെ പരിഭവം ഒ ന്നും തോന്നരുത്. ആ കുട്ടിക്കു സർവ്വ പ്രാണികളിലുമു ള്ള സ്നേഹം, അച്ഛൻെറ അനിയന്ത്രിതമായ ശാസന കൊണ്ടും, അമ്മയുടെ അതിയായ ലാളനകൊണ്ടും ദു ഷ്ടന്മാരുടെ സഹവാസപ്രേരണകൊണ്ടും ഹിംസയിൽ കൂടി പ്രതിഫലിച്ചു എന്നുമാത്രമേയുള്ളൂ. ജന്മാന്തരവാ സന വളരെ ശുദ്ധമായിട്ടുള്ളതാണ്. അതിനുണ്ടായി

രുന്ന മൂടലു നീങ്ങി ഇപ്പോൾ തെളിഞ്ഞു സ്ഥിരപ്പെട്ടു.

മജി—ബാലനെ ഞാൻ കൂടെ കൊണ്ടുപൊക്കോട്ടെ ആവൊ.

ഗുരു—ഗാൎഹസ്ഥ്യത്തിനുള്ള മംഗളകൎമ്മം ഇവിടെവെച്ചു തന്നെ നടത്തുകയല്ലെ നല്ലതു്.

മജി—(തൊഴുതുകൊണ്ടു്) ഇത്രത്തോളം ഞങ്ങളുടെ പേരിൽ ശ്രദ്ധ വെച്ചിട്ടുള്ളതായി ഇപ്പഴേ അറിവാൻ സംഗതിയായുള്ളു. ആ പെൺകിടാവുതന്നെയാണു കൂടെ വന്നിട്ടുള്ളതു്.

ഗുരു—മനസ്സിലായി. ഇപ്പോൾ നല്ല മുഹൂൎത്തമാണു്. വിവാഹം നടന്നോട്ടെ.

(മജിസ്ട്രേട്ടു് അമ്മാവുവിനോടുകൂടി ബാലകൃഷ്ണനെയും പത്മാവതിയേയും ഗുരുവിന്റെ സമീപത്തിൽ കൊണ്ടുവന്നു നിൎത്തുന്നു.)

ഗുരു—(ഗൌതമനോടു്) ആ മോതിരം ബാലന്റെ കയ്യിൽ കൊടുക്കു. (കൊടുക്കുന്നു.) ബാല! ആ മോതിരംതന്നെ യാവട്ടെ പത്മാവതിക്കും.

(ബാലൻ മോതിരം ഇടുവിക്കുന്നു—വാദ്യഘോഷം)

ശുഭം

# പ്രകടപ്രസംഗങ്ങൾ.

## I

## സഭാപ്രവേശം.

---

ബഹുമാനപ്പെട്ട കൊച്ചി നിയമനിർമ്മാണസഭാംഗഭൂതന്മാരായ പൌരപ്രമാണികളേ! നിങ്ങളുടെ അനുമതിയാലും, അനുഗ്രഹത്താലും—അത്യന്തം അനർഹനെങ്കിലും—ഒരു ദേശാഭിമാനിയാൽ സർവ്വാത്മനാ ആശിക്കപ്പെടുന്നതും, ആദരിക്കപ്പെടേണ്ടതും; പൌരാവകാശത്തിന്റെ പരമകാഷ്ഠയിൽ പ്രശോഭിക്കുന്നതും ആയ ഈ അദ്ധ്യക്ഷപദവിയാൽ ബഹുമാനിതനും, ജനതയുടെ ദാസഭൂതനും ആയ ഞാൻ ജനപ്രതിനിധികളായ മഹാജനങ്ങൾക്കു സുദിനത്തെ ആശംസിച്ചുകൊള്ളുന്നു. അതേ, സുദിനംതന്നെ. അഞ്ജനതുല്യമായ അന്ധകാരത്തിൽനിന്നു നാം ബാലസൂര്യന്റെ അരുണകിരണങ്ങളിൽ ഉല്ലസിക്കുമാറായി; നമ്മുടെ ഹൃദയകമലം വികസിച്ച്, ആനന്ദസുധാലഹരിയിൽ നിമജ്ജിതമായി; പൊതുജനസ്വാതന്ത്ര്യം ഗർഭക്ലേശത്തിൽനിന്നു വിമുക്തമായി ഭരണതന്ത്രത്തെ നിരീക്ഷിച്ചുതുടങ്ങി.

മഹാജനങ്ങളെ! ഈ ഒരു സ്വാതന്ത്ര്യോദയം, വിനിയോഗപ്രകാരത്തെ അപേക്ഷിച്ച്, എത്രത്തോളം ശ്രേ

യസ്ക്കരമായിത്തീരുന്നുവൊ, അത്രയും ആപൽക്കരവും ആയി പരിണമിക്കുവാൻ മാൎഗ്ഗമുള്ളതാണെന്നു വഴി പോലെ നിങ്ങൾ, നിങ്ങളുടെ ദീൎഘദൃഷ്ടിയിൽ കണ്ട്, ഉപരികൃത്യങ്ങളെ നിഷ്പക്ഷപാതമായി നിൎവ്വഹിക്കുവാൻ തക്കതായ ആലോചനാശക്തിയും, ക്ഷമയും വിവേകവും, ദേശാഭിമാനവും, ജനക്ഷേമതൽപരതയും, നിങ്ങളിൽ ഉത്തരോത്തരം വൎദ്ധിച്ചു നാടിനും നാട്ടാൎക്കും, ക്ഷേമവും ഐശ്വൎയ്യവും, പ്രതിഷ്ഠയെ പ്രാപിക്കുമാറാകട്ടെ!

ഈ ബഹുമാനപ്പെട്ട സഭയിൽ നടത്തുവാൻപോകുന്ന വാദപ്രതിവാദങ്ങളും, വിചിന്തനത്തിനു വിഷയീഭവിക്കുന്ന പ്രമേയങ്ങളും പരിമിതമായ പരിധിയിൽ പററിക്കൂടി മലിനവും, കലുഷിതവുമായിത്തീരാതെ, അവയുടെ പരിമളം നമ്മുടെ ശ്രോത്രീമണ്ഡലത്തിലെന്നല്ല, അന്യരാജ്യങ്ങളിലും വിശേഷേണ വിശ്രുതമാറാകട്ടെ! ജനപ്രതിനിധികളായ നാം, കൂപമണ്ഡൂകങ്ങളെന്നപോലെ അപഹാസ്യന്മാരായിത്തീരുന്നതായാൽ പൊതുജനദ്വേഷത്തിനും, രാജദ്രോഹത്തിനും, ദൈവകോപത്തിനും പാത്രമായിത്തീരുന്നതാണ്. ജനക്ഷേമരക്ഷാധികാരികളായി നമ്മളെ അവരോധിച്ച മഹാലോകരെ നാം വഞ്ചിക്കുന്നതായാൽ, അതിൽപ്പരമായ ഒരാത്മവഞ്ചന നാം ചെയ്യേണ്ടതുണ്ടോ? അവർ നമ്മളിൽ സമൎപ്പിച്ചിരിക്കുന്ന വിശ്വാസം പാഴാക്കിക്കളയുന്നതായാൽ, അതിൽപരമായ ഒരു വിശ്വാസവഞ്ചന വേണ്ടതുണ്ടോ? ഉദിച്ചുയരുന്ന സ്വാതന്ത്ര്യത്തെ നാം ഉടച്ചുകളയുന്നതായാൽ, തദുപരിയായ ഒരത്യാപത്തു നമുക്കു സംഭവിപ്പാനുണ്ടോ? നമ്മൾ

നിമിത്തം രാജ്യത്തിന്റെ അഭ്യുദയത്തിനും, ശ്രേയസ്സിനും ഹാനി വരുന്നതായാൽ, അതിലും മഹത്തരമായ ഒരു രാജദ്രോഹം നാം ചെയ്യേണ്ടതുണ്ടോ? ലോകവഞ്ചനയിൽപരമായ ഒരു ദൈവദോഷം, നിങ്ങൾ കേട്ടിട്ടുണ്ടോ?

നിങ്ങളിപ്പോൾ ഭരമേറിയൊരു വിശിഷ്ടകൃത്യത്തെയാകുന്നു ശിരസാ വഹിക്കുവാൻ ഉദ്യമിച്ചിരിക്കുന്നത്. അതിൽ നിങ്ങൾ വിഫലന്മാരായി, അധികാരഭ്രമംകൊണ്ടു പ്രമത്തന്മാരായി, കാര്യഗൌരവം മറന്നു, മര്യാദ കളഞ്ഞു, മാനത്തെ കെടുത്തു, സേവസ്സും, സ്വാർത്ഥത്തിനും അടിമപ്പെട്ട്, ഇഹവും, പരവും കളഞ്ഞ് അന്ധതാമിസ്രനരകത്തിൽ ഉഴലുമാറാകൊല്ല. പരോപദ്രവകാരികളായ ഭൂതപ്രേതപിശാചുക്കളെപ്പോലെ, ഈശ്വരസൃഷ്ടിയിൽ തമോഹങ്കാരങ്ങളുടെ സന്താനങ്ങളെന്ന യഥാർത്ഥാപവാദത്തിനു പാത്രീഭവിക്കൊല്ല. നിങ്ങളോരോരുത്തരും അവരവരുടെ നിയോജകമണ്ഡലത്തിലെ ആവശ്യങ്ങളേയും, അവകാശങ്ങളേയും, ന്യായത്തിനും സത്യത്തിനും ശാശ്വതമായ ശ്രേയസ്സിനും ഒത്തവണ്ണം സ്ഥിരപ്പെടുത്തി, നിങ്ങൾക്കും നിങ്ങളുടെ നാടിനും, യശസ്സും ഐശ്വര്യവും സമ്പാദിക്കുവാൻ ഉത്തരവാദപ്പെട്ടവരാകുന്നു. കാര്യവിചാരതരുണത്തിലൊ, വാദപ്രതിവാദകോലാഹലത്തിലൊ, ജാതിമതഭേദചിന്തനാകലുഷിതങ്ങളായ വാക്കുകൾക്കും വികാരങ്ങൾക്കും അവകാശം നൽകിപ്പോകരുത്. സാമാന്യഗുണത്തിനുവേണ്ടി, വിശേഷഗുണത്തെ ബലികഴിക്കുവാനുള്ള ധൈര്യവും, സ്ഥൈര്യവും നിങ്ങൾക്കുണ്ടായിരിക്കണം. ആത്മത്യാഗമാകുന്നു പരാർത്ഥബോധത്തിന്റെ പരമപദ്ധതിയെന്നും, പരോപകാരമാകുന്ന

പരമോൽകൃഷ്ടമായ ജീവിതോദ്ദേശമെന്നും, കാരോരോ അവയവങ്ങളുടേയും പ്രത്യേകപരിപുഷ്ടിയാകുന്ന പൂണ്ണശരീരത്തിൻെറ ആരോഗ്യമെന്നും, ദോഷബീജങ്ങളുടെ മൂലച്ഛേദം സാമുദായികശരീരത്തിൻെറ രക്ഷാവിധിയിൽ അപരിത്യാജ്യമായി ഗണിക്കേണ്ടതാണെന്നും ഉൽകൃഷ്ടജ്ഞാനദീപപ്രഭയിൽ പരിലസിക്കുന്ന ഈ സൽസദസ്സിൽ പ്രത്യേകിച്ചെടുത്തു പറയുന്നതു്, ദിനമണിക്കു ദീപംപിടിക്കുന്നപോലെ പരിഹാസ്യമായിത്തീരുമോ എന്നു ഞാൻ സംശയിക്കുന്നു.

ചവ്വിതചവ്വണംകൊണ്ടോ, ശിരോവേഷ്ടനപ്രാണായാമംകൊണ്ടൊ ഈ മാന്യസദസ്സിൻെറ എത്രയും വിലയേറിയ സമയത്തെ വൃഥാവിലാക്കുവാൻ ഞാനെന്നി വിചാരിക്കുന്നില്ല.

വിവേകാദി വിദ്യാഫലങ്ങൾ നിങ്ങളുടെ വാങ്ധോരണിയിൽ വിളയുമാറാകട്ടെ! നിങ്ങളുടെ വാങ്മാധുരിയിൽ മാലോകർ മയങ്ങുമാറാകട്ടെ!! നിങ്ങളുടെ വാഗ്ധരിയിൽ മുഴകിക്കുളിച്ചു, മാടരാജ്യം പരിപാവനമായ പദവിയിൽ പരിലസിക്കുമാറാകട്ടെ!!! അജ്ഞാനതിമിരത്തെ ജ്ഞാനദീപത്താൽ പരിമാജ്ജനം ചെയ്യുവിൻ! പാമരശബ്ദത്തെ കപ്പൽ കയററി കാലപാണി കടത്തുവിൻ! രോഗത്തെ ഉദാസിച്ച് ആരോഗ്യത്തെ ആവാഹിക്കുവിൻ! ക്ഷാമത്തെ നീക്കുവിൻ!! ക്ഷേമത്തെ പരത്തുവിൻ!!! സദുപദേശങ്ങളും, സദ്വിചാരങ്ങളും, സൽകൃത്യങ്ങളും, സദ്വൃത്തികളും ആകുന്ന സുരഭിലസുകുമാരസുന്ദരസുമനിര

കളെ, ഐകമത്യമാകുന്ന പട്ടുചരടിൽ കോത്തിണക്കി, അനേകദിവ്യമാല്യങ്ങൾ മാടമഹീശൻെറ മുടിയിലലങ്കരിച്ചു, മാടമഹീശമഹിമയെ ഉത്തരോത്തരം പുലത്തിക്കേണ്ടു പഴമയേറിയ കണ്ണുകൾ പുണ്യമടയുമാറാകട്ടെ എന്നു സൎവ്വാത്മനാ സൎവ്വേശ്വരനെ പ്രാൎത്ഥിച്ചുകൊണ്ടു, നിയമിതകൃത്യനിൎവ്വഹണത്തിലേക്കു നിയമനിൎമ്മാണസഭാസമ്മേളനത്തെ സാദരബഹുമാനം നിയോഗിച്ചുകൊള്ളുന്നു.

II

## വൎഷമത്സരം.

ജനക്ഷേമപരിപാലനത്തിങ്കൽ ബദ്ധശ്രദ്ധന്മാരായ പൌരപ്രമാണികളേ! സമുദായപരിഷ്കരണത്തിനായി ബദ്ധകങ്കണന്മാരായ ബഹുമാന്യനേതാക്കന്മാരെ! നീതിന്യായപരിപാലനത്തിങ്കൽ അധികൃതന്മാരായ ഭരണതന്ത്രജ്ഞന്മാരെ! മാതൃഭൂമിയിലെ ബാലതന്തുക്കളിൽ വിജ്ഞാനസുമങ്ങൾ കോൎത്തുകെട്ടുന്ന വന്ദ്യഗുരുക്കന്മാരെ! കുലതന്തുകളെ വാത്സല്യാമൃതത്തിൽ കുളിപ്പിച്ചു പരിശുദ്ധമാക്കുന്ന പിതാക്കന്മാരെ! പൂൎവ്വാൎജ്ജിതമായ ശ്രേയസ്സമ്പത്തിയെ പരിപാലിച്ചു പോഷിപ്പിക്കേണ്ടുന്നതിന്നു് അവകാശികളായി വളൎന്നുവരുന്ന ബാലവിദ്യാൎത്ഥികളെ! നിങ്ങൾ നിങ്ങളുടെ ചുററുപാടും ഒരു നോക്കുപോലും നോക്കാത്ത

തിൽ ഞാൻ അത്യന്തം ആശ്ചൎയ്യപ്പെടുന്നു; അതിയായി വ്യസനിക്കുന്നു. എന്നുമാത്രമല്ല, സ്വകൃത്യത്തിങ്കൽ നിങ്ങൾ കാണിക്കുന്ന അനാസ്ഥയിൽ അക്ഷമനായി നിങ്ങളെ 'അപലപിക്കുവാൻകൂടി എനിക്കു തോന്നിപ്പോകുന്നു. വൃക്ഷങ്ങളുടെ തിരക്കുകൊണ്ടു കാടിൻെറ ഭംഗി നിങ്ങൾ കാണുന്നില്ല; പ്രപഞ്ചസൃഷ്ടിയിൽ ഈശ്വരൻ കല്പിച്ചിട്ടുള്ള ഐകമത്യത്തെ നിങ്ങൾ ഓൎക്കുന്നില്ല; കരചരണാദ്യവയവങ്ങൾ ഏകശരീരത്തിൻെറ സഹായികളും സഹകാരികളും ആണെന്നു നിങ്ങൾ വിസ്മരിച്ചുപോകുന്നു; നേതൃശൂന്യമായ ധൂമശകടത്തിൽ പൊത്തിപ്പിടിച്ചു കയറുന്നതിൽനിന്നുത്ഭവിക്കുന്ന അത്യാപത്തുകളെ നിങ്ങൾ പരിഗണിക്കുന്നില്ല; ഈ വൎഗ്ഗമത്സരമഹാസങ്കുലയുദ്ധത്തിൽ മുട്ടിക്കൂടി ലോകവിപ്ലവത്തെ ഉണ്ടാക്കിത്തീൎക്കുന്ന ആ കോലാഹലത്തിൽ ചുററുപാടും ചക്രവാളത്തിൽ ഉരുണ്ടുകൂടുന്ന കാർമേഘപടലങ്ങൾ നിങ്ങളുടെ ദൃഷ്ടിപഥത്തിൽപെടുന്നില്ല; ചണ്ഡമാരുതൻ കാളസൎപ്പത്തെപ്പോലെ സീൽക്കാരം ചെയ്യുന്നതു നിങ്ങളുടെ കൎണ്ണപുടങ്ങളിൽ പതിക്കുന്നില്ല; ആപൽസൂചകങ്ങളായ ഉൽപാതങ്ങൾ നിങ്ങൾ കാണുന്നില്ല; ധൂമകേതു അതാ ഉദിച്ചുതുടങ്ങി; അന്ധകാരം ഇതാ പരന്നുതുടങ്ങി! സൎവ്വഭക്ഷകനായ ആപൽക്കാലം ഇതാ വായുംപിളൎന്നു വന്നുതുടങ്ങി!

നിങ്ങൾ അന്യോന്യം കലഹിക്കാതിരിക്കുവിൻ! കണ്ണു തുറന്നു നോക്കുവിൻ!! കൈകോൎത്തു പിടിച്ച് ആപന്നിവാരണത്തിനുള്ള മാൎഗ്ഗങ്ങൾ തേടുവിൻ!! നമ്മളെ പോററിവളൎത്തുന്ന മാതൃഭൂമിയുടെ അവയവങ്ങളായ നാം

അന്യോന്യം കലഹിക്കുന്നതിന്റെ അൎത്ഥമെന്താകുന്നു?
സ്വാൎത്ഥപരതയും അഭിമാനവും പ്രമാണിച്ചു മാതാവി
നെ നാം ഹിംസിക്കയല്ലേ ചെയ്യുന്നതു്? ജാതിമതഭേദ
ങ്ങളും, വൎണ്ണവ്യത്യാസങ്ങളും സൎവ്വനിയന്താവിന്റെ സാ
ൎവ്വത്രികമായ സ്നേഹത്തിനു പ്രതിബന്ധങ്ങളായിത്തീരുന്ന
തല്ല. ധനവാന്മാരും, വിദ്വാന്മാരും, വ്യവസായികളും
ലോകസമുദായത്തിന്റെ അഭ്യുന്നതിക്കായിക്കൊണ്ടു നി
യന്ത്രിതന്മാരാകുന്നു. ധനവാന്മാർ ദരിദ്രന്മാരെ ദ്രോഹി
ക്കുകയോ, വിദ്വാന്മാർ പാമരന്മാരെ പുച്ഛിക്കയോ അല്ല
വേണ്ടതു്. അവരവൎക്കു് ഓരോരുത്തൎക്കും ഈശ്വരൻ ക
ല്പിച്ചുകൊടുത്തിട്ടുള്ള പ്രത്യേകഗുണങ്ങളെ ലോകസാമാ
ന്യത്തിന്റെ ഉൽക്കൎഷത്തിന്നും ശ്രേയസ്സിന്നും ആയി വി
നിയോഗിക്കുകയത്രേ നമ്മൾ ഏവരുടേയും നിയമിതകൃ
ത്യം. ഐകമത്യമത്രെ മാതൃഭൂമിയുടെ ജീവനാഡി.

പഞ്ചായത്തുകളും, നഗരസഭകളും, നിയമനിൎമ്മാ
ണസഭകളും സ്വാൎത്ഥലാഭത്തിന്നായി നിൎമ്മിച്ചിട്ടുള്ള ഏ
ൎപ്പാടുകളല്ല. പൌരകൃത്യം സ്വഹിതത്തെ പുരസ്കരിച്ചുള്ള
പൌരോഹിത്യമല്ല. ആത്മത്യാഗത്തിന്റെയും, പരാ
ൎത്ഥബോധത്തിന്റെയും മാറ്റുനോക്കുന്ന ഉരകല്ലാകുന്നു
അതു്. സ്വഗൃഹങ്ങൾ ആഹാരവിഹാരങ്ങൾക്കുള്ള പുര
യിടങ്ങൾ മാത്രമല്ല. മാതാപിതാക്കന്മാരുടെ സദ്ഗുണ
സമ്മേളനങ്ങൾകൊണ്ടു പ്രകാശമാനങ്ങളായ പൌരരത്ന
ങ്ങൾ വിളയുന്ന ഖനികളാകുന്നു അവ. വിദ്യാലയ
ങ്ങൾ, വിദ്യാൎത്ഥികളുടെ വിനോദത്തിന്നും, അദ്ധ്യാപക
ന്മാരുടെ ഉദരപൂരണത്തിന്നും മാത്രമുള്ള വെളിമ്പറമ്പുക

ങ്ങളോ, ഊട്ടുപുരകളോ അല്ല. ആദ്ധ്യാത്മികമായും, ആധിദൈവികമായും, ആധിഭൌതികമായും ഉള്ള വിഭവങ്ങൾ ലോകഹിതത്തിനും ലോകസംരക്ഷണത്തിനും ആയി എടുത്തു വിളമ്പുവാൻ പാകത്തിനുള്ള പാത്രങ്ങൾ വാൎത്തുവിടുന്ന മൂശകളാകുന്നു അവ.

ഈശ്വരകല്പിതമായ ഉൽകൃഷ്ടാദൎശത്തെ ലക്ഷ്യമാക്കി, കാലമാകുന്ന വാഹനത്തിൽ കയറി നാം ലോകയാത്ര ചെയ്യുന്നതായ് നിങ്ങൾ നിങ്ങളുടെ ബുദ്ധിവികാസമാകുന്ന ദൂരദൎശിനിയിൽക്കൂടി കാണുമാറാകട്ടെ! കാലത്തിന്റെ കാലുകളിൽ തൂങ്ങി അതിന്റെ ഗതി നിങ്ങൾ തടയാതിരിക്കുവിൻ!! ലോകത്തിന്റെ ശ്മശ്രുപിടിച്ചു നിങ്ങൾ മുന്നോട്ടു വലിച്ചിഴക്കാതിരിക്കുവിൻ!!! കാലഗതിക്കും, ലോകയാത്രക്കും നിങ്ങളുടെ വൃഥാപരിശ്രമംകൊണ്ടു വേർപാടു വരുന്നതല്ല. നിങ്ങളുടെ അംഗഭംഗം മാത്രമേ പരിണാമഫലമായിത്തീരുകയുള്ളു.

സഹജീവികളെ ദ്രോഹിക്കാതിരിക്കുവിൻ! അപകൃഷ്ടന്മാരെ വെറുക്കാതിരിക്കുവിൻ! ഉൽകൃഷ്ടന്മാരെ ദ്വേഷിക്കാതിരിക്കുവിൻ! അപഹസിക്കാതിരിക്കുവിൻ! ഉൽക്കഷത്തെ ആശിക്കുവിൻ! സ്വഗുണംകൊണ്ടും സ്വപ്രയത്നംകൊണ്ടും ഉന്നതപദവി നേടുവാൻ ധൈൎയ്യവും സ്ഥൈൎയ്യവും സമ്പാദിക്കുവിൻ! സത്യവും ന്യായവും മുൻനിൎത്തിക്കൊണ്ടു സമത്വം സമ്പാദിക്കുവാൻ വ്യൂഹം കെട്ടി മുന്നോട്ടു കയറുവിൻ! കാലഗതിയിൽ അടിതെറ്റി വീണവരെ കൈകൊടുത്തു സംരക്ഷിക്കുവിൻ! പുരോഗാമികളായ പൌരപ്രമാണികൾ അവൎക്കഭയം

നൽകുവിൻ! ജീവിതമത്സരത്തിൽ അവരുടെ ഘോഷയാത്രകണ്ടു ആനന്ദിക്കുവിൻ! ആൎത്തനാദത്തിൽ അനുതപിക്കുവിൻ!! ആഹ്ലാദകലവിയിൽ അനുമോദിക്കുവിൻ!!! പരമമായ ആദൎശത്തെ ദുരഭിമാനംകൊണ്ടു മറക്കാതിരിക്കുവിൻ! ദുരാഗ്രഹംകൊണ്ടു ദുസ്സാമൎത്ഥ്യം തുടങ്ങാതിരിക്കുവിൻ! കാലവും കോലവും ഒത്തുപോകുവാനനുവദിക്കുവിൻ! മഹത്തായ ഭാവിശ്രേയസ്സിനുവേണ്ടി താൽക്കാലികമായ സ്വാൎത്ഥലാഭത്തെ പരിത്യജിക്കുവിൻ! കൈകോൎത്തുപിടിച്ചു നടക്കുവിൻ! സമഭാവനയോടുകൂടി വൎത്തിക്കുവിൻ! ആപത്തിനെ അകററുവിൻ! ഐശ്വൎയ്യത്തെ നേടുവിൻ! ആദൎശത്തെ അടയുവിൻ! മാതൃഭൂമിയെ ഉയൎത്തുവിൻ! പേരും പെരുമയും പരത്തുവിൻ! അനശ്വരമായ യശസ്സിനെ പ്രതിഷ്ഠിക്കുവിൻ! പുണ്യം സമ്പാദിക്കുവിൻ!!!

---

## III

## ഐകമത്യം.

---

പ്രിയസഹോദരികളെ, സഹോദരന്മാരെ!

സൎവ്വേശ്വരസാന്താനികസംഘത്തിന്റെ പ്രത്യക്ഷാഭിമുഖ്യത്തിൽക്കൂടിയിരിക്കുന്ന ഈ സായാഹ്നസമ്മേളനത്തിൽ സന്നിഹിതരായ സ്ത്രീപുരുഷന്മാരെ ഉദ്ദേശിച്ചു മാത്രമല്ല ഞാൻ സഹോദരികളെ സഹോദരന്മാരെ എന്നു

സംബോധന ചെയ്തിട്ടുള്ളത്. ജഗദീശ്വരന്റെ കരുണാ
മസൃണമായ കടാക്ഷനിരീക്ഷണത്തിനു പാത്രീഭൂതന്മാരും
അദ്ദേഹത്തിന്റെ പ്രിയസന്താനങ്ങളും ആയ സകലവി
ധ ചരാചരങ്ങളേയും വിശിഷ്യ ജഗൽപിതാവായ പരമ
പുരുഷന്റെ അവിഭക്തകുഡുംബകാൎയ്യക്ലേശത്തിൽ നി
രന്തരം നിയുക്തന്മാരും ഭൂഭരണഭൂരിഭാരവഹനത്തിനു പൂ
ൎവ്വപുണ്യപരിപാകത്താൽ ജന്മനാ അവകാശികളും അധി
കൃതന്മാരും ലോകമഹായാത്രാസംരഭകലവിയിൽ ചിൽ
പുരുഷചൈതന്യലാഭാധിക്യവൈഭവത്താൽ നേതൃകോടി
യിൽ പരിഗണിക്കപ്പെട്ടുപോരുന്നവരും ആയ വിശിഷ്ട
സൃഷ്ടിവൎഗ്ഗങ്ങളെ ലക്ഷീകരിച്ചുകൊണ്ടാകുന്നു അത്യന്തസ
ന്നിഹിതരായ സഭാസ്താരന്മാരെ ഞാൻ സാഹോദൎയ്യസ
ല്ക്കാരംകൊണ്ടു സംഭാവനം ചെയ്യുന്നത്.

ഏകയോഗക്ഷേമനിബദ്ധന്മാരായി നാം ആയുരാ
രോഗ്യസമ്പൽസമൃദ്ധിയോടുകൂടി കാലക്ഷേപം ചെയ്തു പ
രമപദത്തെ പ്രാപിച്ചു നിത്യസുഖം അടയണമെന്നത്രെ
സൎവ്വനിയന്താവായ കൂടസ്ഥ പുരുഷന്റെ നീതിന്യായ പ
രിപാടിയിൽ അന്തൎല്ലീനമായിക്കിടക്കുന്ന പ്രകൃതിപ്രകര
ണത്തിൽ വിവരണം ചെയ്തിരിക്കുന്നത്. പ്രകൃതിനിയ
മാനുസാരേണ പരമപദപ്രാപ്തിക്കു പററുന്നതായ സമസ്ത
സൌകൎയ്യങ്ങളും സൎവ്വേശ്വരൻ നമ്മൾക്കു സമ്പാദിച്ചുത
ന്നിട്ടുണ്ടല്ലൊ. സകല സാമഗ്രികളും സംഭരിച്ചുവെച്ചിട്ടുമു
ണ്ടല്ലൊ. പിന്നെ നാം എന്തിനായിക്കൊണ്ടാകുന്നു സ്വാ
ൎത്ഥകപരതന്ത്രന്മാരായി നിരൎത്ഥജീവിതായോധന
ത്താൽ മനോരാജ്യസാമ്രാജ്യവിജയം നേടുന്നതിനു മാന

സക്കളരിയിൽ രാഗദ്വേഷാദ്യായുധങ്ങൾ ശേഖരിച്ചു പരിമിതമായ പുരുഷായുസ്സു പാഴാക്കിക്കളയുന്നതു, പുണ്യസന്താരങ്ങളുടെ യോഗക്ഷേമത്തിന്നു ക്ഷാമയോഗമുളവാക്കുന്നതു്, ആത്മാവിനെ വഞ്ചിക്കുന്നതു, നിത്യസുഖത്തെ നിരാകരിച്ചു നിരയത്തെ നേടുന്നതു്?

അഹോ! അത്യാശ്ചര്യം; അത്യന്തശോചനീയം; ദുരന്തദുർവ്വിലഷ്ടം, ദുരാശാദുശ്ചേഷ്ടിതം, ദുർമ്മോഹപരിപാകം! മനുഷ്യരുടെ വിശേഷബുദ്ധി എവിടെ? വിദ്യയുടെ വിവേകമെവിടെ? മതങ്ങളുടെ മൂലമെവിടെ? മതാനുയായികളുടെ മനസ്സെവിടെ, മനസ്സാക്ഷി എവിടെ? സർവ്വകാരുണികനായ ജഗൽപിതാവു വിശേഷവിധിയായി മനുഷ്യൎക്കു കല്പിച്ചുതന്ന വിശേഷജ്ഞാനം വൃഥാവിലായിപ്പോയോ? ജീവിതസമരധരണിയിൽ, ആയതു വിഷദിഗ്ദ്ധമുഖങ്ങളായ ശരൗഘങ്ങളായിത്തീൎന്നുപോയോ? അജ്ഞാനതിമിരപരവശങ്ങളായി സംസാരസാഗരതരംഗങ്ങളിൽ അലഞ്ഞുവലയുന്ന ക്ഷുദ്രജന്തുക്കളെ അനായാസേന കുടുക്കുവാനുള്ള ജാലമാത്രമായി പരിണമിച്ചുപോയോ? വൈദികപദ്ധതികളെല്ലാം ദുഷ്ടമൃഗങ്ങളുടെ സ്വച്ഛന്ദവസതികളായിത്തീൎന്നുവെന്നോ? മതപ്രസ്ഥാനങ്ങളെല്ലാം നരനരികളുടെ ആഹാരത്തിനുള്ള മാംസപിണ്ഡങ്ങളെന്നോ; ഹാ കഷ്ടം! ശാസ്ത്രജ്ഞന്മാർ പ്രകൃതിയോടു മല്ലടിച്ചു ദുരാഗ്രഹനിവൃത്തിക്കു് ഈശ്വരഭണ്ഡാഗാരം കുത്തിത്തുറന്നു കോടീശ്വരന്മാരാകുവാൻ രാപ്പകലില്ലാതെ പണിപ്പെടുന്നു; ബ്രഹ്മാണ്ഡഭാണ്ഡോദരത്തിൽ കൈകടത്തുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്നു; ആകാശമടിച്ചു

ത്തുക്കുന്നു, ഭൂഗർഭമെട്ടത്തുടക്കുന്നു! സമുദ്രം കലക്കിമറിക്കുന്നു! അല്ലയോ ലോകൈകമാതാവിൻെറ സ്തനപായികളായ സന്താനങ്ങളെ! പക്ഷികഠം ആകാശത്തു പറക്കട്ടെ! പെരിച്ചാഴികഠം ഭൂമി തുരക്കട്ടെ, മത്സ്യങ്ങഠം ജലാശയങ്ങളിൽ ജീവിച്ചുകൊള്ളട്ടെ; നിങ്ങഠം അമ്മയോടു കലഹിക്കാതിരിക്കുവിൻ, മക്കഠം തമ്മിൽ മത്സരിക്കാതിരിക്കുവിൻ. സുഖജീവിതത്തിനും ഭാവിശ്രേയസ്സിനുംവേണ്ടി മാത്രമാകുന്നു നിങ്ങളുടെ ഈ ബ്രഹ്മപ്രയത്നമെങ്കിൽ ആയതിനുള്ള മാൎഗ്ഗം കലഹത്തിൽക്കൂടിയല്ല—നരകത്തിൽക്കൂടിയല്ല. കണ്ണു മിഴിച്ചുനോക്കുവിൻ. ധൎമ്മാൎത്ഥകാമമോക്ഷങ്ങളെ പരസ്പരവിരോധമെന്നിയെ അനായാസേന സമ്പാദിക്കുന്നതിനായി അവിപന്നവും സുഗമവും സുലഭവും ആയ വിശിഷ്ടവിശാലപദ്ധതി, ലോകകാരുണികന്മാരായ നമ്മുടെ ഋഷീശ്വരന്മാർ, കാലകാലാന്തരങ്ങഠംക്കു മുമ്പുതന്നെ വെട്ടിത്തെളിയിച്ചിട്ടിരിക്കുന്നു. ആ പരിപാവനങ്ങളായ പന്ഥാക്കഠം ഇന്നും സങ്കുചിതങ്ങളായിട്ടില്ല. ആ സൽപഥങ്ങളിൽ, ആ രാജവീഥികളിൽ, നിങ്ങഠംക്കു പ്രവേശം ലഭിക്കേണമെങ്കിൽ സഹജീവികളിൽ സൌഹാൎദ്ദത്തോടും സമഭാവനയോടുംകൂടി വൎത്തിക്കുവിൻ, പ്രകൃതിയോടു പിണങ്ങാതെ ഇണങ്ങിച്ചേരുവിൻ, പ്രകൃതിദേവി പ്രവൃത്തിരൂപേണ പ്രത്യക്ഷപ്പെടുത്തിത്തരുന്ന ഐകമത്യത്തെ അനുകരിക്കുവിൻ. സ്വാൎത്ഥത്യാഗംതന്നെയാണു സ്വാൎത്ഥലാഭത്തിൻെറ നിദാനമെന്നു മനസ്സിലാക്കുവിൻ.

ചരാചരാത്മകമായ ഈ പ്രപഞ്ചത്തിൽ അന്യോന്യസഹായവും സഹകരണവുംകൂടാതെ അരക്ഷണംപോലും

നാം കഴിഞ്ഞുകൂടുന്നില്ല. അണുപ്രാണിപോലും ജീവസന്ധാരണം ചെയ്യുന്നില്ല.

നമ്മൾ ശ്വസിക്കുന്ന വായുവും കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവും എവിടെനിന്നു നമുക്കു ലഭിക്കുന്നു? നമ്മൾ ഉച്ഛ്വസിക്കുന്ന അംഗാരബാഷ്പത്തെ ആർ ശുദ്ധിചെയ്യുന്നു? നീർ നീരാവിയാകുവാൻ ആർ വിറകു ശേഖരിക്കുന്നു? നീരദനിരയെ ആർ നിലയ്ക്കു നിർത്തുന്നു? അന്നബീജത്തെ ആർ പോഷിപ്പിക്കുന്നു? അന്നം എങ്ങനെ പാകം വരുന്നു? പ്രകൃതിയിൽ ഐകമത്യമില്ലെങ്കിൽ എങ്ങനെ നാം ജീവിക്കുന്നു?

ഐകമത്യം! ഐകമത്യം! ഐകമത്യമൊന്നുമാത്രമാകുന്നു വിരാൾപുരുഷൻെറ ജീവനാഡി. പ്രപഞ്ചമാകുന്നു അദ്ദേഹത്തിൻെറ ശരീരം; കരചരണാദ്യവയവങ്ങളാകുന്നു ഈ കാണുന്ന ചരാചരങ്ങൾ; കൈകാലുകൾ അന്യോന്യാശ്രയംകൂടാതെ ചേഷ്ടിക്കുന്നതല്ല, ജീവിക്കുന്നതുമല്ല.

പരമപുരുഷൻെറ പരിമാണരഹിതമായ പ്രപഞ്ചശരീരത്തിൽ പരമാണുപ്രായന്മാരായ നാം രാഗദ്വേഷമദമാത്സര്യാദിപ്രചണ്ഡമാരുതാഹതിയേററു പാറിപ്പോകാതെ സ്വസ്ഥാനങ്ങളിൽ പററിക്കൂടി ആത്മരക്ഷ നേടുവാനുള്ള പരിശ്രമമാകുന്ന സത്യം, സമഭാവന, സൌഹാർദ്ദം, ആത്മത്യാഗം എന്നാദിയായ ശബ്ദപരമ്പരകൊണ്ടു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ധർമ്മനിരയെന്നു നിത്യവും നിങ്ങൾ നിരുപിച്ചു നിജപദത്തെ പ്രാപിച്ചു നിത്യസുഖമടയുമാറാകട്ടെ!!!

# ആധ്യാനകം.

1

## കാൎയ്യം ജയിച്ചു.

അടിമലർ പണിയുന്നോനാടലാം വാരിരാശി-
ക്കടിയിലടിയനെത്തി, വീൎപ്പുമുട്ടിത്തുടങ്ങി;
കടമിഴിവലവീശിക്കേറുവാൻ താമസിക്കൊ-
ല്ലടിയനടിമയാണെന്നോൎക്കണേ കാക്കണേ നീ. 1

കൃമികിടികരിയെന്നെന്തൊക്കെയോ പൂൎവ്വജന്മ-
ക്രമമടിയനടങ്ങി, വാങ്ങി മൎത്ത്യന്റെ ജന്മം;
ക്രമനികുതി കൊടുപ്പാനാവതില്ലെന്തിനാണി-
ഭ്രമമടിയനുവേണ്ടേ വേണ്ടജന്മാവകാശം. 2

നിരവധി ദുരിതം ഞാൻ ചെയ്തിരിക്കാ,മറിഞ്ഞി-
ട്ടൊരുവക,യറിയാതേകണ്ടു മുണ്ടായിരിക്കാം;
പരിഭവമതിലങ്ങയ്ക്കുണ്ടു കാരുണ്യമല്ലേ
തിരുവടി,യസുരക്കും മുക്തി നൽകുന്നതില്ലേ? 3

പരപരിഭവമേല്ക്കാം, പിച്ചതെണ്ടിക്കഴിക്കാ,-
മരിയഭവഭയാബ്ധിക്കുള്ളിലാണ്ടും പിഴയ്ക്കാം;
തിരുമിഴിയടിയങ്കൽ തെല്ലുമില്ലാതെ പോയാ,-
ലരനിമിഷമിരിക്കാനോത്തുമാളാകയില്ല. 4

കലിയുടെ പടകൂടി, വന്നുകാമാദിഷൾക്ക-
ത്തലവർ,തലയുയർത്തിഘോരസംഹാരകാലം;
പലവഴികളടഞ്ഞു, പോവതെങ്ങോ, ഭവാനീ-
ച്ചലമതിയെവെടിഞ്ഞാലാരെ ഞാനാശ്രയിപ്പൂ! 5

കലഹമിതുകഠോരം കാൺക, ചെങ്ങാതിമാർക്കി-
ല്ലലിവൊരു ലവലേശംപോലുമിസ്സങ്കുലത്തിൽ;
കലിവിഷഭയമേൽക്കും ഭക്തരെക്കാത്തിടാഞ്ഞാ-
ലുലകിതിലടിതെററിപ്പോകുമങ്ങേയ്ക്കുപോലും. 6

തിരുവടിതിരുവാണത്തപ്പനെന്നച്ഛനല്ലേ,
പുരുദയയിയലും താർമാതുമെന്നമ്മയല്ലേ?
ഇരുവരുമൊരുനോക്കെന്നാകിലും നോക്കിടാതെ-
ന്തൊരുമകനിവനുണ്ടെന്നുള്ളതോർക്കാതെ പോയോ? 7

പുരുദുരിതചയാബ്ധിക്കക്കരെച്ചെന്നിടാം നിൻ
കരുണതരണിയായിത്തീരുമെന്നാകിലിപ്പോൾ;
ചരണയുഗളയോഗം പാപികൾക്കേകുമെന്നാൽ
മരണമുടനതാട്ടേ, മാരണം തീർന്നിടട്ടേ. 8

തിരുവടിയുടെ നാമം ചൊൽവവർക്കില്ലഖേദം,
മരണഭയമശേഷം വേണ്ടവർക്കെന്നു കേൾപ്പൂ;
ഗുരുവചനമിതൊക്കുന്നില്ല, നാമം ജപിക്കാ-
തൊരുദിനമണയാറില്ല,ല്ലൽമാറുന്നുമില്ല. 9

കുലമഹിമ കുരുത്തക്കേടിനായിട്ടു മാത്രം,
മലമിയലിന ഗാത്രം മണ്ണിനും ഭാരമാത്രം,

കലകൾ കളവുകാട്ടിക്കൂട്ടുവാനുള്ള സൂത്രം,
നലമുടയകളത്രം കീർമൊറാപ്പുമാത്രം. 10

ദൂര,കുസൃതി,കുശുമ്പിൻകാമ്പു,വീമ്പുകൾക്കുനട്ടെ,-
ന്നൊരുവക ദുരിതം ചെയ്താപതിക്കുന്നു ഞങ്ങൾ,
മറുപിറവി വരുമ്പോൾ, പുത്രഭൃത്യാദിയായി-
ബ്ഭരമെഴമൊരുഭാണ്ഡം ഭേസുമാറാക്കിടുന്നു. 11

തവമഹിമകൾ പാടി, സ്വൈരസഞ്ചാരസൌഖ്യ-
ത്തൊടു, നഭസിപറക്കും, പൈങ്കിളിപ്പൈതലേ നീ,
ഭവവലയിലടക്കി,കർമ്മമാം കൂട്ടിലാക്കി,-
ത്തടവിലടിതുടന്നാൽ,കൈകടന്നില്ലയോ തേ? 12

പരപുരുഷഭവാനിബ്ബാലലീലയ്ക്കുവേണ്ടി-
ക്കരുവലതുപിടിച്ചും, വാത്തുടച്ചും, പടച്ചും,
ഉരുവലതുകഴിക്കാറില്ലയോ?സ്വസ്ഥമായി-
ട്ടരനിമിഷമിരിക്കൂ,പിന്നെവേണങ്കിലാവാം. 13

സമരമരർത്തുടങ്ങി, സ്വൈരമേതാനുമില്ലാ-
തനവധിവിധമായി, സൃഷ്ടിചെയ്യും തിരക്കിൽ,
ജനിമൃതികൾ കുറിക്കും നാമരൂപക്കണക്കൊ-
ന്നെനവിവരമതായിട്ടങ്ങു സൂക്ഷിപ്പതുണ്ടോ? 14

ഇവനൊരു നരകീടപ്പേട്ട, റിയോപ്പതുണ്ടോ,
തവ സചിവർകണക്കിൽ ചേർക്കുവാൻ വിട്ടുപോയോ?
ഭവജലധിയിൽ നീന്തിത്താന്തനായ്ത്തീർന്നിനിക്കി-
യവനിയിലടിതെറ്റിടുന്നു, ചുറ്റുന്നു ശീഷം 15

പലകുസൃതികളെന്നെക്കൊണ്ടു ചെയ്യിച്ചതാതിൻ
ഫലമൊടുവിലശിക്കാം,നിന്നു ഞാൻതന്നെയായി;
കുലബലധനം—അല്ലാ—മാനമര്യാദയും, ഞാ-
നലമകലെ വെടിഞ്ഞും, ചെയ്തുനിന്നിഷ്ടമെല്ലാം. 16

അതുവിധിഗതിയെന്നാ,ലായതിന്നങ്ങല്ലേ?
ചതിയിതുഗതിയെന്നാ,ലങ്ങ സത്യസ്വരൂപൻ.
മതി തവ മറിമായം, നമ്മളൊന്നല്ലേ, ഞാൻ നീ-
യിതിമനസിവിചാരംതന്നെ നിൻ ജാലമല്ലേ? 17

നറുമലരിൽ നറുന്തേൻ, നന്മണം, നല്ല പാലിൽ
പെരുകിയ നവനീതം, നാദപൂരം നഭസ്സിൽ,
അരണിയിലനലൻനീ, പാരമാരായുവോർതൻ-
കരതലഗതമായിത്തീരുമാനന്ദസാരം. 18

വലിയൊരു പിഴപററിപ്പോയി,രണ്ടെന്നു ചിന്തി-
ച്ചുലമലയുകയാണെന്നോർത്തതില്ലാർത്തബന്ധോ!
ജലനിധിയിലെനീരം നീർക്കുടത്തിൽ പകർന്നാൽ,
ജലമതുജലമല്ലാതൊട്ടു മണ്ണാവതുണ്ടോ? 19

അടിയനുകടിപററി! കേടുടൽക്കേററിടും മൂ-
മ്പടിമലരണയാനുണ്ടേറെ വൈഷമ്യമിപ്പോൾ;
കുടമുടയണമെന്നോ, കെട്ടിനില്ക്കുന്നവെള്ളം
കടലിലൊടുവിലെത്തിച്ചേർന്നു തുള്ളിക്കളിക്കും. 20

തടവു വിധിവിധിച്ചു ജീവപര്യന്തമെന്നാ-
ലടിയനു വിധിലേഖം കാണുവാൻ ന്യായമില്ലേ?

നടവടികൾ നടത്തിത്തീൻ കാലംപിഴക്കാ-
ത്തുടനാടിയനു ലക്ഷ്യം തന്നു രക്ഷിച്ചിടേണം. 21

തനുവൊരു തടവായിത്തീൻ, കൃത്യങ്ങളോരോ-
ന്നനുദിനമിവിടത്തിൽ ചെയ്യുവാനും വിധിച്ചു,
ദിനകരനഥതാരാനാഥനും നാഥനായി-
ട്ടനവധി ഭടരേയും കാവലിന്നേർപ്പെടുത്തി. 22

ഒരുപദമിനിവെയ്പ്പാനുണ്ടു വൈഷമ്യ,മെന്താ-
ണൊരുഗതിയറിവാനും വയ്യ കൃത്യങ്ങളേതും,
തിരുവടിയരുളുന്നുണ്ടന്തരാത്മാവിൽ,എന്നും
കരുണയൊടവിടത്തിൽത്തന്നെ ചെന്നാശ്രയിക്കാം. 24

ഇരുൾനിരകളകന്നു, സാഗരം ഞാൻ കടന്നു,
മറുകരയിലണഞ്ഞു, ശല്യമെല്ലാമൊഴിഞ്ഞു,
കരളിലിതൾവിരിഞ്ഞു, ദിവ്യതേജസ്സിലാളും
തിരുമിഴിവഴികാട്ടിത്തന്നു, കാര്യം ജയിച്ചു. 24

## II

## പിടികിട്ടി.

നേരം പുലൎന്നു കുളിയും കുറിയും കഴിഞ്ഞു,
നേരോടു 'നന്നില'യെഴും തറവാടിയേകൻ

ക്കൂറാന്നുതന്റെ കുലദൈവതസന്നിധിക്കു
നേരേവരുന്നു, തൊഴുകൈയൊടു നിന്നിടുന്നു. 1

കണ്ണൊട്ടടഞ്ഞു, പരദൈവതപാദപത്മ-
മെണ്ണിക്കുറിച്ചു കരളിൽ കരുകൊണ്ടുവെള്ളം
കണ്ണിൽപൊടിഞ്ഞു, തിരുനാമമുദിച്ചുനാവി-
ലെന്തോ തടഞ്ഞു, വഴിയെങ്ങിനെയോ തിരിഞ്ഞു. 2

“ശ്രീകൃഷ്ണകൃഷ്ണ-ശരി, ഞാനതുവിട്ടു കുട്ടി-
ക്കൃഷ്ണന്റെ കാതിലൊരു നല്ല കൊടക്കടുക്കൻ
ചോറൂണി—നെന്തൊരു ഗ്രഹപ്പിഴയാണു വെള്ളം
കേറീട്ടു നൂറുപറമുങ്ങിമുടിഞ്ഞുപോയി. 3

“പാട്ടപ്പുറസ്സു പതിനെട്ടിനു പത്തുവാശി-
ക്കൂട്ടിക്കൊടുക്കണമുണക്കിനുവേറെവേണം;
മുട്ടിന്നു രണ്ടുപണമെങ്കിലുമൊന്നിരന്നാൽ
കിട്ടില്ല, കാര്യമത്തു, ലൌകികമൊന്നുവേറെ. 4

“അന്നാളിലുച്ചസമയത്തയൽവീട്ടിൽനിന്നു
വന്നോരുപെണ്ണു ചെറുതാലി പിടിച്ചുമന്ദം
‘ഇന്നാസ്സുനാളിരുപതായ് ചെറുചിരവെച്ചു
തിന്നുന്നിതെൻ ചെറുകി—’എന്നിടറിക്കരഞ്ഞാൾ. 5

“ഇങ്ങായതെങ്ങിനെസഹിസ്സു-മറക്കകത്തു
തങ്ങിക്കിടന്നമണി വാരിയെടുത്തു നൾകി
ചെങ്ങാതികാരണവരുണ്ടുകള്ളനങ്ങോ-
രെങ്ങോ കിടപ്പു തറവാടു നടക്കുമത്രേ! 6

"തിണ്ടാടിയെത്ര ശിവനേ! കെതികെട്ട മൂപ്പർ
പണ്ടപ്പിടിപ്പു കളവെന്നു പറഞ്ഞുകൂട്ടി;
പണ്ടാരമെന്തു കഴവെങ്കിലുമാട്ടെ,യെന്നു
മിണ്ടാതെ ഞാൻ പണയവും പണവും പൊലിച്ചു. 7

"ചില്ലിക്കു പത്തു പറയും പൊളി പാറവക്കീ,-
ലില്ലാത്തവാദമത്തു കോടതിയുണ്ടു കേൾപ്പാൻ,
ഇല്ലം ചുടേണമെലിയെക്കൊലചെയ്വതിന്നു
വല്ലാത്ത വേലയിവനെങ്ങിനെ ചെയ്തിടേണ്ടു? 8

"മര്യാദകേടുകൾ നടത്തുവതിന്നെനിക്കും
വയ്യാത്തതല്ല, കളിയേറി വരുന്നു, വേണ്ട!
നിയ്യാണെടാ, വികൃതി! ഞാനൊരു വീക്കുതന്നാ-
ലയ്യാ! കിടന്നുപിടയും കഴവൊന്നുവേണോ?"— 9

ഭാവം പകർന്നു, പുരികങ്ങളൊടിഞ്ഞു രോഷം
പാവുന്നതിന്നുഴത്തു ചാലുകളിട്ടിടുന്നു;
ദാവാനലപ്രഭമുഖത്തു തെളിഞ്ഞിതെന്താ-
ണാവോ മനസ്സിലെരിയുന്ന വികാരഘോഷം! 10

കായംവിറച്ചു തൊഴുകൈവിരൽ കോർത്തണച്ചി-
ട്ടായോധനത്തിനൊഴിവാക്കിയയച്ചിടുന്നു
വായുക്കളഞ്ചുമല തല്ലിയെഴുന്നിതെന്തോ
മായാമയന്റെ മറിമായമതാരറിഞ്ഞു!— 11

"ധർമ്മംനശിച്ചു, ധനമൊന്നുജയിച്ചു ദുഷ്ട-
കർമ്മങ്ങളിഷ്ടമനുവേലമണച്ചിടുന്നു

ചൎമ്മം ധരിച്ചു വഴിനീളെ നടന്നിവന്റെ
ജന്മം കഴിക്കണമതേ ഗതിയുള്ളുമേലിൽ. 12

"എന്നോ കഴിഞ്ഞകഥയെന്തിനു ഞാനിവണ്ണ
മിന്നോൎത്തു, വെങ്ങിനെയതോൎത്തു? മഹാകേടപ്പം!
എന്തൊക്കെ ഞാനനുഭവിച്ചു, വൃഥാവിലെത്ര
സന്താപമേററു, കരളിൽകറയെത്ര കേറി!"— 13

ആകാശമുണ്ടു തെളിയുന്നു—"സഹിച്ചതെല്ലാ-
മാകട്ടെ ഞാനെവിടെ,യെന്തിനു വന്നുവെന്നും
ഓക്കാതെ പോക്കുമതിങ്കലരാതിയോടു
നേക്കുന്നപോലെ ചില ഗോഷ്ഠികളും തുടങ്ങി. 14

"സ്വാമിൻപ്രസീദ കരുണാകര! കാമലോഭ!
ദാമക്കുടുക്കിലടിയൻ കടിയൻ കുടുങ്ങി"—
കാറൊട്ടൊഴിഞ്ഞു കുളുൎത്തിങ്കൾ തെളിഞ്ഞിടുന്നു;
കാററിന്റെ ശല്യവു മടങ്ങിയൊതുങ്ങിടുന്നു. 15

"നാമങ്ങൾ നാവിലണയുന്നതു കണ്ടുമുമ്പിൽ
കാമങ്ങളാവഴിയകത്തു കടന്നുകൂടി;
സാമത്തിലങ്ങനെ മനോരഥ മേറിയേറെ-
ക്ഷേമൻ ഞൊടിക്കു നരകത്തിലിറക്കിയെന്നെ. 16

"ക്ഷേമം മറന്നു കരളിൽ കൊതിയേറി വന്നു
കാമാവലമ്പി വഴിയിൽ കരടൊന്നു കണ്ടു,
ലോഭത്തിലേക്കു വഴിമാറി, വളഞ്ഞുചെന്നു
ലാഭത്തിലെക്കൊരെളുതാംവഴി കണ്ടുമുട്ടി. 17

“ചെല്ലുന്നതിന്നു മടിപൂണ്ടവിടത്തിൽനിന്നു
മെല്ലെത്തിരിഞ്ഞു കടുരോഷകഠാരമേന്തി
വല്ലാതെ വായുകയറിസ്മൃതിയററു വാച്ചോ-
രല്ലിങ്കൽ മത്സരമെടുത്തു മദംതൊടുത്തു. 18

“അഞ്ചുണ്ടു വൈരികൾ ബലിഷ്ഠരടുത്തു ലോക
മഞ്ചത്തിലേറി മരുവുന്നു മഹാരഥന്മാർ;
തഞ്ചത്തിലായവരനേകരഥങ്ങളിന്നു
വഞ്ചിച്ചു കണ്ടകളിലിട്ടു വലിച്ചിടുന്നു. 19

“ചേതസ്സിരുന്നു കഴിയുന്നൊരു വീടു കാക്കും
ഭൂതങ്ങളൈവരു മവർക്കനുകൂലഭൃത്യർ;
ജാതാനുമോദമവർ കാഴ്ചകൾ വെച്ചുവേഴ്ച
യോതുന്നുവാർത്തകൾ പറഞ്ഞു തലോടിടുന്നു. 20

“ജംഭാരികുംഭിവരജൃംഭിതകുംഭഡംഭ
സംഭൃതസംഭൃതിയൊതുങ്ങിയ വാപിപോലെ,
സമ്പന്നമോദമൊരുശാന്തരസാനുലേപ-
സമ്പത്തിവാച്ചു, വദനം വിലസിത്തുടങ്ങി. 21

“കണ്ണേ! നിനക്കു കടൽവർണ്ണപദാരവിന്ദ-
മൊന്നേനിനക്കുഗതി”—കണ്ണു നിറഞ്ഞിടുന്നു
“കർണ്ണങ്ങളേ! കളക നിങ്ങൾ കഠോരമായ
വർണ്ണങ്ങൾ, ചേർക്ക ചെറുതാകിയ കൃഷ്ണനാമം. 22

“നാവേ! നിനക്കു തിരുനാമസുധാസമുദ്ര-
മാവാം, രുചിക്കതിനുമേലൊരു വസ്തുവുണ്ടോ!”—

കായം കുളുർത്തു പുളകാഞ്ചിതമായിയഞ്ചു
വാഞ്ഛകളും പ്രശമനത്തെയണഞ്ഞിടുന്നു— 23

“നാസ്സേ! നിനക്കു നളിനാക്ഷസപര്യചെയ്തു
വാസാവിശേഷവിഭവങ്ങളനേകമില്ലേ?
ആസേവ്യമാണതുവെടിഞ്ഞു വികുണ്ഠലോക
വാസത്തിനുള്ള വഴിവിട്ടു വലഞ്ഞിടൊല്ലേ. 24

“ത്രൈക്കിന്നു ഭക്തിസുധയിൽ കുളിചെയ്തു താപ-
മൊക്കെക്കളഞ്ഞു കുളിരെഴ്പുളകം ധരിക്കാം
ശ്രീകൃഷ്ണകൃഷ്ണ!”—പിടികിട്ടി, മരാളിപാറി-
പ്പോകാതെ മാനസമണഞ്ഞു സുഖിച്ചിടുന്നു. 25

# ഭക്തിഭാവങ്ങൾ

IVERSITY LIBRA
23 MAR. 1929
MADRAS

I

## ഒരു ഗണപംക്തി

---

തിരുവാണത്തൊഴുമംബുജനയന-
ന്തിരുവടിയിണ പണിയുന്നേനടിയൻ.
തിരുനാമങ്ങൾ ജപിച്ചു നമിച്ചും,
തിരുവുടലടിമുതൽ മനസി നിനച്ചും,
ഗുരുതരഭവഭയഭരപരിതാപം
ദൂരെ വെടിഞ്ഞു ലയിച്ചു സുഖിച്ചും,
നീരദനീലകളേബരമെതിരേ
നീരാടുന്നതുകണ്ടു രസിച്ചും,
താരാർമകളുടെ തിരുമുഖകമലം
തിരുമൈചേത്തു ലസിപ്പതുപോലെ
വനമാലാവലിതന്നിൽ വിളങ്ങും
കനകസരോജവിലാസം കണ്ടും,
തിരുവുടലടിമുതൽ മുടിവരെയോത്തും,
മുടിമുതലടിവരെ വീണ്ടും പാത്തും,
കണ്ണുകൾകൊണ്ടതു കരളിൽ ചേത്തും,
കണ്ണൻതന്നുടെ തൃപ്പദതളിരിൽ
കണ്ണീർകൊണ്ടഭിഷേകം ചെയ്തും,
മണ്ണും വിണ്ണുമതെണ്ണാതെ കടൽ-

വണ്ണപദാംബുജമൊന്നിൽതന്നെ
മാനസഹംസമനങ്ങാതേ പര-
മാനന്ദത്തെ നുകർന്നീടുമ്പോഴും,
കാലംപോവതുമാർക്കറിയാവൂ!
കാലൻവന്നാലെന്തൊരുചേതം?

കുട്ടികളെട്ടോ പത്തോ നമ്മുടെ
കുട്ടിക്കുവലയമിഴി പെററുണ്ടാം;
കൊല്ലത്തിന്നുടെ രണ്ടുതലക്കും
കില്ലില്ലാ-തിരുജോടികളായവൾ
പെററീടുന്നതു പോററീടാനിവ-
നൊററപ്പെട്ടാലെങ്ങനെ കഴിയും?
ഇങ്ങനെ കിടിയെപ്പോലവൾ പെററാ-
ലെങ്ങനെയവരേ രക്ഷിക്കേണ്ടു?
മുലകുടിമാറാത്തുണ്ടൊരു നാല്,
മലയതിനൊക്കും മറെറാരു നാല്;
കുട്ടിപ്പെണ്ണിനുടുക്കാറായി,
കട്ടിക്കാപ്പുകളിട്ടേതീരു;
മറെറപ്പെണ്ണിനു പുടമുറിനാൾകാ-
നേരെറാരു പുരുഷനു നിറമൊത്തില്ല.
പട്ടിണിയല്ലാതില്ലൊരു ദിനവും,
പട്ടക്കരയതുടുപ്പാൻ വേണം.
കെട്ടിയ പെണ്ണിനൊടൊന്നു പറഞ്ഞാൽ
വെട്ടിക്കും തല കണ്ണു തുടങ്ങും.
കാശില്ലാത്തവരാശതുടന്നാ-

ലേശ്ശുകയില്ലെന്നില്ലൊരു ബോധം;
വിറകില്ലാഞ്ഞാൽ മിശകരിക്കാം,
അറിവില്ലാഞ്ഞാലുരിയാടേണ്ട,
ചിറകില്ലാത്തവനെങ്ങിനെ മേലേ
പറവകണക്കു പറന്നിടുന്നു?
വിത്തിനുവകയില്ലാത്തവരെന്തിനു
പോത്തിനെ വെച്ചുവളത്തീടുന്നു?
കാച്ചിയ പാലു കുടിപ്പതിനായി
പിച്ചയെടുത്തു നടക്കാറുണ്ടോ?
കുഞ്ഞു വിശന്നു വലഞ്ഞീടുമ്പോൾ
കഞ്ഞികൊടുപ്പാൻ കഴിവില്ലാത്തവ-
രഭിമാനത്തിനു വശഗന്മാരാ-
യഭിഷേകത്തിനു മോഹിക്കുന്നു.
പള്ളനിറയ്ക്കാമുള്ളതുകൊണ്ടെ-
ന്നുള്ളിലുറയ്ക്കുന്നവരാരുള്ളൂ?
കിട്ടിയതൊന്നും പോരെന്നല്ലാ
കട്ടുഭുജിപ്പാനുണ്ടൊരു മോഹം.
ദാരിദ്ര്യത്തിനു മൂച്ചുകുറക്കാ-
നാരുമതറിയാറാക്കുകനല്ലൂ.
ഉള്ളിലൊതുക്കിയ ദാരിദ്ര്യത്തിൻ
തള്ളലിനൊരുകുറവുണ്ടാകില്ല;
വിറകിന്നടിയിൽ കനലുകണക്കേ
നീറുകയല്ലാതാറുകയില്ല.
കത്തിയണഞ്ഞതു വെണ്ണീറായാൽ
ചത്തതിനില്ല വികാരം പിന്നെ,

ഇല്ലെങ്കിൽ പുനരില്ലെന്നോതൂ,
വല്ലെന്നാലതുകൊണ്ടു കഴിക്കു.
ഇത്തരമോരോന്നരിയാടുന്നതി-
നുത്തരമൊന്നും പറയുകയില്ല;
മുക്കിലിരിക്കും കുററിച്ചൂലാൽ
വക്കാണത്തിനു മറുവടി ചൊല്ലും;
അണിമതിമുഖിയാളടിയുടെമീതെ
ചാണകവെള്ളംകൊണ്ടു തളിക്കും;
കുട്ടികൾ മുറവിളി കൂട്ടുന്നാകിൽ,
തട്ടിക്കേറും തല്ലുതുടങ്ങും;
കലഹത്തിന്നു പുറപ്പെട്ടെന്നാ-
ലിഹലോകം പുനരന്നേ തീൎന്നു.
കശപിശ കൂട്ടുന്നതിനേക്കാളും
കാശിക്കഞ്ചു ഗമിക്കേ നല്ലൂ.
ആണുംപെണ്ണും കലഹിക്കുമ്പോൾ
ഗുണദോഷങ്ങൾ നിനക്കുകയില്ല;
പഴി പറയുന്നതു പെണ്ണാണെങ്കിൽ
പിഴയും പഴിയും പുരുഷനുതന്നെ.
മുള്ളി,ലയിന്മേൽ വീഴുന്നാകിൽ
കൊള്ളുന്നതു പുനരിലയിൽതന്നെ
നാടും വീടും വിട്ടുപിരിഞ്ഞാൽ
കുട്ടികളെങ്ങിനെ കഴിയും പിന്നെ?
കാക്കക്കുഞ്ഞുകൾ കൊക്കുവിടൎത്തി
കാകായെന്നു കരഞ്ഞീടുമ്പോൾ,
തള്ളപ്പക്ഷികൾ ചഞ്ചുപുടത്തി-

നുള്ളിലിരിപ്പതു നൽകുന്നില്ലേ?
തള്ളയെ വിട്ടു പിരിഞ്ഞെന്നാലും
പിള്ളയെയെങ്ങനെ തള്ളീടേണ്ടു?
സൈ്വരക്കേടതു വീട്ടിലിരുന്നാൽ
തീരുകയില്ലൊരു നിമിഷംപോലും
പെരുവഴിയല്ലാതൊരുവഴിയില്ലെ
ന്നരുതാതുള്ളതിലാശ തുടങ്ങും.
കള്ളുകുടിച്ചാലുള്ളു മറക്കാം,
തള്ളയടുത്താൽ തൊള്ളതുറക്കാം.
ഇങ്ങനെ പലവക ചിന്തിച്ചൊടുവിൽ
പങ്ങച്ചാരഥ കൾക്കുടിതന്നിൽ
എല്ലുനുറുങ്ങെപ്പണിചെയ്തീടിന
നല്ലൊരു പണവും കൊണ്ടു പതുക്കെ
തക്കംനോക്കിയകത്തു കടന്നഥ
മൂക്കുപിടിച്ചു കുറച്ചു കഴിക്കും
മൂക്കും രുചിയതിൽ ദിവസംതോറും
വക്കത്തറെറാരു വാക്കുകളാലേ
വക്കാണത്തിനു വട്ടംകൂട്ടി,
വീട്ടിൽ ചെന്നു കരേറും നേരം
മട്ടല്ലെന്നതു കണ്ടുകയർത്തഥ,
മട്ടോലുംമൊഴിയെച്ചിൽ കയ്യാ-
ലങ്ങോട്ടൊന്നു കൊടുത്തതിനുത്തര
മിങ്ങോട്ടും പുനരൊന്നു കിടച്ചു;
ചിക്കെന്നരിശംകൊണ്ടവളവനുടെ
മൂക്കു കടിപ്പാനോങ്ങുന്നേരം,

മൂക്കും വായും കൂടിക്കാഴ്ച-
ക്കൊകമന്നളവതി വഷളായുള്ളോരു
ഗന്ധംവന്നു ശിരസ്സിൽക്കേറി-
ട്ടന്ധതപൂണ്ടവൾ വീണുമറിഞ്ഞു.
അഞ്ചുതരിമ്പിനു വെളിവില്ലാത്തോരു
പോങ്ങൻ പങ്ങച്ചാരതുനേരം,
തുള്ളിച്ചാടിയടുക്കള പററി
ക്കൊള്ളിയെടുത്തഥ പുരയും ചുട്ടു.
പെട്ടെന്നോടിച്ചെന്നവനങ്ങൊരു
തോട്ടിലുരുണ്ടു മറിഞ്ഞു പിതുങ്ങി.
ആവിയിൽവെന്തൊരു കുട്ടികളെങ്ങിനെ
ജീവിച്ചെന്നതു ഞാനറിയില്ല;
തള്ളമരിച്ചതു സത്യംതന്നെ,
തന്തക്കും പുനരങ്ങിനെതന്നെ.

സാരാസാരമറിഞ്ഞവരിതു സം-
സാരഭ്രമമെന്നോതീടുന്നു.
പണവും പദവിയുമുണ്ടെന്നാലും
കണികാണില്ലവർ സുഖലവലേശം.
കിട്ടിയതിൽ കൊതി കാണുന്നില്ല,
കിട്ടാത്തതിലേ കാമമതുള്ളു.
നല്ലൊരു പെണ്ണിനെ വേട്ടെന്നാലും
നല്ലാർമണിയവൾ നന്നല്ലപ്പോൾ.
കാശിനു ഗതിയില്ലാത്തവർപോലും
വേശാംഗനയേ മോഹിക്കുന്നു.

കൊണ്ടതുകൊണ്ടു സുഖിച്ചീടാത്തവർ
പണ്ടപ്പെട്ടികളെന്നേ വേണ്ടു.
കനകക്കട്ടകളുള്ളിലിരുന്നാൽ
കനമല്ലാതതിനെന്തുതകുന്നു?
ദൂരെക്കാണ്മതിനോടീടുമ്പോ-
ളരികിലിരിപ്പതു കാണുന്നില്ല;
തേടിത്തോററതു കിട്ടാഞ്ഞിട്ടും,
നേടിയെടുത്തതു പോരാഞ്ഞിട്ടും,
കരുതുവിനിഹലോകത്തിലൊരുത്തനു-
മൊരുസുഖമില്ലൊരു നിമിഷം പോലും.
ധനമുള്ളവരതു രക്ഷിച്ചീടാ-
നനവധി ദുഃഖം പേറീടുന്നു.
കളവും ചതിയും കലഹങ്ങളുമിഹ
കളിയാടുന്നതിനളവില്ലേതും.
എന്തിനുവെറുതെ ക്ലേശിക്കുന്നു
ഹന്ത! കൃതാന്തനു ദയയില്ലേതും.
ഉള്ളൊരുകാലമിരന്നു കഴിപ്പാൻ
കൊള്ളരുതാത്തതു ചെയ്തീടേണ്ട.

ഇഹപരലോക സുഖാവഹമായി-
ട്ടിഹഹ ജഗത്തിതിലൊന്നേയുള്ളൂ.
ഹരിപദഭജനം ജനിമൃതി ഹനനം
പരമാനന്ദ സുധാരസപാനം,
ശിരസാനമനം, മനനം, ധ്യാനം,
ഹരിഗുണകീൎത്തനമതിലഭിമാനം,

മായാമാനുഷ ലീലാഗാനം,
ശ്രേയസ്സിന്നതുതന്നെ നിദാനം.

തളിരൊളിതിരളും തിരുവടിയുഗളം
കളിയാടുകമമ കരളിൽ നിതാന്തം.
സുരകുല സുരുചിരമകുടമശേഷം
തെരുതെരെ വന്നു പതിക്കും നേരം
അരുണിമ തടവിന തവ പദകമലം
നിരവധിയണിമണി നിറമണിയുന്നു.
മുകുളിത സുരകരയുഗളമസംഖ്യം
പകുതിവിടൎന്നരവിന്ദംപോലെ
സരസിജലോചന പാദസമീപേ
തരസാ ചെന്നു പതിച്ചീടുന്നു.
കലിമലമകലെയകററും തൃപ്പദ
സലിലസുധാരസസുരവാഹിനിയിൽ
വലരിപുനയന സരോജസഹസ്രം
വിളയാടുന്നു വിലാസവിലോലം.
കാലിലണിഞ്ഞൊരു നൂപുരമാകും
കളഹംസത്തിൻ കളനിനദത്തിൽ
അളികുലരധംകൃതി ചേൎന്നീടുന്നതു
കലിതരസത്തൊടു കേട്ടസുരാംഗന-
മാരതിമോദംപൂണ്ടു ലയിച്ചതി-
ലരമൊരു ഗാനശ്രുതിചേക്കുന്നു.

ഇങ്ങനെയുള്ളൊരു തൃക്കഴൽ കൂപ്പാ-
നെങ്ങനെ ഭാഗ്യമെനിക്കു ലഭിപ്പൂ!

മാമകമാനസമതിശയ ചപലം
കാമാദിയിലിഹ വിവശവിലോലം
ഭൂരിവിപത്തേ! പാരമസത്തേ!
ദുരിതദുരാശാ പൂരിതവിത്തേ!
മധുകരമനമേ! മാധവസവിധേ
മധുരസമുണ്ടു മദിക്കരുതായോ?

കരിമുകിലൊളിചിതറിടിന ചികുരം,
സുരുചിരമണിമയമാകിയ മകുടം,
നിറുകയിൽ നിറമിയലുന്ന ശിഖണ്ഡം,
ചെറുതിരകോലിന കുറുനിര നികുരം,
അണിമതികലപണിയുന്ന ലലാട
ഫണത്തിനു ഗുണഗണമേറും തിലകം
ഭാസുരമാകും ഭ്രുകുടികൾ തിലസുമ
നാസികകുവലയനയനദ്വന്ദ്വം,
അന്നോജാക്ഷകടാക്ഷനിരീക്ഷണ-
മെന്നിയെടുക്കും കണ്ണപുടത്തിൽ
വിണ്ണവർ വേദശ്രുതിചേക്കുന്നതു
വണ്ണിപ്പാനിന്നെളുതല്ലേതും.
കുണ്ഡലമണ്ഡിതഗണ്ഡതലാന്തം
കണ്ണിനു പുണ്യമിയററിടുന്നു.
പല്ലവമൃദുളമനോഹര മധരം
വല്ലവിമാക്കുതന്നെ വിചാരം.
തെല്ലവിടന്നൊരു വാത്സലർ മുകുളേ
മല്ലവിലോചനനുല്ലാസത്തൊടു

കരധൃതമാകിന മുരളീനാളം
പരിചൊടുചേൎത്തും, കാലുപിണച്ചും,
വാരിജമുകുളംപോലെ കവിൾത്തട-
മരമെഴുമനിലനിലൊട്ടു വളൎന്നും
ചില്ലികൾമെല്ലെയുയൎത്തി വളച്ചും,
കല്ലിനുമലിവു സലീലമണച്ചും,
കാലുകൾനക്കി രസിച്ചു വസിക്കും
കാലിയെ മന്ദം നോക്കി രസിച്ചും,
കണ്ണൻതന്നുടെ മുരളീഗാനം
കണ്ണാനന്ദമതെന്നേ വേണ്ടു.

എങ്ങനെ തിരുമുഖകമലവിലാസമ-
തിങ്ങനെയെന്നു പറഞ്ഞീടേണ്ടു?
മധുകരമനമേ! മാധവസവിധേ
മധുരസമുണ്ടു മദിക്കരുതായോ?

കാളാംബുദരുചികലരും ഗളതല
കാളിമയാകുന്നാകാശത്തിൽ
ഹാരാവലിയതു താരാവലിപോ-
ലാരാലങ്ങു വിളങ്ങീടുന്നു.
മറയിൽ മറഞ്ഞൊരു മായാമയനുടെ
മാറിലിണങ്ങിന ഭൂഷാജാലം
മാറാതുള്ളൊരു ഭവഭയപരിഭവ-
മാറാനുള്ളൊരുപായംതന്നെ.
കരതലവിലസിതകമലമതെന്നുടെ
കരളിരുളൊക്കെയകററീടുന്നു.

ശംഖിയലുന്നൊരു തൃക്കൈയടിയനു
ശങ്കനശിപ്പാനുള്ളതുതന്നെ.
ഗദയരുളുന്നൊരു തൃക്കൈകൊണ്ടെ–
ഗ്ഗദനിവഹങ്ങൾ പറന്നീടുന്നു.
ചക്രംകണ്ടുടനജ്ഞാനത്തിനു
ചക്രശപാസ മിയന്നീടുന്നു.
ദൂരീകൃതപുരു ദുരിതമുദാരം
പാരിരേഴിനു മേകാധാരം
ഭൂരിദമമലംഭാസുരമുദരം.
ചേതസ്സിങ്കലുറച്ചു, ജയിച്ചു.
നാരായണനുടെ നാഭിദേശം
തീരാതുള്ളൊരു സുഖമേകുന്നു.
തുത്തുടരണ്ടും ചിത്തതടത്തിൽ
ചേർത്തുടനാർത്തി കളഞ്ഞീടുന്നേൻ.
കേതകിമലർ പണിയുന്ന കണങ്കാ–
ലാതങ്കത്തെയകററീടട്ടെ.

നാരായണ! മധുസൂദന! മാധവ!
നരകാന്തക! തവ ചരണം ശരണം.
തിരുവാണത്തെഴ മംബുജനയനാ–
ന്തിരുവടിയിണ പണിയുന്നേനടിയൻ.

## II

# ഭജനത്തിൽനിന്നു കദനത്തിലേക്കു

കാലത്തേററുകുളിച്ചു കാലനിയമം
തെററാതെകണ്ടേറിടും
കാലത്തോളമറിഞ്ഞമാതിരി ഭവ-
ദ്ദാസ്യം വഹിക്കും വിധൌ
കാലക്കേടിനു കീഴടങ്ങിമരുവു-
ന്നിക്കാലമെന്നല്ല തൃ-
ക്കാലല്ലാതൊരുനാളുമില്ലടിയനാ-
ലംബം തിരാണേശ്വര! 1

പൂമാതൊടൊത്തു മൃദുമേനിപുണന്നു പുണ്യ-
ധാമാവുറങ്ങുമളവന്തിമയാമവേളി
വാമാർദ്രശംഖനിനദം കുളിരേശ്രവിച്ചു
രോമാഞ്ചകഞ്ചുകമണിഞ്ഞു തെളിഞ്ഞിടും ഞാൻ. 2

'ശ്രീകേശവായനമ'യെന്നെഴുനേററു നാമ-
സങ്കീർത്തനങ്ങൾ ദുരിതാപഹരങ്ങൾ ചൊല്ലി
പങ്കേരുഹാക്ഷ പദപല്ലവതല്ലജം തൊ-
ട്ടാകാശമാകുലമകന്നകതാരിലോക്കും. 3

ഇന്നാകിലാസ്സമയമാമയമേറിടുംമാ-
റൊന്നായ്നിലാവിലൊലിചേർത്തു സൃഗാലജാലം

പൊന്നാനിപാട്ടവത്തു ശങ്കിടികൊണ്ടുനാസ്ഥൾ
സന്നാഹമൊത്തുലകുണർത്തുവതാണു കേൾപ്പൂ. 4

എന്താണിതെത്രദിനമാണിവിടെക്കിടന്നു
സന്താപവഹ്നിയിലെരിഞ്ഞു പൊരിഞ്ഞിടേണ്ടു
കാന്താരവാസമിതിലും സുഖമെന്നുതൊട്ട-
ചിന്താഭരം മനസി സന്തതമേന്തിടുന്നു. 5

അക്കാലമക്കുരുദയാദ്രിയിലേറിടും മു-
മ്പേല്ക്കാതെയില്ല ഗണനായകഹോമധൂമം
ചില്ക്കാതലായ തിരുവാണപുരേശ്വരന്റെ
തൃക്കാലണഞ്ഞു പണിയാത്ത ദിനങ്ങളില്ല. 6

ഇക്കാലമക്കമലിനീരമണന്റെ താപ-
മേല്ക്കാതെയേല്ക്കുകിലനൎത്ഥമതെന്നു വൈദ്യൻ
വക്കാണമോടു പറയുന്നതു കേട്ടപാര-
മുൾക്കാമ്പുവാടി വിധിയെന്നു കിടന്നിടും ഞാൻ. 7

സഞ്ജാതഹൎഷമനിമേഷർ പണിഞ്ഞിടുന്ന
മഞ്ജീരശിഞ്ജിതമനോഹരപാദപത്മം
പുഞ്ജീകൃതാഞ്ജനസമാനമശേഷനേത്ര-
സഞ്ജീവനം സുകൃതി സൽകൃതചാരുജംഘം. 8

സന്ധ്യാഭ്ര നൽകനകഭംഗികലൎന്നചെന്താർ-
കാന്തന്റെ കാന്തിയെഴു മംബരമംബുവിങ്കൽ
സന്ധിച്ച വീചിനിചയക്കളിയേററ ചന്തം-
ചിന്നുന്ന പീതമൃദുകോമളമാം ദുകൂലം. 9

ആകാശവീഥിയിൽനിരത്തിനവാണിഭത്തി-
ലാകാരമൊത്ത പല താരകരത്നജാലം
രാകാശശാങ്കമണിചേൎന്നു വിളങ്ങിടുമ്മാ-
റേകാന്തകാന്തമണികിങ്കിണികണ്മനോജ്ഞം. 10

വ്യോമാങ്കണത്തിലൊഴുകും സുരഗംഗയല്ല,
ഭൂമിക്കുചുററുമെഴുമാഴിയതാകയില്ല,
പൂമാതണച്ച കരവല്ലിയതല്ലി,തെന്തോ
ദാമോദരോദരവിഭൂഷണമായബന്ധം. 11

നാനാചരാചരനികേതനമാദിപത്മ-
നാരായവേരു നളിനാസനസന്നിവാസം
നാദാത്മകാത്മനിലയം നിഖിലാണ്ഡനാഥ-
നാഭിപുടം പരമപാവനപുണ്യപൂരം. 12

മൂലോകമൂലതലമൂഴിയുമാഴിമാതു-
മാലോലനീലമിഴികൊണ്ടുഴിയും പ്രദേശം
ത്രൈലോക്യമോഹനമഹോ ത്രിവലീവിലോല-
മാലോകനാമൃതമയോദരമത്യുദാരം. 13

താരങ്ങ,ളമ്പിളി,സുരാപഗ,ദുഗ്ദ്ധപാരാ-
വാരപ്പരപ്പിവപയോദതലേ പതിച്ചു
ഹാരാവലീകവചമാലകളെന്നകള്ള-
പ്പേരാൎന്നണിഞ്ഞ തിരുമാറിടമേറെരമ്യം. 14

നീലാംബുദത്തിലൊളിചിന്നിനമിന്നൽപോലെ
താലാങ്കസോദരകരോപരമല്ലസിക്കും

പാലാഴിതൻനിനദവും നിറവും പകന്നു
ചേലാന്ന പഞ്ചജനദൈത്യജപാഞ്ചജന്യം. 15

മുപ്പാരു മൂന്നുവലയം വലമാഥിലോകം
മുല്ലാട്ടു,ഭ്രൂവടിയിലായറുകോണുമോയി
കല്പാന്തസൂര്യകിരണങ്ങളരങ്ങളായു-
മുൽപാദിതാത്ഭുതഭയാദിഭരംരഥാംഗം, 16

ഹാഹേതിദാനവരഹമ്മതിയിൽക്കളിക്കു-
ന്നാഹേതിദൈത്യവരപീഡിതരായെഴുന്നാൾ
നീഹാരമർക്കനതുപോലവനെക്കൃതാന്ത-
ന്നാഹാരമാക്കിവിലസും ഗദതാൻ ഗദാഹ്വം. 17

വന്ദാരുമാനസമലിഞ്ഞലയാണ്ടതിങ്കൽ
മന്ദംകളിപ്പൊരണിമന്ദിരമിന്ദിരായാഃ
കുന്ദേന്ദുമന്ദപവനാദിയനംഗഭൃത്യ-
സന്ദോഹകന്ദമരവിന്ദമമന്ദശോണം. 18

നാലായിട്ടും മറകൾ നാലുനയങ്ങൾ നാലു
നാലായവർണ്ണയുഗവർഗ്ഗവിസർഗ്ഗസർഗ്ഗം
നാലാകുമാശ്രമമതും നിഖിലാധിനാഥ-
നീലാളിവർണ്ണകരവല്ലികളായ്ലസിപ്പൂ. 19

നാളീകനാളമളിസഞ്ചയകേളിരംഗം
കാളാംബുദദ്യുതി കളിന്ദജതൻപ്രവാഹം
ഹാലാഹലം വിഷവിഹീനമഹീനകാന്തി-
കോലാഹലം കമലനേത്രഗളപ്രദേശം. 20

ഹാരങ്ങളല്ലവിടെയുള്ളതു താരമത്രേ,
നാരായണന്റെ ഗളമല്ലതുമല്ലതത്രേ,
സ്മേരാനനം സപദികാണ്മതു ചന്ദ്രനത്രേ,
നീരാഴിയാണു തിരുമാറിടമല്ലപോലും! 21

തേടുന്നു നേത്രമധുപം മധുവുണ്ടിടുന്നു
നേടുന്നു ചിത്തകളഹംസമനന്തസൌഖ്യം
വാടുന്നു ചന്ദ്രവദനം വിളറുന്നു വന്നു-
ക്കൂടുന്നു പൂമകൾ വിരുന്നിനു പൂമുഖത്തിൽ. 22

കണ്ണാടികണ്ടു തൊഴുകൈതുടരുന്നു വിണ്ണോർ
കണ്ണാണലിഞ്ഞൊഴുകിടുന്നതു തൂനിലാവിൽ
എണ്ണുന്നു മുത്തുകൾ വിടന്നൊരു പല്ലവത്തി-
ലുണ്ണുന്നു പങ്കജമിതെന്തു മഹേന്ദ്രജാലം! 23

ചില്ലീലതയ്ക്കുതിരുചൊൽവതിനാവതില്ലേ
വല്ലാതെ ഭീതി മനതാരിലുയർന്നിടുന്നു
എള്ളിന്റെപൂവരിയ നാസികയോടെതിർത്തി-
ട്ടല്ലേ ജനങ്ങൾ തിലമിത്തരമാട്ടിടുന്നു? 24

ഇന്ദുപ്രഭാപടലമേറ്റു ലസിപ്പതെല്ലാം
മന്ദിച്ചിടുന്നു ദിനനാഥനുദിച്ചിടുമ്പോൾ
സന്ദേഹമില്ലവരിണങ്ങിവിളങ്ങിയെന്നാൽ
നന്ദാത്മജന്റെ നയനങ്ങളൊടൊപ്പ ചൊല്ലാം. 25

നെറ്റിത്തടത്തൊടിടയുന്നൊരു ചന്ദ്രലേഖ
മാറ്റെത്രയെന്നുരസിനോക്കിന ചാണയാവാം

മാററിൻഗുണം തിലകമായ്വിലസുന്നു,ശുദ്ധ
തെററായിട്ടും നിടില മമ്പിളിയായ്ശ്ശോഭിച്ചാൽ. 26

ഊനംവെടിഞ്ഞു തിരുവാഭരണങ്ങൾ മാന്യ-
സ്ഥാനം കൊടുത്തൊരുമയോടവകീഴടങ്ങി
ആനന്ദമാം മുടിയണിഞ്ഞഭിഷേകമേററു
ന്നൂനം കൃതാർത്ഥതപകന്നിട്ടുമാക്കിരീടം. 27

ശ്രീതിങ്ങിവിങ്ങിവിലസും തിരുമേനി തന്നി-
ലേതേതിനാണു ഗുണമെന്നു ഗണിച്ചിടുമ്പോൾ
ഓതാവതല്ലതറിയാതെ പിണഞ്ഞുപോയ-
തേതാകിലും പിഴപൊറുത്തു പുലർത്തിടേണം. 28

ഈവണ്ണമോർത്തുതിരുവിട്ടൊരുഭക്തി പൂണ്ടു
കാർവണ്ണമന്ദിരമണഞ്ഞു കഴിഞ്ഞകാലം
ഈവന്നകഷ്ടദശയോർത്തു നിനച്ചിടുമ്പോ-
ളാവൃ തകന്നുഹൃദയം തളരുന്നുദേഹം. 29

നാരായണൻ നളിനനേത്രനിളാമണാള-
നാനായബാലനളിവണ്ണനവണ്ണനീയൻ
നാമങ്ങളീവക വെടിഞ്ഞു കിടന്നുഴന്നു
നാമത്തലൊന്നിനിരയായതു മെന്തുചെയ്യാം! 30

# കഥനാത്മകം.

## നാളികേരം.

പുല്ലയെന്നു പുകൾപൂണ്ട കായലിൻ
തെല്ലു തെക്കൊരു തുരുത്തു കണ്ടിടാം
അല്ലലില്ലവിടെ വാഴ്വോർക്കു ഭൂ-
വല്ലഭന്റെ മിഴിയെത്തിടായ്കിലും. 1

കള്ളരില്ല, കളവില്ല, കോളു കൊ-
ണ്ടുള്ള നെല്ലുമതി ജീവിതത്തിനും.
കൊള്ളയില്ല, കൊലയില്ല, സുസ്ഥിതി-
യ്ക്കുള്ള വട്ടമതിനില്ല കോട്ടവും. 2

മത്ത, നല്ലമലരാർന്ന കമ്പുള-
ച്ചാർത്തു, കയ്പ, പടരുംപടോലവും
ആർത്തകൌതുകമെഴുന്നു ലക്ഷ്മിതൻ
നൃത്തകേളി വിലസുന്നരംഗമായ്. 3

തിങ്ങിടുന്ന പടർവാഴകൾക്കിടെ-
പ്പൊങ്ങി നില്ക്കുമൊരു പൂഗപംക്തിയിൽ
തൂങ്ങിടുന്നു, കനകക്കടുക്കതൻ
ഭംഗിചേർന്ന ചെറുചെമ്പഴുക്കകൾ. 4

നാളികേരമുളവായതാദ്യമായ്
കേരളത്തിലിവിടത്തിലാണു പോൽ
ചാരുവാകിയ പുരാണസൽകഥാ
സാരമായതു പറഞ്ഞിടുന്നു ഞാൻ. 5

വേണ്ടപോലതു പറഞ്ഞുതീർക്കുവാ-
നുണ്ടു നല്ലപണിയെന്നിരിക്കിലും
കൊണ്ടൽവർണ്ണപദപങ്കജാർപ്പണം
കൊണ്ടെനിക്കതു സുസാദ്ധ്യമായ്‌വരും. 6

പണ്ടൊരിക്കലൊരുമിച്ചുവാണുപോ-
ലണ്ടർകോനുമൊരു കേരളേശനും
ഇണ്ടൽപൂണ്ടു പിരിയുന്ന ഭൂപനെ-
ക്കണ്ടുലൌകികമുരച്ചു വാസവൻ. 7

"കേണിടേണ്ട, സുരസുന്ദരാംഗിമാർ
പാണിയോ പറക കല്പവൃക്ഷമോ
വേണമെങ്കിലമൃതോ ഭവാനു നൽ-
കേണമെങ്കിലതിനില്ലസംശയം". 8

പാകവൈരിയലിവാർന്നു ചൊല്ലിടും
വാക്കുകേട്ടു കുതുകാലിളേശനും
"നാകലോകവനിതയ്ക്കു വാഴുവാൻ
പാകമല്ലവനി"യെന്നു വാഴ്ത്തിനാൻ. 9

"മന്നവർക്കുമമരർക്കുമേറെനാൾ
മുന്നമേ വിധിവിധിച്ച വേഴ്ചയാം;

മന്നിലുള്ള വിഭവങ്ങളൊക്കയും
വിണ്ണിൽനിന്നു വിളയിപ്പതല്ലയോ. 10

കാൎയ്യഗൌരവമറിഞ്ഞ മന്നവ-
ക്കാൎയ്യവൈഭവവിബോധമെത്തിടും
സൂൎയ്യനൊത്തു നിഴലെന്നപോലെ ഭൂ-
വിൎയ്യമാൎയ്യ! തവ തുഷ്ടികാൎയ്യമാം. 11

ഇഷ്ടികൊണ്ടു തവ തുഷ്ടിയും ഭവ-
ത്തുഷ്ടികൊണ്ടു ഭുവി വൃഷ്ടിയും വരും
വൃഷ്ടിപുഷ്ടിതരുമെന്തിനിന്നു തേ
ദൃഷ്ടിതെറ്റുകിലനൎത്ഥമൊക്കയും. 12

എങ്കിലൊന്നു വിടകൊള്ളുവേനതിൽ
ശങ്കയില്ല തിരുവുള്ള മേല്ക്കയാൽ
വങ്കരായ ചിലലോകരെങ്കലാ-
തങ്കമേറ്റു മപവാദമോതിടും. 13

'എന്തു മന്നവനിവൻ ദിവിപോയി-
ട്ടന്തുകൊണ്ടു വരവാണിതൂനം
ബന്ധുവെങ്കിലമരേശനിളേശ-
നെന്തുകൊണ്ടു വെറുകൈയ്യോടയച്ചു? 14

സേവയുണ്ടു നൃപനൊന്നിരിക്കിലാ-
ദ്ദ്യോവിലുള്ള വിഭവങ്ങളൊക്കയും
കാവുകെട്ടിയവനിക്കെടുക്കുവാൻ
ദേവദേവനനുവാദമേകിടും. 15

സ്വപ്പദത്തിലമരുന്ന നാരിമാ-
ൎക്കപ്പെട്ടന്നൊരുടയാടനേടുവാൻ
കല്പവൃക്ഷമതിലല്പകാലമാ-
യുല്പലാക്ഷികൾ കൊതിച്ചിരിപ്പതാം. 16

ധൈൎയ്യവുണ്ടു, ധനധാന്യസന്തതി-
ക്കൂനമില്ലമൂതിലാണ്ടു മുങ്ങിടാം
ദാനശാലി വലവൈരി യെന്തിനീ
ഹീനഭാഗ്യരിലതൊക്കെ നിഷ്ഫലം’. 17

കന്നരിത്തരമനൎത്ഥമോതിടും
മുന്നമൊന്നു കരുതുന്നതുത്തമം
പിന്നെ വേണ്ടതുരിയാടവേണ്ട ഞാ”
നെന്നുരച്ചു വിരമിച്ചു മന്നവൻ. 18

പാകമായ നൃപവാക്കു കേട്ടുടൻ
പാകവൈരി പരമാൎദ്രചിത്തനായ്
നാകശാഖിയമൃതാന്ന കുംഭവും
നൽകി മന്നനെയയച്ചു സാദരം. 19

കാലമൊട്ടു കളയാതെ മേദിനീ-
പാലകൻ സപദി ഭുവിലെത്തിനാൻ
ചേലിയന്ന സുധയും സുരദ്രുവും
പാലനത്തിനു നരക്കു നൽകിനാൻ 20

ചാലവേ ചകിതചാരുനേത്രമാ-
രാലവാലമതിൽ നട്ടു കല്പകം

വേലചെയ്യത്തുവളന്നു കാച്ചിടും
കാലമോൎത്തു നിവസിച്ചു കൌതുകാൽ 21

ഭാരമൊട്ടു പെരുതെന്നിരിക്കിലും
നീരജാക്ഷികളിളങ്കരങ്ങളാൽ
നേരനീക്കമെണ്ണയാതെ നൽസുധാ-
ധാരകൊണ്ടതു നനച്ചു നിത്യവും 22

ചിന്നിടുന്ന വെയിൽകൊണ്ടു പൊള്ളിടും
മന്നിലന്നൊരു നിദാഘവേളയിൽ
കന്നൽനേർമിഴിയൊരുത്തിയാൎത്തവ-
സ്നാനകൎമ്മവിധി തേടി വാടിനാൾ. 23

അപ്പൊഴല്പമകലത്തുകണ്ടിതാ-
ക്കല്പകത്തരുതടം വരണ്ടതായ്
ഉല്പലാക്ഷി മുഴുകിക്കുളിച്ചിടാ-
തുൽപ്പതിച്ചതിലൊഴിച്ചു വെള്ളവും. 24

കൊണ്ടൽവേണി നനകൂട്ടിടുന്നവാ-
റുണ്ടു കേൾപ്പതൊരു വാണിശ്ശുദ്ധമായ്
തിണ്ടലേറ സുരവൃക്ഷമിന്നു തൊ-
ട്ടാണ്ടിടുന്നു പലദോഷസഞ്ചയം. 25

ചൊട്ടയിൽ സുരതെളിഞ്ഞു കണ്ടിടും
പട്ടയിൽ ചിലതു ചൂലുമാക്കിടും
ചൂട്ടുകെട്ടിയെരികൊള്ളിയാക്കു മീ-
വട്ടമൊക്കെ വഷളെന്നു വന്നിടും. 26

ഘോരമായൊരശരീരി വാക്കുകേ-
ട്ടാരതെന്നതറിയാതെ മാനിനി
പാരമഞ്ചുഴറിനോക്കി നിന്നിടും
നേരമസ്ഥലമിരുണ്ടു കൊണ്ടലാൽ. 27

ചണ്ഡഭാസ്കരനൊളിച്ചു കാർകളിൽ
ചണ്ഡമാരുതനലച്ചുമാമരം
ഖണ്ഡവില്ലുമിരുൾചേന്മിന്നലും
കണ്ടുകന്നൽമിഴി കേണുഭീതിയാൽ. 28

കാറണിക്കുഴലഴിഞ്ഞു കുഴഞ്ഞു
നീരെഴുന്ന നയനങ്ങളടഞ്ഞു
ചാരുവക്ത്രമതു വാടി വരണ്ടു
സാരസാക്ഷി ഭുവി വീണുതളർന്നു. 29

ആരുമില്ല തുണയെങ്കിലീശ്വര-
ന്നാരുതന്നെ തുണയെന്നതില്ലയോ,
മാരവൈരിവലമാതൊടാവഴി-
ക്കേറിവന്നു വൃഷഭത്തിലപ്പൊഴേ. 30

വന്നിടുന്നവഴികണ്ടു മന്നിടം
തന്നിൽ വീണ വലയും വരാംഗിയെ
ഒന്നുഴിഞ്ഞു കരുണാരസാർദ്രമായ്
മിന്നിടുന്ന മിഴികൊണ്ടു പാർവ്വതി. 31

എന്തുചെയ്തിതപരാധമീവിധം
വെന്തുവിണ്ടുഭുവി വീണുകേഴുവാൻ

ബന്ധുരാംഗി വലയുന്നു; ബന്ധുവി-
ല്ലെന്നുബന്ധമിതി ചിന്തതേടിനാൾ. 32

കണ്ടിതപ്പൊഴൊരു ദിവ്യദൃഷ്ടിയാ-
ലണ്ടർകോനരിയ കോപമാൎന്നതും
വണ്ടണിക്കുഴലി കേട്ടവാണിയും
കൊണ്ടൽ കണ്ടു ഭയമാണ്ടു വീണതും. 33

അന്തികത്തിലമരുന്ന നാഥനോ-
ടന്തരംഗമറിയിച്ചഭീപ്സിതം
അന്തരായമണയാതെ നോക്കുവാ-
നന്തകാരിയൊടുരച്ചു ദേവിയാൾ. 34

"ഭക്തവത്സല! ദയാനിധേ! ഭവൽ
ഭക്തയാകു മിവളെൻെറ ദാസിയാൾ
വൃത്രവൈരിവലയും ജനത്തിലാ-
പത്തു ചേൎപ്പതപരാധമല്ലയോ? 35

മോടിയിൽ സുരവധൂടിമാൎക്കെഴും
വാടി ചേൎന്നു വിലസും സുരദ്രുമം
വാടിടുന്നതുവരാംഗി കാണ്കയാ-
ലോടിവന്നതു നനച്ചു മാനിനി. 36

എന്തുകുററമതിലുള്ളു, കല്പകം
വെന്തുപോവതു സഹിച്ചിടാവ്വയോ?
ഹന്ത! ഹന്ത! കുളിൎന്നിടും വരെ-
ച്ചന്തമോടവിടെ നിന്നിടാവ്വയോ? 37

പ്രാണനേററിടുമപായവേളയിൽ
താണജാതിയിതി ഭേദമെന്നിയേ
കാണിനേരമിളയാതെ ചെന്നു തൽ-
പ്രാണരക്ഷണമെവർക്കു മായിടാം. 38

മാമലത്തരുണിയേറെമാഴ്കിടും-
മാറുരച്ചമൊഴി കേട്ടു മന്ദമായ്
മാരവൈരിയരുൾചെയ്തു മാനിനീ-
മാലിലന്നു മനതാരഴിഞ്ഞുടൻ. 39

ഖേദിയാർക്കു തരുണീജനത്തിനും
സാദമേറിയ സുരദ്രുമത്തിനും
മോദമാശ്രുവരുമായതിന്നു നി-
ർവ്വാദമായവഴിയുണ്ടു വല്ലഭേ! 40

വാമദേവനതുനേരമാർദ്രമാം
വാമലോചനമണച്ചു നാരിയിൽ
ഭീമമായനിടിലാഗ്നി ചെന്നുതൻ
ധാമമാക്കി വലവൈരിമാനസം. 41

പക്ഷപാതമിയലാതെ തൽക്ഷണം
ദക്ഷവൈരിയുടെ ദക്ഷിണേക്ഷണം
വൃക്ഷവർഗ്ഗന്നു കൊടുത്തുതേ സഹ-
സ്രാക്ഷശാപമതിൽനിന്നു മോചനം. 42

ആറണിഞ്ഞ തിരുമേനിനോക്കിടും
വാറു തത്രവിധ മൊക്കെ വേറെയായ്

കാറണിക്കുഴലി തന്നിലാമയം
മാറിയേറെ വിളയാടി കാന്തിയും. 43

ഉള്ളലിഞ്ഞു കരയും കണക്കു, നീ-
ർത്തുള്ളിയിട്ടു ഘനഭാവമററുടൻ
വെള്ളിപോലെ വിളറുന്നു, മാരുത-
ത്തല്ലുകൊണ്ടു കുതികൊണ്ട നീരദം. 44

യാനമാശു തകരും ദശാന്തരേ
മാനഹാനിയൊടു മേഘവാഹനൻ
വാനിലേറിമറയുന്നകണ്ടുമാ-
ജ്ഞാനിയേവമരുൾചെയ്തുരുഷ്ടനായ്. 45

നില്ക്കു, നില്ക്കു, സുരനാഥ! ഞങ്ങളെ
ധിക്കരിച്ചു നടകൊണ്ടിടായ്ക നീ
തക്കതല്ല, തരളാക്ഷിമാർകളോ-
ടിക്കണക്കു തവ ദുഷ്ടചേഷ്ടിതം. 46

സ്ഥാനമാനമറിയാതെ ചെയ്യുമീ
ഹീനവേലകൾ വെടിഞ്ഞിടായ്കിലോ
വാനിൽ വാഴുവതിനായിവേറെ ഞാ-
നാനയിക്കുമൊരു ലോകപാലനെ. 47

കണ്ടവർക്കുടയ നാരിമാരെ നീ
കുണ്ഡിലാക്കിലണയുന്ന ദുർഘടം
കണ്ടതില്ല നയനങ്ങളായിരം
കൊണ്ടുമെങ്കിലതുതന്നെ വിസ്മയം. 48

ഇഷ്ടനായ നൃപനേകിയില്ലയോ
വിഷ്ടപേശ! തവദിവ്യസാധനം?
നഷ്ടമായതു നിനച്ചു കേഴ്കിൽ
കഷ്ടമെന്തിനു കൊടുത്തിതാദ്യമേ? 49

വിറച്ചു ലോകങ്ങൾ, മിഴിച്ചു വാനോർ,
തിരിച്ചു പാകാരി, ചിരിച്ചുദേവി,
തുറിച്ചു നേത്രങ്ങളുരത്ത കോപാ-
ലുരച്ചിടും നേരമനംഗവൈരി. 50

"വണങ്ങിടുന്നേനറിയാതബദ്ധം
പിണഞ്ഞുപോയെ,"ന്നു പറഞ്ഞുശക്രൻ
അണഞ്ഞു ദേവൻെറ പദാരവിന്ദം
പണിഞ്ഞു കാലാന്തകനെ സ്തുതിച്ചു. 51

ദുരാസദൻ നീ ദുരിതാന്തകൻ നീ
സുരാവലിക്കേറെറാരു ബന്ധുവാം നീ
ചരാചരാധാരമതായതും നീ
ധരാധരാവാസനതായതും നീ. 52

മറസ്സുകത്തങ്ങു മറഞ്ഞതും നീ
മുരാരിയോടൊത്തു രമിച്ചതും നീ
ജഗത്രയം കാത്തു വരുന്നതും നീ
പുരത്രയം ചുട്ടുകരിച്ചതും നീ. 53

അനംഗനോടേറു·കയർത്തതും നീ
യനന്തരം ദേവിയെ വേട്ടതും നീ

സനാതനൻ നീ സകലേശ്വരൻ നീ
സമസ്തകല്യാണ ഗുണാശ്രയൻ നീ. 54

നമോസ്തുതേ ശങ്കര! വിശ്വമൂർത്തേ!
നമോസ്തുതേ ദീനദയാപയോധേ!
നമോസ്തു കാലാന്തക! ശൂലപാണേ!
മഹേശ! ഭൂതേശ! നമോ നമസ്തേ. 55

വലഞ്ഞു ഞാനെന്നറിയേണ, മുള്ളം
കനിഞ്ഞിടേണം കരുണാപയോധേ!
അറിഞ്ഞു ഞാനിന്നു ഭവന്നിയോഗം
വെടിഞ്ഞുവെന്നങ്ങു നിനച്ചിടൊല്ലേ." 56

കരഞ്ഞുകൊണ്ടേവമിരന്നു, കോപം
കുറഞ്ഞു ദേവന്റെ കൃപാകടാക്ഷം
ചൊരിഞ്ഞു പാകാരിയെ നോക്കി മന്ദം
പറഞ്ഞു മുലോകഹിതൈകതാനൻ. 57

"ത്വരം തികഞ്ഞീടിന കല്പകങ്ങൾ
പരക്കണം കേരളദേശമെല്ലാം
നിറഞ്ഞു ചേലാന്ന ഫലങ്ങളെന്നും
കുറഞ്ഞുപോകാതെ വിളഞ്ഞിടേണം. 58

പേരിന്നുമാറേണമതിന്നു, കേൾ; ഈ-
നാരിക്കു കേളിക്കുതകും വിധത്തിൽ
ചേരട്ടെ നന്നായൊരു 'നാരികേള'-
പ്പേരൊന്നു ഗീർവ്വാണർ പറഞ്ഞിടുമ്പോൾ. 59

ഭാഷക്കെല്ലാം വൎണ്ണവിപൎയ്യയത്താൽ
വേഷംപകൎന്നുള്ളൊരു 'നാളികേരം'
ദോഷപ്പെടാ കേരളഭാഷയിങ്കൽ
ഘോഷിച്ചിടും നൽസുരവാണിപോലെ. 60

വിരിഞ്ഞിടും ചൊട്ടപറിച്ചുവെച്ചു
നിരച്ചിടേണം പറയല്ലയാകിൽ
കുറിച്ച സൽക്കൎമ്മഫലത്തിനാക്കം
കുറഞ്ഞിടും കേരളഭൂമിയിങ്കൽ. 61

തണ്ടാരിൽമാതിൻെറ ഗൃഹപ്രവേശം
കൊണ്ടാടിടും കൎക്കടസംക്രമത്തിൽ
വണ്ടാർതൊഴും വേണികൾ ചൂല്കൊണ്ടു
കണ്ടേതരം ചേട്ടയെ യാട്ടിടേണം. 62

കുരുത്തിടുന്നോലവകഞ്ഞുകീറീ-
ട്ടരഞ്ഞു തൂക്കേണമറിഞ്ഞവണ്ണം
വിരിഞ്ഞിടും പട്ട മെടഞ്ഞുനന്നാ-
യ്പുരക്കു മേയാനുമൊരുങ്ങിടേണം. 63

പൊതുമ്പു, കോഞ്ഞാട്ട കുലഞ്ഞിലെന്ന-
ല്ലതിൽ ഗണിക്കുന്ന തരങ്ങളെല്ലാം
ശ്രുതിപ്പെടും കേരളവാസികൾക്കു
ഹിതത്തിനായ്ത്തീരുമൊരേ വിധത്തിൽ. 64

പരം പരപ്പെൺണ്ണിയൊടുക്കി നാളി-
കേരദ്രുമത്തിൻെറ ഗുണങ്ങളോതാൻ

ചുരുങ്ങിടുംമാറു പറഞ്ഞിടാം ഞാൻ
പരോപകാരാൎത്ഥമതിന്റെ ജന്മം." 65

ഗുരുതരഗിരമേവം തൂകിടും വാമദേവൻ
തിരുവടിയരുളപ്പാടേററു വാനോരശേഷം
ഒരുമയൊടുരുവേഗാലങ്ങുമിങ്ങും നടന്ന-
സ്സുരതരുനികരത്തെക്കേരളത്തിൽ പരത്തി. 66

അതുപൊഴുതതിമോദാലപ്സരസ്ത്രീകൾ വെള്ളി-
പ്പുതുകലമമൃതാക്കിക്കൊണ്ടുവന്നാരനേകം
അതുപഴയകപാലക്കൂട്ടിലാക്കി ത്രിലോകീ-
പതിസപദിപതിച്ചു മുദ്രയായ്മൂന്നുകണ്ണും. 67

തിരുമുടിജടകൊണ്ടങ്ങായതായാസമില്ലാ-
തൊരുവരുമണയാവല്ലെന്നു നന്നായ്വരിഞ്ഞു
ഗിരിമകളതുപച്ചപ്പട്ടിലാക്കിപ്പൊതിഞ്ഞി-
ട്ടുരുമയിൽ നിറുകപ്പൂവൊന്നു മേലേ പതിച്ചു. 68

ഹിമഗിരിമകളേവം മട്ടുകാട്ടുന്നകണ്ടി-
ട്ടമരതരുണിമാരും നല്ലചേലാഞ്ചലത്തെ
അമിതകുതുകമൎപ്പിച്ചാദരിക്കും ദശായാ-
മമൃതകലശമെല്ലാം നാളികേരങ്ങളായി. 69

ഹരിഹരസുതനയ്യനും ഗണേശൻ
തിരുവടി ഭൂതഗണേശനും തദാനീം
ഗിരിവരമകളും ഗിരീശനും ചേ-
ന്നരുളുമിടത്തിലടുത്തിതാൎത്തിയോടെ. 70

കരിവരവദനൻ കുതിച്ചു തുമ്പി-
ക്കരമതിൽ വാരിയെടുത്തു നാളികേരം
പരിജനപരിഷക്കു നൽകി വേട്ട-
ക്കൊരുമകനൊത്തു ഭുജിച്ചു വേണ്ടുവോളം. 71

അതുപൊഴുതവിടത്തിൽ നൃത്തവാദ്യ-
സ്തുതിബഹളങ്ങൾ തുടന്നു വാനവന്മാർ
ഇതിബഹുവിധഘോഷമൊത്തു ഗൌരീ-
പതിയൊടു പാൎവ്വതിയും മറഞ്ഞു മന്ദം. 72

UNIVERSITY LIBRARY
-5 OCT 1965
MADRAS
B308